# നേർപഥം

വാരിക

VOL NO: 07 I ISSUE 28
www.nerpatham.com
mail@nerpatham.com
2023 JULY 15 I ₹10



# ഏക വ്യക്തിനിയമവും ബഹുസ്വര സമൂഹവും

പതിവു പോലെ ഏകീകൃത സിവിൽകോഡ് വീണ്ടും ചൂടുപിടിച്ച ചർച്ചയ്ക്ക് വഴിവെച്ചിരിക്കുകയാണ്.
തിരഞ്ഞെടുപ്പുകളോടനുബന്ധിച്ച് നടക്കാറുള്ള 'പൊതുമിനിമ സാമുദായിക ധ്രുവീകരണ പരിപാടി'ക്കപ്പുറം പുതിയ മാനങ്ങളിലേക്ക് ഇപ്രാവശ്യം വിവാദം കൊഴുക്കുമെന്നാണ് മനസ്സിലാവുന്നത്. ഈ രാഷ്ട്രീയ ചതുരംഗപ്പലകയിൽ ശത്രുവാര്, മിത്രമാര് എന്ന് നിർവചിക്കുന്നിടത്ത് ഭൂതത്തിനെ കുടത്തിൽ നിന്ന് പുറത്തിറക്കിയവർക്ക് വരെ വ്യക്തമായ ധാരണയില്ലാത്ത വിധമാണ് കാര്യങ്ങൾ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്.

## നിർഭയ മാധ്യമ പ്രവർത്തനം അസാധ്യമോ?

|| അധ്യാപകരുടെ ചില വേവലാതികൾ

|| ആഴക്കടലിലെ ഇരുട്ടും നരകത്തിലെ ഇരുട്ടും

|| ക്ലാസ് മുറികളിലെ മതസ്വാതന്ത്ര്യവും ജസ്റ്റിസ് ധൂലിയയുടെ നിരീക്ഷണവും

നബിﷺയുടെ അനുചരന്മാരുടെ സഹചാരികളാണ് താബിഉകൾ. ഉത്തമ തലമുറയിൽപെട്ട മഹാന്മാരാണിവർ. ഇസ്‌ലാമിന് ഇവർ ചെയ്ത സേവനങ്ങൾ എണ്ണമറ്റതാണ്.

വിശ്വാസം, വിജ്ഞാനം, വിചാരം എന്നിവ സംഗമിക്കുന്ന അവരുടെ ചരിത്ര സ്മരണകൾ വിശ്വാസികൾക്ക് ഏറെ പുതുമയും ആത്മീയ ഉണർവും നൽകുമെന്നതിൽ സംശയമില്ല.

വ്യത്യസ്ത പദവികളിലുള്ള നൂറ്റിഏഴ് താബിഉകളുടെ ജീവിതത്തിന്റെ ഏടുകളാണ് ഈ കൃതിയുടെ ഉള്ളടക്കം. ഏറെ ആവേശവും അതിലേറെ കൗതുകവും നിറഞ്ഞതാണ് ഇതിലെ ഓരോ അധ്യായങ്ങളും. ചരിത്ര വിജ്ഞാനിയത്തിന്റെ ആഴം അറിഞ്ഞ പണ്ഡിതൻ അബ്ദുൽ ജബ്ബാർ മദീനിയുടെ കഠിന പ്രയത്നത്തിന്റെ അടയാളമാണിത്. മലയാളത്തിൽ ഇത്തരമൊന്ന് വേറെയില്ല.

## രണ്ട് വാല്യങ്ങൾ




**വില: ₹500+₹500=₹1000**

**ഇപ്പോൾ:**

**₹750**


WISDOM BOOKS

**PUBLISHING || DISTRIBUTION**
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

0338

# നേർപഥം
വാരിക

2023 ജൂലൈ 15
1444 ദുൽഹിജ്ജ 27
പുസ്തകം 07 / ലക്കം 28






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly





കവർ സ്റ്റോറി
10
## ഏക വ്യക്തിനിയമവും ബഹുസ്വര സമൂഹവും
സുഫ്‌യാൻ അബ്ദുസ്സലാം

മുഖമൊഴി
05
നിർഭയ മാധ്യമ പ്രവർത്തനം അസാധ്യമോ?

ലേഖനം
06
ആഴക്കടലിലെ ഇരുട്ടും നരകത്തിലെ ഇരുട്ടും
അബ്ദുൽ മാലിക് സലഫി

ലേഖനം
26
ക്ലാസ് മുറികളിലെ മതസ്വാതന്ത്ര്യവും ജസ്റ്റിസ് ധൂലിയയുടെ നിരീക്ഷണവും
സുഫ്‌യാൻ അബ്ദുസ്സലാം

ലേഖനം
18
ഉൽക്ക വീഴ്ചയും കറുത്ത മരണവും
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

വനിതാപഥം
30
വിലമതിക്കാനാവാത്ത മാതൃത്വം
ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

കാഴ്ച
24
അധ്യാപകരുടെ ചില വേവലാതികൾ
സലാം സുറുമ എടത്തനാട്ടുകര

ക്വുർആൻ ദർശനം
31
സൂറ: ഗാഫിർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

നിയമപഥം
25
കുറ്റസമ്മതമൊഴി
അബൂ ആദം അയ്മൻ

കവിത
34
അനുഗ്രഹങ്ങൾ
നിയാല സുബൈർ

# നാം ലക്ഷ്യം മറക്കുന്നുവോ?

ഈ ലോകം മനുഷ്യരുടെത് മാത്രമല്ല; മൃഗങ്ങളും പക്ഷികളും സൂക്ഷ്മ ജീവികളും സസ്യജാലങ്ങളുമൊക്കെയായി മനുഷ്യർക്ക് ക്ലിപ്തപ്പെടുത്താൻ കഴിയാത്തത്ര സൃഷ്ടികളുടെതുകൂടിയാണ്. ഓരോന്നിനും ആവാസവ്യവസ്ഥക്കനുസരിച്ചുള്ള അനുകൂലനങ്ങൾ സ്രഷ്ടാവ് നൽകിയിട്ടുണ്ട്.

ഈ ജീവജാലങ്ങൾക്കിടയിൽ വിശേഷബുദ്ധിയും ചിന്തിക്കാനുള്ള കഴിവും സംസാര ശേഷിയും നൽകപ്പട്ട ഏകസൃഷ്ടി മനുഷ്യനാണ്. അല്ലാഹു പ്രത്യേകമായ ചില കഴിവുകൾ നൽകി ആദരിച്ച സൃഷ്ടിയാണ് മനുഷ്യൻ. അല്ലാഹു പറയുന്നു:

"തീർച്ചയായും ആദം സന്തതികളെ നാം ആദരിക്കുകയും, കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും, വിശിഷ്ടമായ വസ്തുക്കളിൽനിന്ന് നാം അവർക്ക് ഉപജീവനം നൽകുകയും, നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു"(ക്വുർആൻ 17:70).

ഇങ്ങനെയുള്ള മനുഷ്യന്റെ ജീവിതലക്ഷ്യം എന്തായിരിക്കണം? ഇതര ജീവികളെ പോലെ അലക്ഷ്യമായി അൽപകാലം ജീവിച്ച് ഒടുങ്ങുവാനാണോ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്?

ഭൗതിക ലോകത്ത് പല ലക്ഷ്യങ്ങളും മനുഷ്യർക്കുണ്ട്. എംബിബിഎസിന് പഠിക്കുന്ന ഒരാളുടെ ലക്ഷ്യം പ്രശസ്തനായ ഒരു ഡോക്ടറാകണം, ലക്ഷങ്ങൾ വരുമാനം ലഭിക്കണം എന്നതായിരിക്കും. എഞ്ചിനീയറിങ്ങിന് പഠിക്കുന്നയാളുടെ ലക്ഷ്യം നല്ല ശമ്പളം ലഭിക്കുന്ന പ്രഗത്ഭനായ ഒരു എഞ്ചിനീയർ ആകണം എന്നായിരിക്കും. കച്ചവടക്കാരനും കൃഷിക്കാരനും കൂലിപ്പണിക്കാരനുമൊക്കെ അവരുടെതായ ചില ലക്ഷ്യങ്ങളുണ്ടായിരിക്കും. അതൊക്കെ നല്ലതുതന്നെ.

എന്നാൽ ജീവിതത്തിന്റെ ആത്യന്തികലക്ഷ്യം എന്തായിരിക്കണം? ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം അല്ലാഹുവിന്റെ തൃപ്തിക്ക് അർഹനായി പരലോകവിജയം നേടുക എന്നതായിരിക്കണം ആത്യന്തികലക്ഷ്യം. അതിനുവേണ്ടി എന്താണോ ചെയ്യേണ്ടത് അത് ചെയ്യുന്ന കാര്യത്തിൽ അമാന്തം കാണിച്ചുകൂടാ.

അതിനായി എന്തു ചെയ്യണമെന്ന് സ്വയം ആലോചിച്ച് കണ്ടെത്തേണ്ടതില്ല. അത് കാലാകാലങ്ങളിൽ തന്റെ ദൂതന്മാർ മുഖേന അല്ലാഹു മാനവരാശിയെ പഠിപ്പിച്ചിട്ടുണ്ട്.

"...എന്റെ പക്കൽനിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെ ആ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല" (ക്വുർആൻ 2:38).

സൽകർമകാരികളായ ദാസൻമാർക്കു വേണ്ടി അല്ലാഹു ഒരുക്കിവച്ചിരിക്കുന്ന സ്വർഗം നേടിയെടുക്കലും ദുഷ്കർമികൾക്ക് തയ്യാറാക്കിവച്ചിരിക്കുന്ന നരകത്തിൽനിന്ന് അകറ്റപ്പെടലുമായിരിക്കണം നമ്മുടെ ലക്ഷ്യം.

"ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽനിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല" (ക്വുർആൻ 3:185).

**- ഇബ്നു കബീർ മങ്കട**

*അൽഹിക്മ അറബിക് കോളേജ്, എടത്തനാട്ടുകര*

# നിർഭയ മാധ്യമ പ്രവർത്തനം അസാധ്യമോ?

വിദ്യാഭ്യാസം മുതൽ രാഷ്ട്രീയം വരെയുള്ള മണ്ഡലങ്ങളിൽ മതേതര, പുരോഗമന, ജനാധിപത്യ നിലപാടുകൾ പിന്തള്ളപ്പെടുകയും ശാസ്ത്രീയവും യുക്തിബദ്ധവുമായ കാഴ്ചപ്പാടുകൾ നിരാകരിക്കപ്പെടുകയും ചെയ്യുന്ന ഒരവസ്ഥ നമ്മുടെ രാജ്യത്ത് വ്യാപകമായിക്കഴിഞ്ഞു. മാധ്യമങ്ങൾ ഇതിനൊപ്പമാണ് പൊതുവെ നിലയുറപ്പിച്ചിട്ടുള്ളത്. പൊതുസമൂഹത്തിൽ രൂപംകൊള്ളുന്ന ന്യൂനപക്ഷവിരുദ്ധ സമീപനങ്ങൾക്കു മേൽക്കൈ ലഭിക്കുംവിധം അവ തങ്ങളുടെ നിലപാടുകൾ രൂപപ്പെടുത്തുന്നു.


വംശീയത, മതവിദ്വേഷം, ജാതിവാദം തുടങ്ങിയവയൊക്കെ പലനിലകളിൽ ഊട്ടിയുറപ്പിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളോട് മാധ്യമങ്ങൾ സ്വീകരിക്കുന്ന സമീപനം പലപ്പോഴും അത്രമേൽ വിമർശനാത്മകമാകാറില്ല എന്നതാണ് വസ്തുത. 'മൃദുവർഗീയത' എന്ന ഒന്ന് പൊതുവിൽ സ്വീകാര്യമായിക്കഴിഞ്ഞിരിക്കുന്നു! ന്യൂനപക്ഷ, മത, ജാതിവിവേചനങ്ങളുടെ സ്വരം മാധ്യമങ്ങളിൽ നേരിട്ടും അല്ലാതെയും മുഴങ്ങാറുണ്ട് എന്നതാണ് വസ്തുത.

ബഹുജനമാധ്യമങ്ങളുടെ അടിസ്ഥാനസ്വഭാവങ്ങളിലൊന്ന് ഭരണകൂട വിമർശനമായിരുന്നു. അതുകൊണ്ടുതന്നെ പലനിലകളിലുള്ള മാധ്യമ നിയന്ത്രണനിയമങ്ങൾ സർക്കാരുകൾ കാലാകാലങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. ചില ഭരണകൂടങ്ങൾ സ്വതന്ത്ര മാധ്യമപ്രവർത്തനംതന്നെ നിരോധിച്ച ചരിത്രമുണ്ട്. റേഡിയോ മാത്രമാണ് ഇതിൽനിന്നു ഭിന്നമായത്. കാരണം ഭരണകൂട ഉടമസ്ഥതയിലായിരുന്നു അതു നിലനിന്നത്. ദൃശ്യമാധ്യമങ്ങളും അച്ചടിമാധ്യമങ്ങളും പല ഘട്ടങ്ങളിലും ഭരണകൂടത്തിന്റെ ചട്ടുകമായും ചിലപ്പോഴൊക്കെ ചാട്ടവാറായും പ്രവർത്തിച്ച ചരിത്രം നമുക്കുണ്ട്.

നവമാധ്യമങ്ങൾ കുറെക്കൂടി സ്വതന്ത്രവും ജനാധിപത്യപരവും ഭരണകൂടനിയന്ത്രണത്തിൽനിന്നു മുക്തവുമാണ്. അതേസമയം 'സ്വകാര്യതയുടെ അന്ത്യം' എന്നുപോലും വിശേഷിപ്പിക്കാവുന്നവിധം നവമാധ്യമങ്ങളിൽ ഭരണകൂട ഇടപെടൽ ശക്തമാകുന്നതിനെക്കുറിച്ച് ആശങ്കപ്പെടേണ്ടിയിരിക്കുന്നു. അടിസ്ഥാനപരമായി ജനാധിപത്യത്തിന്റെ കാവലാളുകളാകേണ്ട മാധ്യമങ്ങൾക്ക് അതിനു കഴിയാതെവരുന്നതിന്റെ മുഖ്യകാരണം ഭരണകൂട ഇടപെടലും നിയന്ത്രണവും തന്നെയാണ്.

ബഹുജനമാധ്യമങ്ങളുടെ വർത്തമാനകാലം നമ്മെ ഭീതിപ്പെടുത്തുന്നതിന്റെ മുഖ്യ കാരണങ്ങളിലൊന്ന് ഈ രംഗം കയ്യടക്കിക്കഴിഞ്ഞ നിഗൂഢമായ നിക്ഷേപങ്ങളാണ്. പരമ്പരാഗതമായി പത്രങ്ങൾക്ക് ഇത്തരമൊരു അവസ്ഥയുണ്ടായിരുന്നില്ല. ചില കുടുംബങ്ങളോ, ട്രസ്റ്റുകളോ, സംഘടനകളോ ഒക്കെ നിയന്ത്രിച്ചിരുന്നവയാണ് പത്രങ്ങൾ. എന്നാൽ ടെലിവിഷൻ രംഗം അങ്ങനെയല്ല. ഡസൻ കണക്കിന് ചാനലുകളുണ്ട് മലയാളത്തിൽ തന്നെ. തൊണ്ണൂറു ശതമാനം ചാനലുകളുടെയും ഉടമസ്ഥത, നിക്ഷേപം, മൂലധനം തുടങ്ങിയവയൊക്കെ നിഗൂഢമാണ് എന്ന് പറയപ്പെടുന്നു. അപ്പോൾ സ്വാഭാവികമായും സാമ്പത്തിക ലാഭം മാത്രമല്ല ഇത്തരം സ്ഥാപനങ്ങളുടെ ലക്ഷ്യം എന്നുവരുന്നു. ഭരണകൂടത്തെ സ്വാധീനിക്കുക, സ്വകാര്യവത്കരണം നടപ്പാക്കുക, പൊതുസമൂഹത്തിന്റെ നയസമീപനങ്ങളെ സ്വാധീനിക്കുകയും പരുവപ്പെടുത്തുകയും ചെയ്യുക, മുതലാളിത്ത, മതാത്മക, സാമ്രാജ്യത്ത അജണ്ടകൾക്കു പ്രാമാണ്യം നേടിക്കൊടുക്കുക തുടങ്ങിയ; തരാതരം പോലെ മാറിമറിയുന്ന സ്വകാര്യതാൽപര്യങ്ങളുടെ മണ്ഡലമായി മാധ്യമങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്.

സ്വതന്ത്രവും നിർഭയവുമായ മാധ്യമപ്രവർത്തനം ഇനിമേൽ അത്ര എളുപ്പമാകാൻ തരമില്ല. ഭീഷണിയായും പ്രലോഭനമായും ഭരണകൂടങ്ങൾ പ്രവർത്തിക്കുമ്പോൾ സത്യത്തിനും നീതിക്കും ധർമത്തിനുമൊപ്പം നിലകൊള്ളുക എന്നത് ദുഷ്കരം തന്നെയാണ്. നവ-സാമൂഹ്യമാധ്യമങ്ങളില്ലായിരുന്നുവെങ്കിൽ എത്രയോ സത്യങ്ങൾ ഇതിനകം കുഴിച്ചുമൂടപ്പെടുമായിരുന്നു. എന്നാൽ മറുനാടൻ, കാസ, കർമ ന്യൂസ് പോലുള്ള വർഗീയതയുടെ പ്രചാരകർക്ക് മൂക്കുകയറിടുക തന്നെ വേണം. മാധ്യമ പ്രവർത്തനത്തെ എന്തിനും ലൈസൻസുള്ള ഒന്നായി കാണുന്നതും ആപത്താണ്. ■



# ആഴക്കടലിലെ ഇരുട്ടും നരകത്തിലെ ഇരുട്ടും

**അബ്ദുൽ മാലിക് സലഫി**

: 96565 30656

ടൈറ്റാനിക് കപ്പലിന്റെ അവശിഷ്ടങ്ങൾ കാണാൻ ടൈറ്റൻ എന്ന സമുദ്ര പേടകത്തിൽ യാത്രതിരിച്ച അഞ്ചുപേർ കടലിനടിയിൽവച്ച് ആ പേടകം പൊട്ടിത്തെറിച്ച് മരണപ്പെട്ട വാർത്തയാണ് കഴിഞ്ഞ മാസം മാധ്യമങ്ങൾ ഏറെ ചർച്ച നടത്തിയത്.

ഭൂമിയുടെ എഴുപത് ശതമാനമുള്ള കടലിലെ അത്ഭുതങ്ങൾ ഇന്നും മനുഷ്യനു മുന്നിൽ അജ്ഞാതമായിത്തന്നെ തുടരുന്നു.

വിരലിലെണ്ണാവുന്ന കിലോമീറ്ററുകൾ മാത്രമെ കടലിനടിയിലേക്ക് മനുഷ്യൻ എത്തിയിട്ടുള്ളൂ. അതു തന്നെയും ഏറെ കാലത്തെ പരിശ്രമത്തിനുശേഷം. കടലിന്റെ ആഴവും അതിനടിയിലെ ഇരുട്ടും മനുഷ്യർക്ക് ഇന്നും വലിയ വെല്ലുവിളിയാണെന്നർഥം! കടലിനടിയിൽ അനുഭവപ്പെടുന്ന ശക്തമായ സമ്മർദം പരീക്ഷണങ്ങൾക്കു മുന്നിൽ വലിയ പ്രതിസന്ധിയാണ്!

മനുഷ്യർ കണ്ടിട്ടില്ലാത്ത ജീവികൾ, ഗർത്തങ്ങൾ, പർവതങ്ങൾ, ചുഴികൾ... അങ്ങനെ പലതും കടലിനടിയിൽ ഉണ്ടത്രെ!

മനുഷ്യൻ പോലും നുരുമ്പിപ്പോകുന്ന തരത്തിലുള്ള സമ്മർദത്തെ അതിജീവിക്കാൻ പാകത്തിലുള്ള ജീവികളാണ് കടലിനടിയിലുള്ളത്! എല്ലാം മഹാത്ഭുതങ്ങൾ! മനുഷ്യൻ വസിക്കുന്ന ഭൂമിയിൽ അല്ലാഹു സംവിധാനിച്ചതാണിതൊക്കെ!

അഹങ്കാര സ്വരത്തോടെ കടലിൽ ഇറങ്ങിയവരെ ആഴ്ത്തിക്കളഞ്ഞ ചരിത്രവും കടലിന് പറയാനുണ്ട്. ഫിർഔനും കൂട്ടരും അതിനുദാഹരണമാണ്.

ഒരിക്കലും മുങ്ങില്ല എന്ന ഗമയോടെ യാത്രതിരിച്ച ആർഎംഎസ് ഒളിമ്പിക്, ആർഎംഎസ് ടൈറ്റാനിക്, എച്ച്എംഎച്ച്എസ് ബ്രിട്ടാനിക് എന്നീ പടുകൂറ്റൻ ആഡംബര കപ്പലുകൾ ഇന്ന് കടലിനടിയിലാണ്.

മനുഷ്യചരിത്രത്തിലെ ഏറ്റവും വലിയ സമുദ്ര ദുരന്തങ്ങളാണ് ഈ 'അഹങ്കാര' കപ്പലുകളുടെ അന്ത്യം!

ഇന്ന് മനുഷ്യർക്ക് ഏറ്റവും സുപരിചിതമായ അഞ്ച് പദങ്ങളിൽ ഒന്ന് 'ടൈറ്റാനിക്' ആണത്രെ! അതെ, കടൽ മനുഷ്യന് നൽകുന്നത് ശക്തമായ സന്ദേശം തന്നെ! സ്രഷ്ടാവിന്റെ ശക്തിയും മനുഷ്യന്റെ ദുർബലതയും കടൽ അറിയിക്കുന്നുണ്ട്.

### കടലിനടിയിലെ ഇരുട്ട്

മനുഷ്യർ സമുദ്രശാസ്ത്രം പഠിച്ചുതുടങ്ങുന്നതിനു മുമ്പുതന്നെ, സമുദ്രാന്തർഭാഗത്തെ ഇരുട്ടിനെ കുറിച്ചും ഭീകരതയെ കുറിച്ചും ക്വുർആൻ വെളിപ്പെടുത്തിയിട്ടുണ്ട്!

ആകാശഭൂമികളെയും ഭൂമിയി

ലെ സമുദ്രങ്ങളെയും സംവിധാനിച്ച അല്ലാഹുവിൽനിന്നുള്ളതാണ് ക്വുർആൻ എന്നത് വെളിവാക്കുന്ന ശക്തമായ തെളിവാണിത്. സത്യനിഷേധികളുടെ പ്രവർത്തനങ്ങളെ കുറിച്ച് അല്ലാഹു പറയുന്നു:

“അല്ലെങ്കിൽ ആഴക്കടലിലെ ഇരുട്ടുകൾ പോലെയാകുന്നു (അവരുടെ പ്രവർത്തനങ്ങളുടെ ഉപമ). തിരമാല അതിനെ പൊതിയുന്നു. അതിനുമീതെ വീണ്ടും തിരമാല. അതിനുമീതെ കാർമേഘം. അങ്ങനെ ഒന്നിനു മീതെ മറ്റൊന്നായി അനേകം ഇരുട്ടുകൾ. അവന്റെ കൈ എടുത്താൽ അതുപോലും അവൻ കാണുമാറാകില്ല. അല്ലാഹു ആർക്ക് പ്രകാശം നൽകിയിട്ടില്ലയോ അവന്ന് യാതൊരു പ്രകാശവുമില്ല” (ക്വുർആൻ 24:40).

ഈ ആയത്തിൽനിന്ന് ഗ്രഹിക്കാവുന്ന കാര്യങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

1. കടലിന് അഗാധമായ ആഴമുണ്ട്.
2. ആഴക്കടലിൽ കൊടും ഇരുട്ടാണ്.
3. സ്വശരീരം തന്നെ ദൃശ്യയോഗ്യമല്ലാത്ത ഇരുട്ടാണ് കടലിനടിയിൽ.
4. ഇത്തരം ഇരുട്ടുകളിൽനിന്ന് രക്ഷപ്പെടുത്തുന്നവൻ അല്ലാഹു മാത്രമാണ്.
5. സത്യനിഷേധികളുടെ പ്രവർത്തനങ്ങൾ ഇതിന് സമാനമാണ്. അവരുടെ പ്രവർത്തനങ്ങൾ അവർക്കുതന്നെ വെളിച്ചമേകില്ല. ശിർക്കിന്റെ ഇരുട്ട് കടലിലെ അന്ധകാരങ്ങൾക്ക് സമാനമാണ്. അതിൽ അകപ്പെട്ടവനെ രക്ഷിക്കാൻ അല്ലാഹുവിനല്ലാതെ കഴിയില്ല!

**നരകത്തിന്റെ ആഴവും ഇരുട്ടും**

സ്രഷ്ടാവിന്റെ കൽപനകൾ ധിക്കരിക്കുന്നവർക്കുള്ളതാണ് നരകം. അതിഭീകരമാണ് അതിന്റെ ആഴം! മനുഷ്യർക്ക് ഭൂമിയിൽ ഇന്ന് സഞ്ചരിക്കാൻ കഴിഞ്ഞ ആഴം ഏറെ പരിമിതമാണ്. അതേസമയം നമ്മുടെ കണക്കുകൂട്ടലുകൾക്കെല്ലാം അപ്പുറത്താണ് നരകത്തിന്റെ ആഴം!

നബി(സ്വ) പറഞ്ഞു:


“ഒരു ഭീമൻ കല്ല് നരകത്തിന്റെ ചാരത്തുനിന്ന് ഇട്ടാൽ 70 വർഷം സഞ്ചരിച്ചാലും അത് അടിയിലെത്തുകയില്ല!”(സ്വഹീഹു തർഗീബ്: 3671).

നോക്കൂ! എത്രയാണതിന്റെ ആഴം! ഒരു ഭീമൻ കല്ല് എത്ര വേഗതയിൽ സഞ്ചരിക്കും! എന്നിട്ടും 70 വർഷം കഴിഞ്ഞാലും അതിന്റെ അടിത്തട്ടിലെത്തുന്നില്ല എന്നാണെങ്കിൽ അതിന്റെ ആഴത്തെ കുറിച്ച് അല്ലാഹുവിനല്ലാതെ അറിയില്ല!

നരകാഗ്നിയുടെ ആഴങ്ങളിൽ ആരാണ് രക്ഷക്കെത്തുക? ആർക്കും സാധ്യമല്ല. ഭൂമിയിലെ ആഴങ്ങളിൽതന്നെ മനുഷ്യർക്ക് തങ്ങളുടെ സമാനരെ രക്ഷിക്കാൻ കഴിഞ്ഞിട്ടില്ല!

സമ്പത്തിന്റെ മടിത്തട്ടിൽ പിറന്നവരായിരുന്നിട്ടും സാങ്കേതിക വിദ്യകൾ അഭ്യസിച്ചവരായിരുന്നിട്ടും അഞ്ചുപേരാണ് ടൈറ്റൻ ദുരന്തത്തിൽ മരിച്ചത്! മനുഷ്യർ ഭൂമിയിൽതന്നെ നിസ്സഹായരാവുന്ന രംഗം! എന്നിരിക്കെ നരഗാഗ്നിയുടെ ആഴത്തിൽ ആര് രക്ഷിക്കാനെത്തും? ആരുമില്ല! ആഴമേറിയ നരകത്തിന്റെ അടിത്തട്ടിൽ വസിക്കാൻ വിധിക്കപ്പെടുന്നവരുടെ അവസ്ഥ എത്രമാത്രം ഭീകരമായിരിക്കും!

**സമ്പത്തിന്റെ മടിത്തട്ടിൽ പിറന്നവരായിരുന്നിട്ടും സാങ്കേതിക വിദ്യകൾ അഭ്യസിച്ചവരായിരുന്നിട്ടും അഞ്ചുപേരാണ് ടൈറ്റൻ ദുരന്തത്തിൽ മരിച്ചത്! മനുഷ്യർ ഭൂമിയിൽതന്നെ നിസ്സഹായരാവുന്ന രംഗം! എന്നിരിക്കെ നരഗാഗ്നിയുടെ ആഴത്തിൽ ആര് രക്ഷിക്കാനെത്തും! ആരുമില്ല! ആഴമേറിയ നരകത്തിന്റെ അടിത്തട്ടിൽ വസിക്കാൻ വിധിക്കപ്പെടുന്നവരുടെ അവസ്ഥ എത്രമാത്രം ഭീകരമായിരിക്കും! ആഴത്തെക്കാൾ ഭീകരമാണ് നരകത്തിലെ കട്ടപിടിച്ച ഇരുട്ട്. ഇഹലോകത്തെ തീയിന് ചൂടിനൊപ്പം വെളിച്ചവും ഉണ്ടാവും. എന്നാൽ നരകത്തിലെ അഗ്നിക്ക് ഇഹലോകത്തെ ചൂടിനെക്കാൾ 69 ഇരട്ടി ചൂടുണ്ടാവും എന്നതാണ് പ്രാമാണങ്ങൾ നൽക്കുന്ന അറിവ്. അതിന്റെ അഗ്നിയാവട്ടെ ടാറിനെക്കാൾ കറുത്തതായിരിക്കും! അഥവാ, ഒരു തുള്ളി പ്രകാശം പുറത്ത് വിടാത്ത അവസ്ഥ!**





ആഴത്തെക്കാൾ ഭീകരമാണ് നരകത്തിലെ കട്ടപിടിച്ച ഇരുട്ട്. ഇഹലോകത്തെ തീയിന് ചൂടിനൊപ്പം വെളിച്ചവും ഉണ്ടാവും. എന്നാൽ നരകത്തിലെ അഗ്നിക്ക് ഇഹലോകത്തെ ചൂടിനെക്കാൾ 69 ഇരട്ടി ചൂടുണ്ടാവും എന്നതാണ് പ്രാമാണങ്ങൾ നൽകുന്ന അറിവ്.

അതിന്റെ അഗ്നിയാവട്ടെ ടാറിനെക്കാൾ കറുത്തതായിരിക്കും! അഥവാ, ഒരു തുള്ളി പ്രകാശം പുറത്ത് വിടാത്ത അവസ്ഥ!

നബി(സ്വ) പറഞ്ഞു: "നരകത്തിലെ തീ നിങ്ങളുടെ ഈ തീ പോലെയാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അത് ടാറിനെക്കാൾ കറുത്ത തീ ആയിരിക്കും!" (സ്വഹീഹുത്തർഗീബ്: 3666).

നോക്കൂ! ടാർ എത്രമാത്രം കറുത്തതാണെന്ന് നമുക്കറിയാം. അതിനെക്കാൾ കറുത്തതായിരിക്കും നരകത്തീ എന്നാണ് നബി(സ്വ) പഠിപ്പിക്കുന്നത്! എന്തുമാത്രം ഇരുട്ടായിരിക്കും നരകത്തിലുണ്ടാവുക എന്നത് ഇതിൽനിന്നു വ്യക്തമാണ്.

പ്രകാശത്തിന്റെ കണികപോലും പുറത്ത് വരാത്ത കൂരിരുട്ടുള്ളതും അസഹനീയമായ ചൂടുള്ളതും ആഴമേറിയതുമായ നരകം! എന്തൊരു ഭയാനക ലോകം! 'നരകം, എത്ര മോശമായ സങ്കേതം' എന്ന് അല്ലാഹു ആവർത്തിച്ച് പറഞ്ഞിട്ടുള്ളത് വെറുതെയല്ല.

ആഴക്കടലിന്റെ അഗാധതയിൽ ഒറ്റപ്പെട്ട ഒരാളുടെ അവസ്ഥ ഒന്നാലോചിച്ചു നോക്കൂ! ചുറ്റും കൂരിരുട്ട്! ശബ്ദിക്കാൻ പോലും കഴിയാത്ത അവസ്ഥ! ഭീകരജീവികൾ! കൊടും സമ്മർദവും തണുപ്പും! അയാളനുഭവിക്കുന്ന പ്രയാസങ്ങൾ അസംഖ്യവും അതിഭീകരവുമാണ്.

ഒരു പക്ഷേ, ചിലപ്പോൾ മനുഷ്യന്റെ ഭൗതിക സംവിധാനങ്ങളിലൂടെ അവന് രക്ഷപ്പെടാനായേക്കും. എന്നാൽ, നരകമോ? ഒരാൾക്കും രക്ഷപ്പെടാൻ കഴിയാത്ത, ഭീകരതയുടെ പര്യായം! അവൻ അട്ടഹസിക്കും! പക്ഷേ, ആര് കേൾക്കാൻ! ഭീകര ജീവികളാണ് നരകത്തിലുള്ളത്. അവിടെ ആരും തുണയുണ്ടാവില്ല! മരിക്കുമെന്നോ രക്ഷപ്പെടുമെന്നോ ഉള്ള പ്രതീക്ഷയും ഇല്ല.

അല്ലാഹു പറയുന്നു: "ആകയാൽ ഇന്ന് അവർ അവിടെ നിന്ന് പുറത്തയക്കപ്പെടുന്നതല്ല" (ക്വുർആൻ 46: 35).

"അവിശ്വസിച്ചവരാരോ അവർക്കാണ് നരകാഗ്നി. അവരുടെ മേൽ (മരണം) വിധിക്കപ്പെടുന്നതല്ല. എങ്കിൽ അവർക്ക് മരിക്കാമായിരുന്നു. അതിലെ ശിക്ഷയിൽനിന്ന് ഒട്ടും അവർക്ക് ഇളവുചെയ്യപ്പെടുകയുമില്ല.

**ആഴക്കടലിന്റെ അഗാധതയിൽ ഒറ്റപ്പെട്ട ഒരാളുടെ അവസ്ഥ ഒന്നാലോചിച്ചു നോക്കൂ! ചുറ്റും കൂരിരുട്ട്! ശബ്ദിക്കാൻ പോലും കഴിയാത്ത അവസ്ഥ! ഭീകരജീവികൾ! കൊടും സമ്മർദവും തണുപ്പും! അയാളനുഭവിക്കുന്ന പ്രയാസങ്ങൾ അസംഖ്യവും അതിഭീകരവുമാണ്. ഒരു പക്ഷേ, ചിലപ്പോൾ മനുഷ്യന്റെ ഭൗതിക സംവിധാനങ്ങളിലൂടെ അവന് രക്ഷപ്പെടാനായേക്കും. എന്നാൽ, നരകമോ? ഒരാൾക്കും രക്ഷപ്പെടാൻ കഴിയാത്ത, ഭീകരതയുടെ പര്യായം! അവൻ അട്ടഹസിക്കും! പക്ഷേ, ആര് കേൾക്കാൻ! ഭീകര ജീവികളാണ് നരകത്തിലുള്ളത്. അവിടെ ആരും തുണയുണ്ടാവില്ല! മരിക്കുമെന്നോ രക്ഷപ്പെടുമെന്നോ ഉള്ള പ്രതീക്ഷയും ഇല്ല.**

അപ്രകാരം എല്ലാ നന്ദികെട്ടവർക്കും നാം പ്രതിഫലം നൽകുന്നു. അവർ അവിടെവെച്ച് മുറവിളികൂട്ടും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ പുറത്തയക്കണമേ. (മുമ്പ്) ചെയ്തിരുന്നതിൽനിന്ന് വ്യത്യസ്തമായി ഞങ്ങൾ സൽകർമം ചെയ്തുകൊള്ളാം. (അപ്പോൾ നാം പറയും:) ആലോചിക്കുന്നവന് ആലോചിക്കാൻ മാത്രം നിങ്ങൾക്ക് നാം ആയുസ്സ് തന്നില്ലേ? താക്കീതുകാരൻ നിങ്ങളുടെ അടുത്ത് വരികയും ചെയ്തു. അതിനാൽ നിങ്ങൾ അനുഭവിച്ചുകൊള്ളുക. അക്രമികൾക്ക് യാതൊരു സഹായിയുമില്ല" (35:36, 37).

കടലിനടിയിൽനിന്ന് അല്ലാഹു ഉദ്ദേശിച്ചവരെ അവൻ രക്ഷപ്പെടുത്തിയിട്ടുണ്ട്. യൂനുസ് നബി(അ) ഉദാഹരണം. ഭീമൻ മത്സ്യത്തിന്റെ ഉള്ളിൽ അകപ്പെട്ട് ആഴിയുടെ അന്ധകാരത്തിലാണ് അദ്ദേഹം ചെന്നുപെട്ടത്. ഇരുട്ടിനു മേൽ ഇരുട്ടുള്ള സ്ഥലം! ആ കൂരിരുട്ടുകളിൽ വെച്ചാണ് അദ്ദേഹം ഇപ്രകാരം പ്രാർഥിക്കുന്നത്:

"അനന്തരം ഇരുട്ടുകൾക്കുള്ളിൽനിന്ന് അദ്ദേഹം വിളിച്ചുപറഞ്ഞു: നീയല്ലാതെ യാതൊരു ആരാധനക്കർഹനുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു" (21: 87).

അല്ലാഹു ആ വിളി കേട്ടു! അവൻ മാത്രമെ അത് കേൾക്കൂ! അവൻ രക്ഷിക്കുകയും ചെയ്തു:

"അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും ദുഃഖത്തിൽനിന്ന് അദ്ദേഹത്തെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. സത്യവിശ്വാസികളെ അപ്രകാരം നാം രക്ഷിക്കുന്നു" (21:88).

റബ്ബിനോട് എപ്പോൾ പ്രാർഥിച്ചാലും അനുദ്ദേശിക്കുന്ന സമയത്ത് ഉത്തരമുണ്ട്! പടപ്പുകളോടാണെങ്കിൽ ഉത്തരം കിട്ടില്ല എന്നു മാത്രമല്ല അതിനെക്കാൾ ഇരുട്ടിലേക്കാണവൻ ചെന്ന് ചാടുക!

ആഴക്കടലിൽവച്ചും പടപ്പുകളെ വിളിച്ച് തേടാൻ പഠിപ്പിക്കുന്ന പുരോഹിതർ ജീവിക്കുന്ന നാടാണ് നമ്മുടേത് എന്നത് ഏറെ കൗതുകമുണർത്തുന്ന കാര്യം തന്നെ! വായ പൂടുന്നതിന് മുമ്പ് പടപ്പുകളോടുള്ള തേട്ടങ്ങൾക്ക് ഉത്തരം കിട്ടും എന്നാണിവർ പഠിപ്പിക്കുന്നത്! വല്ലാത്ത അവസ്ഥ തന്നെ!

അല്ലാഹു പറയുന്നു: "പറയുക: 'ഇതിൽനിന്ന് (ഈ വിപത്തുകളിൽ നിന്ന്) അല്ലാഹു ഞങ്ങളെ രക്ഷപ്പെടുത്തുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾ നന്ദിയുള്ളവരുടെ കൂട്ടത്തിൽ ആയിക്കൊള്ളാം' എന്ന് പറഞ്ഞുകൊണ്ട് അവനോട് നിങ്ങൾ താഴ്മയോടെയും രഹസ്യമായും പ്രാർഥിക്കുന്ന സമയത്ത് കരയിലെയും കടലിലെയും അന്ധകാരങ്ങളിൽനിന്ന് നിങ്ങളെ രക്ഷിക്കുന്നത് ആരാണ്?"(6:63).

കടലിലെ അന്ധകാരങ്ങളിൽനിന്ന് രക്ഷിക്കാൻ റബ്ബിനല്ലാതെ കഴിയില്ല. അവൻതന്നെയാണ് നരകത്തിന്റെ അന്ധകാരങ്ങളിൽനിന്നും മനുഷ്യരെ രക്ഷിക്കാൻ കഴിയുന്നവൻ.

കബ്റിലെ ഇരുട്ടിലും വെളിച്ചം നൽകുന്നവൻ അവൻ മാത്രമാണ്. അവൻ ആകാശഭൂമികളുടെ വെളിച്ചമാണ്. അല്ലാഹു പറയുന്നു:

"അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശമാകുന്നു. അവന്റെ പ്രകാശത്തിന്റെ ഉപമയിതാ: (ചുമരിൽ വിളക്ക് വെക്കാനുള്ള) ഒരു മാടം. അതിൽ ഒരു വിളക്ക്. വിളക്ക് ഒരു സ്ഫടികത്തിനകത്ത്. സ്ഫടികം ഒരു ജ്വലിക്കുന്ന നക്ഷത്രം പോലെയിരിക്കുന്നു. അനുഗൃഹീതമായ ഒരു വൃക്ഷത്തിൽനിന്നാണ് അതിന് (വിളക്കിന്) ഇന്ധനം നൽകപ്പെടുന്നത്. അതായത് കിഴക്ക് ഭാഗത്തുള്ളതോ പടിഞ്ഞാറ് ഭാഗത്തുള്ളതോ അല്ലാത്ത ഒലീവ് വൃക്ഷത്തിൽനിന്ന്. അതിന്റെ എണ്ണ തീ തട്ടിയില്ലെങ്കിൽ പോലും പ്രകാശിക്കുമാറാകുന്നു. (അങ്ങനെ) പ്രകാശത്തിൻ മേൽ പ്രകാശം. അല്ലാഹു തന്റെ പ്രകാശത്തിലേക്ക് താൻ ഉദ്ദേശിക്കുന്നവരെ നയിക്കുന്നു. അല്ലാഹു ജനങ്ങൾക്ക് വേണ്ടി ഉപമകൾ വിവരിച്ചുകൊടുക്കുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനത്രെ" (24:35).

**കടലിലെ അന്ധകാരങ്ങളിൽനിന്ന് രക്ഷിക്കാൻ റബ്ബിനല്ലാതെ കഴിയില്ല. അവൻതന്നെയാണ് നരകത്തിന്റെ അന്ധകാരങ്ങളിൽനിന്നും മനുഷ്യരെ രക്ഷിക്കാൻ കഴിയുന്നവൻ. കബ്റിലെ ഇരുട്ടിലും വെളിച്ചം നൽകുന്നവൻ അവൻ മാത്രമാണ്. അവൻ ആകാശഭൂമികളുടെ വെളിച്ചമാണ്. കടലിൽ ഇരുട്ടുണ്ട് എന്ന് പഠിപ്പിച്ച പ്രമാണങ്ങളാണ് നരകത്തെ കുറിച്ചും സംസാരിക്കുന്നത്. ആദ്യത്തെത് സത്യമാണെന്ന് നമുക്ക് ബോധ്യമായി. ആ ബോധ്യം നരകത്തിന്റെ വിഷയത്തിലും ഉണ്ടാകേണ്ടതുണ്ട്. ആ ബോധ്യം കിട്ടിയവനാണ് 'അന്ധകാരങ്ങളിൽ'നിന്ന് അൽപമെങ്കിലും വെളിച്ചം കിട്ടിയവൻ!**

കടലിൽ ഇരുട്ടുണ്ട് എന്ന് പഠിപ്പിച്ച പ്രമാണങ്ങളാണ് നരകത്തെ കുറിച്ചും സംസാരിക്കുന്നത്. ആദ്യത്തെത് സത്യമാണെന്ന് നമുക്ക് ബോധ്യമായി. ആ ബോധ്യം നരകത്തിന്റെ വിഷയത്തിലും ഉണ്ടാകേണ്ടതുണ്ട്. അല്ലാഹു പറഞ്ഞതെല്ലാം സത്യമാണ്

"അല്ലാഹുവിനെക്കാൾ സത്യസന്ധമായി വിവരം നൽകുന്നവൻ ആരുണ്ട്?"(4:87) ആ ബോധ്യം കിട്ടിയവനാണ് 'അന്ധകാരങ്ങളിൽ'നിന്ന് അൽപമെങ്കിലും വെളിച്ചം കിട്ടിയവൻ!

# ഏക വ്യക്തിനിയമവും ബഹുസ്വര സമൂഹവും

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

**പതിവു പോലെ ഏകീകൃത സിവിൽകോഡ് വീണ്ടും ചൂടുപിടിച്ച ചർച്ചയ്ക്ക് വഴിവെച്ചിരിക്കുകയാണ്. തിരഞ്ഞെടുപ്പുകളോടനുബന്ധിച്ച് നടക്കാറുള്ള 'പൊതുമിനിമ സാമുദായിക ധ്രുവീകരണ പരിപാടി'ക്കപ്പുറം പുതിയ മാനങ്ങളിലേക്ക് ഇപ്രാവശ്യം വിവാദം കൊഴുക്കുമെന്നാണ് മനസ്സിലാവുന്നത്. ഈ രാഷ്ട്രീയ ചതുരംഗപ്പലകയിൽ ശത്രുവാര്, മിത്രമാര് എന്ന് നിർവചിക്കുന്നിടത്ത് ഭൂതത്തിനെ കുടത്തിൽ നിന്ന് പുറത്തിറക്കിയവർക്ക് വരെ വ്യക്തമായ ധാരണയില്ലാത്ത വിധമാണ് കാര്യങ്ങൾ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്.**

പ്രധാനമന്ത്രി നരേന്ദ്രമോദി മധ്യപ്രദേശിൽ ബി.ജെ.പി പ്രവർത്തകരെ അഭിസംബോധന ചെയ്തുകൊണ്ട് ഏകീകൃത സിവിൽ കോഡിനെ സംബന്ധിച്ച് സംസാരിച്ചതോടെ രാജ്യത്ത് വീണ്ടും അത് ചൂടേറിയ ചർച്ചകൾക്ക് കാരണമായിരിക്കുകയാണ്. വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ മുമ്പെങ്ങുമില്ലാത്ത വിധം പ്രതിപക്ഷ കക്ഷികൾ ബി.ജെ.പിക്കെതിരെ ഒന്നിച്ചു നിൽക്കുന്ന അവസ്ഥയിൽ പ്രതിപക്ഷത്തെയും മതനിരപേക്ഷ സമൂഹത്തെയും ഭിന്നിപ്പിക്കാൻ ഇതിലേറെ നല്ല വിഷയമില്ല എന്ന കണ്ടെത്തലാണ് മോദി എന്ന കുബുദ്ധിയെ ഇത്തരമൊരു നടപടിക്ക് പ്രേരിപ്പിച്ചത് എന്ന് മനസ്സിലാക്കാൻ അധികം ബുദ്ധി ആവശ്യമില്ല. ജൂലൈ 20ന് ആരംഭിക്കുന്ന പാർലമെന്റ് സമ്മേളനത്തിൽ ഒരു ബില്ലായി ഏകീകൃത സിവിൽ കോഡിനെ കൊണ്ടുവരുമെന്നാണ് കരുതപ്പെടുന്നത്. ബിൽ ഹൈന്ദവ വിഭാഗങ്ങളുടെ സംസ്കാരവും വ്യക്തിനിയമങ്ങളും സംരക്ഷിക്കുന്ന വിധമായിരിക്കുമെന്നും അതോടൊപ്പം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഗോത്രവിഭാഗങ്ങളുടെ വ്യക്തിനിയമങ്ങൾ സംരക്ഷിക്കുമെന്നും ക്രൈസ്തവ വിഭാഗത്തിന് മോചനം നൽകുമെന്നുമുള്ള പ്രചാരണം സർക്കാർ കേന്ദ്രങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. പ്രധാനമായും മുസ്‌ലിം സ്ത്രീകളെ അടിച്ചമർത്തലുകളിൽനിന്ന് വിമോചിപ്പിക്കുകയാണ് ലക്ഷ്യമെന്നു കൂടി മോദി തന്നെ പറഞ്ഞതോടെ വരാനിരിക്കുന്ന ഏകീകൃത സിവിൽ കോഡിൽ കൂട്ടിലടക്കപ്പെടുന്നത് മുസ്‌ലിംകൾ മാത്രമായിരിക്കുമെന്ന ധ്വനിയും രാജ്യമെങ്ങും പരന്നിരിക്കുകയാണ്.



വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ മുമ്പെങ്ങുമില്ലാത്ത വിധം പ്രതിപക്ഷ കക്ഷികൾ ബി.ജെ.പിക്കെതിരെ ഒന്നിച്ചു നിൽക്കുന്ന അവസ്ഥയിൽ പ്രതിപക്ഷത്തെയും മതനിരപേക്ഷ സമൂഹത്തെയും ഭിന്നിപ്പിക്കാൻ ഇതിലേറെ നല്ല വിഷയമില്ല എന്ന കണ്ടെത്തലാണ് മോദി എന്ന കുബുദ്ധിയെ ഏകീകൃത സിവിൽ കോഡ് നടപടിക്ക് പ്രേരിപ്പിച്ചത് എന്ന് മനസ്സിലാക്കാൻ അധികം ബുദ്ധി ആവശ്യമില്ല. ജൂലൈ 20ന് ആരംഭിക്കുന്ന പാർലമെന്റ് സമ്മേളനത്തിൽ ഒരു ബില്ലായി ഏകീകൃത സിവിൽ കോഡിനെ കൊണ്ടുവരുമെന്നാണ് കരുതപ്പെടുന്നത്. ബിൽ ഹൈന്ദവ വിഭാഗങ്ങളുടെ സംസ്കാരവും വ്യക്തി നിയമങ്ങളും സംരക്ഷിക്കുന്ന വിധമായിരിക്കുമെന്നും അതോടൊപ്പം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഗോത്രവിഭാഗങ്ങളുടെ വ്യക്തിനിയമങ്ങൾ സംരക്ഷിക്കുമെന്നും ക്രൈസ്തവ വിഭാഗത്തിന് മോചനം നൽകുമെന്നുമുള്ള പ്രചാരണം സർക്കാർ കേന്ദ്രങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്.

### എന്താണ് സിവിൽ കോഡുകൾ?

അനന്തര സ്വത്തുക്കൾ, വിവാഹം, വിവാഹമോചനം തുടങ്ങിയ കുടുംബ വിഷയങ്ങൾ ഉൾപ്പെടെയുള്ള വിവിധ മതങ്ങളിലും സമൂഹങ്ങളിലും ഗോത്രങ്ങളിലും നിലനിൽക്കുന്ന വൈവിധ്യമാർന്ന പിന്തുടർച്ചാരീതികളിൽ അതാത് സമൂഹങ്ങൾക്ക് അവരുടെ നിയമങ്ങൾ അനുവദിച്ചുകൊടുത്തുകൊണ്ടുള്ള വ്യക്തിനിയമങ്ങളാണ് സിവിൽ കോഡുകൾ എന്നറിയപ്പെടുന്നത്. വിവിധ മതങ്ങളിൽ പ്രാമാണികമായി നിലനിൽക്കുന്ന കുറ്റകൃത്യ നിയമങ്ങൾ (Criminal Codes) ഇതിന്റെ പരിധിയിൽ വരില്ല. മതപരമായ വിശ്വാസവും ആചാരവും വ്യക്തികളുടെ സ്വകാര്യ വിഷയങ്ങളാണ് എന്ന നിലപാട് സ്വീകരിച്ചിട്ടുള്ള മതനിരപേക്ഷ രാജ്യങ്ങളിൽ അവ മൗലികാവകാശങ്ങളായി രേഖപ്പെടുത്തപ്പെട്ടതുകൊണ്ടാണ് മതവിശ്വാസവുമായി ബന്ധപ്പെടുന്നതും വ്യക്തികളെ മാത്രം ബാധിക്കുന്നതുമായ, എന്നാൽ സാമൂഹികമായി യാതൊരു പ്രശ്നവും ഉണ്ടാക്കാത്ത കാര്യങ്ങളിൽ ഓരോ സമൂഹത്തിനും അവരുടെ വ്യക്തിനിയമങ്ങൾ പാലിച്ച് ജീവിക്കാം എന്ന് അതാത് രാജ്യങ്ങളുടെ ഭരണഘടനകൾ അംഗീകരിച്ചിട്ടുള്ളത്.

### വ്യക്തിനിയമങ്ങളുടെ ഏകീകരണം: വാദങ്ങളും മറുവാദങ്ങളും

വിവിധ മത-സാമൂഹിക വിഭാഗങ്ങൾക്ക് വിവിധ വ്യക്തിനിയമങ്ങൾ

ഉണ്ടാകുന്നത് കോടതികൾക്ക് തലവേദന സൃഷ്ടിക്കുന്നുവെന്നും അതുകൊണ്ട് സിവിൽ നിയമങ്ങളെ ഏകീകരിച്ച് എല്ലാവർക്കും ഒരുപോലെയാക്കണമെന്നുമുള്ള വാദം പണ്ടുമുതലേയുണ്ട്. ഭരണഘടനാ നിർമാണ സഭയിലും ഈ വാദം ശക്തമായി ഉയർന്നുവന്നിരുന്നു. എന്നാൽ ഒരേസമയം മതവിഭാഗങ്ങൾക്ക് മതസ്വാതന്ത്ര്യവും ഭാഷാ ന്യൂനപക്ഷങ്ങൾക്ക് അവരുടെ സ്വാതന്ത്ര്യവും ഗോത്രവിഭാഗങ്ങൾക്ക് അവരുടെ സാമ്പ്രദായിക രീതികളും അംഗീകരിച്ചുകൊടുത്തുകൊണ്ടുള്ള മൗലികാവകാശ സംരക്ഷണ തത്ത്വങ്ങൾ അംഗീകരിച്ചിട്ടുള്ള രാഷ്ട്രത്തിന് എങ്ങനെ ഇപ്പറഞ്ഞ വൈവിധ്യങ്ങളിൽ അധിഷ്ഠിതമായ സമൂഹത്തിൽ വ്യക്തിനിയമങ്ങളെ ഏകീകരിക്കാൻ സാധിക്കും എന്നത് ഒരു ചോദ്യചിഹ്നമായി അവശേഷിക്കുകയായിരുന്നു. വ്യക്തിനിയമങ്ങൾ ഏകീകരിക്കണമെന്ന് കോൺസ്റ്റിറ്റുവന്റ് അസംബ്ലിയിൽ ശക്തമായി വാദിച്ചിരുന്നവരെല്ലാം ചോദ്യത്തിന് മുമ്പിൽ കുഴങ്ങി വീഴുകയായിരുന്നു.

ഇന്ത്യൻ ഭരണഘടനയിൽ പൗരന്റെ മൗലികാവകാശങ്ങൾ ക്രോഡീകരിച്ചിട്ടുള്ള മൂന്നാം ഖണ്ഡത്തിൽ മതസ്വാതന്ത്ര്യത്തെ മൗലികാവകാശമായിട്ടാണ് എഴുതിച്ചേർത്തിട്ടുള്ളത്. മൂന്നാം ഖണ്ഡത്തിലെ ഇരുപത്തിയഞ്ചാം അനുച്ഛേദം ഇങ്ങനെ വായിക്കാം: "മനഃസാക്ഷിക്കും സ്വതന്ത്രമായ മതവിശ്വാസത്തിനും മതാചരണത്തിനും മതപ്രചാരണത്തിനും ഉള്ള സ്വാതന്ത്ര്യം: പൊതുസമാധാനത്തിനും സാന്മാർഗികതയ്ക്കും ആരോഗ്യത്തിനും ഈ ഭാഗത്തിലെ മറ്റു വ്യവസ്ഥകൾക്കും വിധേയമായി മനഃസാക്ഷി സ്വാതന്ത്ര്യത്തിനും സ്വതന്ത്രമായി മതം വിശ്വസിക്കുന്നതിനും 'ആചരിക്കുന്നതിനും' പ്രചരിപ്പിക്കുന്നതിനും എല്ലാ വ്യക്തികൾക്കും തുല്യമായ അവകാശമുണ്ട്."

സ്വത്തവകാശം, വിവാഹം, വിവാഹമോചനം തുടങ്ങിയ തികച്ചും വ്യക്തിപരമായ കാര്യങ്ങളിൽ മതനിയമങ്ങൾ ആചരിക്കാനുള്ള അവകാശം ഓരോ പൗരനുമുണ്ട് എന്ന കാര്യം ഭരണഘടന ഉറപ്പുനൽകുന്നു എന്ന് ഈ അനുച്ഛേദം വ്യക്തമാക്കുന്നു.

**ഒരേസമയം മതവിഭാഗങ്ങൾക്ക് മതസ്വാതന്ത്ര്യവും ഭാഷാ ന്യൂനപക്ഷങ്ങൾക്ക് അവരുടെ സ്വാതന്ത്ര്യവും ഗോത്രവിഭാഗങ്ങൾക്ക് അവരുടെ സാമ്പ്രദായിക രീതികളും അംഗീകരിച്ചുകൊടുത്തുകൊണ്ടുള്ള മൗലികാവകാശ സംരക്ഷണ തത്ത്വങ്ങൾ അംഗീകരിച്ചിട്ടുള്ള രാഷ്ട്രത്തിന് എങ്ങനെ ഇപ്പറഞ്ഞ വൈവിധ്യങ്ങളിൽ അധിഷ്ഠിതമായ സമൂഹത്തിൽ വ്യക്തിനിയമങ്ങളെ ഏകീകരിക്കാൻ സാധിക്കും എന്നത് ഒരു ചോദ്യചിഹ്നമായി അവശേഷിക്കുകയായിരുന്നു. വ്യക്തിനിയമങ്ങൾ ഏകീകരിക്കണമെന്ന് കോൺസ്റ്റിറ്റുവന്റ് അസംബ്ലിയിൽ ശക്തമായി വാദിച്ചിരുന്നവരെല്ലാം ചോദ്യത്തിന് മുമ്പിൽ കുഴങ്ങി വീഴുകയായിരുന്നു.**

### തെറ്റിദ്ധരിപ്പിക്കപ്പെട്ട സെക്കുലറിസം

രാജ്യം സെക്കുലറാകുന്നു; അതുകൊണ്ട് എല്ലാ നിയമങ്ങളും സെക്കുലറാവണം എന്നതായിരുന്നു മറ്റൊരു വാദം. ഒരു പ്രദേശത്തെ പൂർണമായും മതവിമുക്തമാക്കുക എന്ന അർഥത്തിലല്ല ഇന്ത്യ സെക്കുലറിസം എന്ന ആശയം അംഗീകരിച്ചിട്ടുള്ളത്. ഭരണഘടനാ അസംബ്ലിയിൽതന്നെ ഇതുസംബന്ധമായി വലിയ ചർച്ചകളും വിശദീകരണങ്ങളും ഉണ്ടായിട്ടുണ്ട്. മതസ്വാതന്ത്ര്യം അനുവദിക്കുക, മതകാര്യങ്ങളിൽ ഭരണകൂടം ഇടപെടാതിരിക്കുക, ഏതെങ്കിലും ഒരു മതത്തിന് മറ്റൊരു മതത്തെക്കാൾ പ്രാധാന്യം കൽപിക്കാതിരിക്കുക എന്നിങ്ങനെ മതങ്ങളെ അംഗീകരിച്ചുകൊണ്ടുള്ള മത വൈവിധ്യമാണ് ഇന്ത്യ അംഗീകരിച്ച സെക്കുലറിസം.

പൊതുയിടങ്ങളിൽ നിന്നും മതം പൂർണമായും മാറി നിൽക്കണം എന്ന വാദമുയർത്തുന്ന നാസ്തിക, യുക്തിവാദ, നിരീശ്വര വിഭാഗങ്ങളും വൈരുധ്യാധിഷ്ഠിത ഭൗതികവാദത്തിന്റെ പേരിൽ മതനിരാസം ആവശ്യപ്പെടുന്ന കമ്യൂണിസ്റ്റ് വിഭാഗങ്ങളും ഹിന്ദുത്വ മതരാഷ്ട്രവാദം ഉയർത്തിപ്പിടിക്കുന്ന സംഘ്പരിവാർ വിഭാഗങ്ങളും അതുപോലെയുള്ള വാദങ്ങൾ ഉയർത്തിപ്പിടിക്കുന്നവരും ഇന്ത്യ ഉയർത്തിപ്പിച്ച സെക്കുലറിസത്തെ പൂർണമായും മനസ്സിലാക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടുള്ള



വരല്ല. അതുകൊണ്ടാണ് വിദ്യാലയങ്ങൾ അടക്കമുള്ള പൊതുയിടങ്ങളിൽ മതപരമായ വേഷങ്ങൾ അനുവദിക്കാൻ പാടില്ലെന്ന് ഇവർ പറഞ്ഞുകൊണ്ടിരിക്കുന്നത്.

**ഇന്ത്യ; വൈവിധ്യത്തിന്റെ കളിത്തൊട്ടിൽ**

ഒരേ വിശ്വാസം, ആചാരം, സംസ്കാരം, വ്യക്തിനിയമങ്ങൾ എന്നിവ നടപ്പാവണമെങ്കിൽ പൗരന്മാർ എല്ലാവരും ഒരേ വിശ്വാസ, ആചാര, സംസ്കാര, മത നിയമങ്ങൾ ഉൾക്കൊണ്ട് ജീവിക്കുന്നവരായിരിക്കണം. 'ഏകം' എന്ന സംജ്ഞ അതിമനോഹരമാണെങ്കിലും അത് അടിച്ചേൽപിക്കലിലൂടെ പ്രാവർത്തികമാവില്ല. എല്ലാവരും ഒരുപോലെയായിരിക്കുക എന്നതിനെക്കാൾ വൈവിധ്യങ്ങളിലൂടെ തന്നെ എല്ലാവരും ഒന്നാണെന്ന ബോധ്യം വളർത്തിയെടുക്കുക എന്ന ആശയത്തിനാണ് ഇന്ത്യ പ്രാമുഖ്യം കൽപിച്ചത്. അതുതന്നെയാണ് നീതിയും പ്രായോഗികവും. ഒരു മതവിശ്വാസിയെ സംബന്ധിച്ചിടത്തോളം ജീവിതത്തിലെ എല്ലാ മേഖലകളിലും മതനിയമങ്ങൾ പാലിക്കുക എന്നത് വ്യക്തിപരമായി അയാൾക്ക് അനിവാര്യമാണ്. ഒരാൾ അയാളുടെ മതനിയമങ്ങൾ പാലിക്കുന്നത് മറ്റുള്ളവരെ യാതൊരു നിലയ്ക്കും ബാധിക്കുന്നില്ല. അതുകൊണ്ട് ഏക വ്യക്തിനിയമം എന്ന ആശയം ഒരു ബഹുസ്വര, ബഹുമത, ബഹുസംസ്കാര, ബഹുഭാഷാ സമൂഹത്തിൽ നടപ്പാക്കുന്നത് ഫാസിസമാണ്. വിവിധ വ്യക്തിനിയമങ്ങൾ അടങ്ങുന്ന ഒരു ബഹുസ്വര ഇന്ത്യയെയാണ് രാഷ്ട്രശിൽപികൾ വിഭാവനം ചെയ്തത്. 'നാനാത്വത്തിൽ ഏകത്വം' എന്ന മുദ്രാവാക്യത്തിന്റെ പ്രസക്തി അതാണ്.

**വ്യക്തിനിയമങ്ങൾ ചരിത്രത്തിലൂടെ**

ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണം വരുന്നതിന് മുമ്പുള്ള കാലഘട്ടത്തിൽ മുഗളന്മാർ ഇന്ത്യ ഭരിച്ചിരുന്നപ്പോൾ മുസ്‌ലിം ക്രിമിനൽ നിയമങ്ങൾ നിലവിലുണ്ടായിരുന്നു. സിവിൽ നിയമങ്ങൾ ഓരോ മതവിഭാഗങ്ങളും അവരുടെ മതനിയമപ്രകാരമായിരുന്നു പിന്തുടർന്നുവന്നിരുന്നത്. മുസ്‌ലിംകളുടെ സിവിൽ നിയമങ്ങൾ കൈകാര്യം ചെയ്തിരുന്നതും വിധി നടത്തിയിരുന്നതും ഖാദിമാരും ഹിന്ദുക്കളുടെത് പണ്ഡിറ്റുമാരുമായിരുന്നു. മുഗൾ ഭരണം അവസാനിക്കുകയും ബ്രിട്ടീഷുകാർ ഭരണം ആരംഭിക്കുകയും ചെയ്തപ്പോൾ പ്രാരംഭത്തിൽ മുഗൾ രീതി അവർ പിന്തുടർന്നുവെങ്കിലും പിന്നീട് ബ്രിട്ടീഷ് ജഡ്ജിമാർ തന്നെയായി വിധികർത്താക്കൾ. എങ്കിലും അവർ സിവിൽ നിയമങ്ങൾ മാറ്റിയില്ല. ഹിന്ദുക്കൾക്ക് ഹിന്ദുക്കളുടെതും മുസ്‌ലിംകൾക്ക് മുസ്‌ലിംകളുടെതും എന്ന വിധേന സിവിൽ നിയമങ്ങൾ ബ്രിട്ടീഷുകാരും അനുവദിച്ചു. പണ്ഡിറ്റുമാരും ഖാദിമാരും ബ്രിട്ടീഷ് ജഡ്ജിമാരെ സഹായിച്ചുവന്നു. ഖുർആൻ, ഹദീസ് എന്നിവക്ക് പുറമെ അറബി, പേർഷ്യൻ ഭാഷകളിലുള്ള നിരവധി ഗ്രന്ഥങ്ങൾ അക്കാലത്ത് മുസ്‌ലിം ഖാദിമാർ അവലംബിച്ചിരുന്നു. ബ്രിട്ടീഷ് ജഡ്ജിമാർക്ക് മനസ്സിലാകുന്നതിനായി നിരവധി ഗ്രന്ഥങ്ങൾ അക്കാലത്ത് ഇംഗ്ലീഷിലേക്ക് തർജമ ചെയ്തു. അവയിൽ വളരെ പ്രധാനപ്പെട്ട ഗ്രന്ഥമാണ് 1197ൽ മരണമടഞ്ഞ ബുർഹാനുദ്ദീൻ മാർഗിനാനിയുടെ 'അൽഹിദായ.' ഹനഫി മദ്ഹബിലെ നിയമങ്ങൾ അനുസരിച്ചാണ് ഇത് ക്രോഡീകരിച്ചിട്ടുള്ളത്. ബ്രിട്ടീഷ് കാലത്ത് ഏറെ ഉപയോഗപ്പെടുത്തപ്പെട്ട ഗ്രന്ഥമായിരുന്നു ഇത്. കക്ഷികൾ മുസ്‌ലിംകളാണെങ്കിൽ മുസ്‌ലിം ഗ്രന്ഥങ്ങൾ ഉപയോഗപ്പെടുത്തിയായിരുന്നു മുഗൾ കാലത്തും ബ്രിട്ടീഷ് കാലത്തും വിധി പറഞ്ഞിരുന്നത് എന്നാണ് ഇതെല്ലം വ്യക്തമാക്കുന്നത്. ഹിദായക്ക് പുറമെ മുഗൾ ചക്രവർത്തി ഔറംഗസീബിന്റെ ആജ്ഞ പ്രകാരം അഞ്ഞൂറോളം പണ്ഡിതന്മാരാൽ രചിക്കപ്പെട്ട 'ഫതാവാ ആലംഗീരി'യുടെ ഭാഗിക ഇംഗ്ലീഷ് വിവർത്തനവും ബ്രിട്ടീഷ് കാലങ്ങളിൽ ഉപയോഗിച്ചിരുന്ന പ്രധാന ഗ്രന്ഥമാണ്. ഇവയ്ക്ക് പുറമെ ബ്രിട്ടീഷുകാർതന്നെ രചിച്ചിട്ടുള്ള ചില സ്വതന്ത്ര ഇസ്‌ലാമിക നിയമ പുസ്തകങ്ങളും ബ്രിട്ടീഷ് ജഡ്ജിമാർ അവലംബമാക്കിയിരുന്നു.

**ഒരു പ്രദേശത്തെ പൂർണമായും മതവിമുക്തമാക്കുക എന്ന അർഥത്തിലല്ല ഇന്ത്യ സെക്കുലറിസം എന്ന ആശയം അംഗീകരിച്ചിട്ടുള്ളത്. ഭരണഘടനാ അസംബ്ലിയിൽതന്നെ ഇതുസംബന്ധമായി വലിയ ചർച്ചകളും വിശദീകരണങ്ങളും ഉണ്ടായിട്ടുണ്ട്. മതസ്വാതന്ത്ര്യം അനുവദിക്കുക, മതകാര്യങ്ങളിൽ ഭരണകൂടം ഇടപെടാതിരിക്കുക, ഏതെങ്കിലും ഒരു മതത്തിന് മറ്റൊരു മതത്തെക്കാൾ പ്രാധാന്യം കൽപിക്കാതിരിക്കുക എന്നിങ്ങനെ മതങ്ങളെ അംഗീകരിച്ചുകൊണ്ടുള്ള മത വൈവിധ്യമാണ് ഇന്ത്യ അംഗീകരിച്ച സെക്കുലറിസം.**

**ഇന്ത്യയിലെ നിയമ ക്രോഡീകരണം**

1833ലെ ഗവർമെന്റ് ഓഫ് ഇന്ത്യ ആക്റ്റിന്റെ അടിസ്ഥാനത്തിലാണ് ബ്രിട്ടീഷ് ഇന്ത്യയിൽ ആദ്യമായി നിയമങ്ങൾ ക്രോഡീകരിക്കാൻ തുടങ്ങിയത്. അങ്ങനെയാണ് ഇന്ത്യയിൽ ആദ്യമായി ക്രിമിനൽ നിയമങ്ങളുടെ ക്രോഡീകരണം നടന്നത്. 1860ൽ ക്രോഡീകരിക്കപ്പെട്ട നിയമങ്ങൾ ഇന്ത്യൻ പീനൽ കോഡ് (ഐ.പി.സി) എന്നറിയപ്പെ

ടുന്നു. ഇത് നിലവിൽ വന്നതോടെ നേരത്തെ മുഗളന്മാരുടെ കാലം മുതൽ ഉണ്ടായിരുന്ന മുസ്‌ലിം ക്രിമിനൽ കോഡ് നിർവീര്യമായി. ക്രിമിനൽ കോഡ് ഇല്ലാതായതോടെ സിവിൽ നിയമങ്ങൾ കൈകാര്യം ചെയ്തിരുന്ന ഖാദിമാരുടെ അധികാരങ്ങളും ഇല്ലാതായി. സിവിൽ നിയമങ്ങളിൽ കരാറുകൾ, വസ്തു കൈമാറ്റം തുടങ്ങിയവയ്ക്ക് ബ്രിട്ടീഷുകാർ പ്രത്യേക നിയമങ്ങൾ ഉണ്ടാക്കി. എന്നാൽ മുസ്‌ലിംകൾ ഏറെയും കോടതികളെ ആശ്രയിച്ചിരുന്നത് കുടുംബ നിയമങ്ങളിലായിരുന്നു; വിവാഹം, വിവാഹമോചനം, അനന്തരാവകാശം തുടങ്ങിയവ.

കുടുംബനിയമങ്ങളിൽ ബ്രിട്ടീഷുകാർ കൈവെക്കാതിരുന്നത് അവരുടെ പ്രത്യേക കാഴ്ചപ്പാട് കാരണമായിരുന്നു. മുസ്‌ലിം സമുദായത്തെ ഏറെ ബാധിക്കുന്ന വിഷയങ്ങളാണ് അവ എന്നതിനാൽ അവരുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെട്ട് അവരുടെ ശത്രുത ആ ഘട്ടത്തിൽ ഉണ്ടാക്കിയെടുക്കുന്നത് രാഷ്ട്രീയമായി അവരെ ബാധിക്കും. അതുകൊണ്ട് മുസ്‌ലിം പ്രശ്നങ്ങളിൽ വളരെ സൂക്ഷിച്ച് മാത്രമായിരുന്നു അക്കാലത്ത് അവർ ഇടപെട്ടിരുന്നത്. ഏറ്റവും കൗതുകകരമായ കാര്യം മുസ്‌ലിം പ്രശ്നങ്ങളിൽ ഖുർആനും ഹദീസും അവയ്ക്ക് പൗരാണിക പണ്ഡിതന്മാർ നൽകിയിരുന്ന വ്യാഖ്യാനവുമായിരുന്നു ബ്രിട്ടീഷ് ജഡ്ജിമാർക്ക് ഏറെ പ്രിയം എന്നതാണ്. പൗരാണിക പണ്ഡിതൻമാരുടെ അത്ര അറിവ് ആധുനിക പണ്ഡിതന്മാർക്കുണ്ടാവില്ല എന്ന കാഴ്ചപ്പാട് അവർക്കുണ്ടായിരുന്നു. യുക്തിവാദികളും കേവല സാഹിത്യത്തിൽ മാത്രം കഴിവുള്ളവരും ജീവിതത്തിൽ ഇസ്‌ലാമിക നിയമങ്ങൾ പാലിക്കാത്തവരുമായ ആളുകളുടെ വ്യാഖ്യാനങ്ങൾ അതെത്ര മനോഹരമാണെന്ന് തോന്നിയാലും ബ്രിട്ടീഷ് ജഡ്ജിമാർക്ക് പഥ്യമായിരുന്നില്ല.

**ഇസ്‌ലാമിക നിയമമനുസരിച്ച് ഒരു മുസ്‌ലിം രാജ്യത്ത് മാത്രമെ ക്രിമിനൽ നിയമങ്ങൾ നടപ്പാക്കേണ്ടതുള്ളൂ. അമുസ്‌ലിംകൾ ധാരാളമുള്ളിടത്ത് ഇസ്‌ലാമിലെ ക്രിമിനൽ നിയമങ്ങൾ നടപ്പാക്കണമെന്ന് മുസ്‌ലിം പണ്ഡിതന്മാർക്ക് അഭിപ്രായമില്ല. ഇപ്പോൾ ഏകീകൃത സിവിൽ കോഡ് ചർച്ചയിൽ അന്ന് ബ്രിട്ടീഷുകാർ ക്രിമിനൽ നിയമങ്ങൾ ക്രോഡീകരിച്ചപ്പോൾ എന്തുകൊണ്ട് മുസ്‌ലിംകൾ പ്രതികരിച്ചില്ല എന്ന് ചോദിക്കുന്ന ചിലരുണ്ട്. മുസ്‌ലിംകളോ ഇസ്‌ലാമിക ശരീഅത്തോ അങ്ങനെ ആവശ്യപ്പെടുന്നില്ല എന്നതാണ് അതിനുള്ള ഉത്തരം.**

### ബ്രിട്ടീഷുകാരും പൗരാണിക വ്യാഖ്യാനവും

ബ്രിട്ടീഷ് ജഡ്ജിമാർക്ക് ഇസ്‌ലാമിക പ്രമാണങ്ങളോടുണ്ടായിരുന്ന സമീപനം എന്തായിരുന്നു എന്ന് അവരുടെ വിധികളിൽനിന്നും സുവ്യക്തമാണ്. ഉദാഹരണമായി 1897ലെ ആഗാ മുഹമ്മദ് ജാഫറിന്റെ കുൽസും ബീവി കേസ് വിധിയിലെ ഒരു ഭാഗം ഇങ്ങനെ വായിക്കാം: 'It would be wrong for the Court on a point of this kind to attempt to put their own construction on the Koran in opposition to the express ruling of commentators of such great antiquity and high authority.' ' (അതി പൗരാണികരും അത്യന്തം ആധികാരിക സ്ഥാനമുള്ളവരുമായ ഖുർആൻ വ്യാഖ്യാതാക്കളുടെ വ്യക്തമായ വിധികൾക്കെതിരായി ഇത്തരം ഒരു പ്രശ്നത്തിൽ സ്വന്തമായ വ്യാഖ്യാനം ഖുർആൻ വാക്യങ്ങൾക്ക് നൽകുവാനുള്ള ഏതൊരു ശ്രമവും കോടതിയുടെ ഭാഗത്തുനിന്നുണ്ടാകുന്നത് തെറ്റായിരിക്കും.) (https://www.casemine.com/judgement/in/5779f44de561096c9312febb - Page 4). നിരവധി കേസുകളിൽ ഇത്തരത്തിലുള്ള നിരീക്ഷണങ്ങൾ ബ്രിട്ടീഷ് ഇന്ത്യയിലെ ജഡ്ജിമാർ നടത്തിയതായി കാണാം.

### മുസ്‌ലിം ക്രിമിനൽ കോഡ് ബഹുസ്വര സമൂഹത്തിൽ

ക്രിമിനൽ നിയമങ്ങൾ മാത്രം ഏകീകരിക്കാനാണ് ബ്രിട്ടീഷുകാർ ശ്രമിച്ചത്. സിവിൽ നിയമങ്ങൾ അതാത് വിഭാഗങ്ങളുടെ വ്യക്തിനിയമങ്ങൾക്ക് അനുസൃ



തമായിരിക്കട്ടെ എന്നായിരുന്നു അവരുടെ നിലപാട്. ഇസ്‌ലാമിക നിയമമനുസരിച്ച് ഒരു മുസ്‌ലിം രാജ്യത്ത് മാത്രമെ ക്രിമിനൽ നിയമങ്ങൾ നടപ്പാക്കേണ്ടതുള്ളൂ. അമുസ്‌ലിംകൾ ധാരാളമുള്ളിടത്ത് ഇസ്‌ലാമിലെ ക്രിമിനൽ നിയമങ്ങൾ നടപ്പാക്കണമെന്ന് മുസ്‌ലിം പണ്ഡിതന്മാർക്ക് അഭിപ്രായമില്ല. ഇപ്പോൾ ഏകീകൃത സിവിൽ കോഡ് ചർച്ചയിൽ അന്ന് ബ്രിട്ടീഷുകാർ ക്രിമിനൽ നിയമങ്ങൾ ക്രോഡീകരിച്ചപ്പോൾ എന്തുകൊണ്ട് മുസ്‌ലിംകൾ പ്രതികരിച്ചില്ല എന്ന് ചോദിക്കുന്ന ചിലരുണ്ട്. മുസ്‌ലിംകളോ ഇസ്‌ലാമിക ശരീഅത്തോ അങ്ങനെ ആവശ്യപ്പെടുന്നില്ല എന്നതാണ് അതിനുള്ള ഉത്തരം.

**ഇന്ത്യൻ ശരീഅത്ത് ആക്റ്റിന്റെ ചരിത്രം**

ബ്രിട്ടീഷുകാരുടെ കാലത്ത് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ മുസ്‌ലിംകൾക്കിടയിൽ വിവാഹം, വിവാഹമോചനം, അനന്തരാവകാശം തുടങ്ങിയ കാര്യങ്ങൾ നാട്ടാചാരങ്ങളായ മാമൂലുകൾക്കനുസരിച്ച് നടക്കാറുണ്ടായിരുന്നു. പലപ്പോഴും ഇതിൽ ഇരകളായിരുന്നത് സ്ത്രീകളായിരുന്നു. സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുകയും സ്ത്രീകളുടെ അവകാശങ്ങൾ കവർന്നെടുക്കപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷങ്ങൾ ധാരാളം ഉണ്ടായിരുന്നു. ചില കേസുകൾ മാത്രമാണ് കോടതികളിൽ എത്തുക. കോടതികളിൽ എത്തുമ്പോൾ മാത്രമാണ് നിയമജ്ഞർക്കും ജഡ്ജിമാർക്കും ആക്റ്റിവിസ്റ്റുകൾക്കുമെല്ലാം പ്രശ്നത്തിന്റെ ഗൗരവം ബോധ്യപ്പെടുക. ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ കാര്യങ്ങൾ തീരുമാനിക്കപ്പെടുകയാണെങ്കിൽ സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടും എന്നായിരുന്നു ജഡ്ജിമാരുടെയും വനിതാ സംഘടനകളുടെയും അഭിപ്രായം. വിവിധ കോണുകളിൽനിന്നും മുസ്‌ലിം സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം എന്ന അതിശക്തമായ ആവശ്യം ഉയർന്നുവന്നതോടെ ബ്രിട്ടീഷ് സർക്കാറിന് ഈ വിഷയത്തിൽ പരിഹാരം കാണുക നിർബന്ധമായി. അതാണ് 1937ൽ പ്രാവർത്തികമായത്. The Muslim Personal Law (Shariat) Application Act, 1937 (മുസ്‌ലിം വ്യക്തിനിയമം -ശരീഅത്ത്- ബാധകമാക്കൽ ആക്റ്റ്-1937) എന്ന പേരിൽ മുസ്‌ലിം വ്യക്തിനിയമങ്ങൾക്ക് നിയമപരിരക്ഷ നൽകിക്കൊണ്ട് അവർ നിയമമുണ്ടാക്കി.


> **ബ്രിട്ടീഷുകാരുടെ കാലത്ത് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ മുസ്‌ലിംകൾക്കിടയിൽ വിവാഹം, വിവാഹമോചനം, അനന്തരാവകാശം തുടങ്ങിയ കാര്യങ്ങൾ നാട്ടാചാരങ്ങളായ മാമൂലുകൾക്കനുസരിച്ച് നടക്കാറുണ്ടായിരുന്നു. പലപ്പോഴും ഇതിൽ ഇരകളായിരുന്നത് സ്ത്രീകളായിരുന്നു. സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുകയും സ്ത്രീകളുടെ അവകാശങ്ങൾ കവർന്നെടുക്കപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷങ്ങൾ ധാരാളം ഉണ്ടായിരുന്നു. ചില കേസുകൾ മാത്രമാണ് കോടതികളിൽ എത്തുക. കോടതികളിൽ എത്തുമ്പോൾ മാത്രമാണ് നിയമജ്ഞർക്കും ജഡ്ജിമാർക്കും ആക്റ്റിവിസ്റ്റുകൾക്കുമെല്ലാം പ്രശ്നത്തിന്റെ ഗൗരവം ബോധ്യപ്പെടുക. ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ കാര്യങ്ങൾ തീരുമാനിക്കപ്പെടുകയാണെങ്കിൽ സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടും എന്നായിരുന്നു ജഡ്ജിമാരുടെയും വനിതാ സംഘടനകളുടെയും അഭിപ്രായം.**


**ബ്രിട്ടീഷുകാർ ശരീഅത്ത് ക്രോഡീകരിച്ചിട്ടില്ല**

1937ൽ ബ്രിട്ടീഷുകാർ ഉണ്ടാക്കിയ ഈ ആക്റ്റ് ഒരിക്കലും ഒരു ക്രോഡീകൃത ശരീഅത്ത് നിയമമല്ല. അതിന്റെ പേര് സൂചിപ്പിക്കുന്നതുപോലെ മുസ്‌ലിം ശരീഅത്ത് നിയമങ്ങൾ 'ബാധകമാക്കൽ' ആക്റ്റ് ആണത്. അതായത് മുസ്‌ലിംകൾക്ക് അവരുടെ സിവിൽ കാര്യങ്ങളിൽ അവരുടെ പ്രമാണങ്ങൾ ഉപയോഗിച്ച് വിധി നടത്താവുന്നതാണ് എന്ന് മാത്രമാണ് ആക്റ്റ് പറയുന്നത്. അല്ലാതെ, അതൊരു വിശാലമായ, എല്ലാ നിയമങ്ങളും സവിസ്തരം പ്രതിപാദിക്കുന്ന ഒരു നിയമപുസ്തകമല്ല. ഏതെങ്കിലും ഒരു വിഷയത്തിൽ പോലും ഇന്നതുപോലെ ചെയ്യണം എന്ന് പ്രസ്തുത ആക്റ്റ് പറയുന്നില്ല. മറിച്ച് കേസുകളിൽ മുസ്‌ലിംകളാണ് കക്ഷികളെങ്കിൽ അവർക്ക് ശരീഅത്ത് നിയമം അനുശാസിക്കുന്ന വിധം കാര്യങ്ങൾ തീരുമാനിക്കാനുള്ള അവകാശമുണ്ട് എന്നുമാത്രമാണ് ആക്റ്റിലുള്ളത്. അതുകൊണ്ട് ഇന്ത്യയിലെ ശരീഅത്ത് ആക്റ്റ് പരിഷ്കരിക്കേണ്ടതില്ലേ എന്ന ചോദ്യത്തിന് യാതൊരു പ്രസക്തിയുമില്ല. കാരണം അങ്ങനെ സമഗ്രവും സവിസ്തരവുമായ ശരീഅത്ത് നിയമങ്ങളുടെ ക്രോഡീകൃത രൂപം നിലനിൽക്കുന്നില്ല. അങ്ങനെയൊരു ക്രോഡീകൃത രൂപം ഉണ്ടാക്കുക ഇന്ത്യൻ പശ്ചാത്തലത്തിൽ പ്രായോഗികവുമല്ല.

**ശരീഅത്ത് ആക്റ്റിന്റെ പ്രസക്ത ഭാഗം**

ആക്റ്റിന്റെ രണ്ടാം ഖണ്ഡം ഇങ്ങനെ വായിക്കാം: "ഏതെങ്കിലും നാട്ടാചാരങ്ങളിലോ പതിവ് രീതികളിലോ എന്തുതന്നെ ഉണ്ടായിരുന്നാലും (കാർഷിക ഭൂമിയുടെ കാര്യങ്ങളിൽ ഒഴികെ) വസിയ്യത്ത്

പ്രകാരമുള്ള പിന്തുടർച്ച, അനന്തരാവകാശമായോ, കരാറു പ്രകാരമോ, ദാനമായോ വ്യക്തിനിയമത്തിലെ മറ്റേതെങ്കിലും വ്യവസ്ഥ അനുസരിച്ചോ ലഭിക്കുന്നതുൾപ്പെടെയുള്ള സ്ത്രീകളുടെ പ്രത്യേക സ്വത്ത്, വിവാഹം, ത്വലാക്ക്, ഈലാഅ്, ദിഹാർ, ലിആൻ, ഖുൽഅ്, മുബാറഅത്ത് എന്നിവയെല്ലാം ഉൾപ്പെട്ട വിവാഹ മോചനം, ജീവനാംശം, മഹ്ർ, രക്ഷാകർതൃത്വം, ദാനം, ട്രസ്റ്റും ട്രസ്റ്റ് വസ്തുക്കളും, ദാനധർമങ്ങൾ, ധർമസ്ഥാപനങ്ങൾ, മത-ധർമ എൻഡോഴ്സ്മെന്റുകൾ ഇവയല്ലാത്ത വക്ഫുകൾ, ഇവയ്ക്ക് കക്ഷികൾ മുസ്‌ലിംകളായിരിക്കുന്ന സംഗതികളിൽ തീരുമാനമെടുക്കുന്നതിന് ബാധകമാകുന്നത് മുസ്‌ലിം വ്യക്തിനിയമം ആയിരിക്കും.”

മുസ്‌ലിം സമൂഹത്തിന് ഏറ്റവും ഗുണപ്രദമായത് അവരുടെ മതം അനുശാസിക്കുന്ന ശരീഅത്ത് നിയമങ്ങൾ വ്യക്തിനിയമങ്ങളായി സ്വീകരിക്കുമ്പോൾ മാത്രമാണ് എന്ന കണ്ടെത്തൽ മുസ്‌ലിംകളുടേത് മാത്രമല്ല, നിയമങ്ങളെക്കുറിച്ചറിയുന്ന നിയമവിശാരദന്മാരും സോഷ്യൽ ആക്ടിവിസ്റ്റുകളായി രംഗത്തുവന്നിരുന്ന വനിത സംഘടനാപ്രവർത്തകരും അടക്കമുള്ളവരുടേതുമായിരുന്നു എന്ന വസ്തുത മറന്നുപോകരുത്. എന്നാൽ എല്ലാ കാലത്തും ശരീഅത്ത് വിമർശകരുണ്ടായിരുന്നു എന്ന കാര്യവും സത്യമാണ്.

ഇത് മുസ്‌ലിംകൾക്ക് മാത്രമായിരുന്നില്ല, എല്ലാ മതവിഭാഗങ്ങൾക്കും അവരുടെതായ വ്യക്തിനിയമങ്ങൾ അനുവദിക്കപ്പെട്ടുകൊണ്ടുള്ള ചട്ടങ്ങൾ ബ്രിട്ടീഷ് കാലത്ത് തന്നെ ഉണ്ടായിട്ടുണ്ട്. ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്റ്റ് 1872, പാർസി മാര്യേജ് ആൻഡ് ഡൈവോഴ്സ് ആക്റ്റ് 1936 തുടങ്ങി വിവിധ മതവിഭാഗങ്ങൾക്കും ഗോത്രവിഭാഗങ്ങൾക്കും അവരുടെതായ വ്യക്തിനിയമങ്ങൾ നേരത്തെ മുതലുണ്ട്.

**ദേശീയതയിലേക്കുള്ള മുന്നേറ്റത്തിൽനിന്ന് ഇന്ത്യയെ പിന്തിരിപ്പിക്കുന്ന ഘടകങ്ങളിലൊന്ന്, രാജ്യത്തെ വെള്ളം കയറാത്ത അറകളായി വിഭജിക്കുന്ന മതത്തെ അടിസ്ഥാനമാക്കിയുള്ള വ്യക്തിനിയമങ്ങളുടെ സാന്നിധ്യമാണ്.’ സ്വാഭാവികമായും ഭരണഘടനാ നിർമാണ സമിതികളിൽ ഇത് ചൂടേറിയ ചർച്ചക്ക് വഴിതെളിയിച്ചു. മതാടിസ്ഥാനത്തിലുള്ള വ്യക്തിനിയമങ്ങളെ ഒഴിവാക്കി രാജ്യത്തിന് ഏകീകൃതമായ വ്യക്തിനിയമം വേണമെന്ന നിലയ്ക്കുള്ള ചർച്ചകൾ പുരോഗമിച്ചു. ബി.ആർ. അംബേദ്കറിനും ഇതേ അഭിപ്രായമായിരുന്നു. എന്നാൽ അത് മൗലികാവകാശമായി രേഖപ്പെടുത്തണമെന്ന അഭിപ്രായം അംബേദ്കർ പരിഗണിച്ചില്ല. മറിച്ച് അത് രാജ്യത്തിന് പിന്നീട് സാധ്യമെങ്കിൽ നടപ്പാക്കാവുന്ന മാർഗനിർദേശക തത്ത്വങ്ങളിൽ ഉൾപ്പെടുത്തി.**

അതുകൊണ്ടുതന്നെ ഏകീകൃത സിവിൽ കോഡ് മുസ്‌ലിംകളെ മാത്രമല്ല, ഹിന്ദുക്കൾ അടക്കമുള്ള എല്ലാ വിഭാഗങ്ങളെയും ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

### യു.സി.സി വാദം എപ്പോൾ തുടങ്ങി?

ഏകീകൃത സിവിൽ കോഡ് വാദം ഉയർന്നുവന്നത് 1940 മുതൽ മാത്രമാണ്. ദേശീയോദ്ഗ്രഥനവുമായി ബന്ധപ്പെട്ട് അന്നത്തെ നാഷണൽ പ്ലാനിങ് കമ്മിറ്റിയാണ് ആദ്യമായി ഈ ആവശ്യം മുന്നോട്ടുവച്ചത്. സ്ത്രീകളുടെ പദവി പരിശോധിക്കാനും ലിംഗസമത്വത്തിനുവേണ്ടി വ്യക്തിനിയമത്തിലെ പരിഷ്കാരങ്ങൾ ശുപാർശ ചെയ്യാനുമാണ് അന്ന് എൻ.പി.സി നിർദേശം വച്ചത്. ഈ ആവശ്യം പിന്നീട് ഉയർന്നുവന്നത് 1947ൽ ഭരണഘടനാ ഉപസമിതിയിലാണ്. കോൺഗ്രസ് അംഗങ്ങളായിരുന്ന മിനു മസാനി (ബോംബേ), അംരീത് കൗർ (ബീഹാർ) എന്നിവരിലൂടെയാണ് ഈ ആവശ്യം ഉയർന്നുവന്നത്. അവരുടെ വാദം ഇങ്ങനെയായിരുന്നു: ‘ദേശീയതയിലേക്കുള്ള മുന്നേറ്റത്തിൽനിന്ന് ഇന്ത്യയെ പിന്തിരിപ്പിക്കുന്ന ഘടകങ്ങളിലൊന്ന്, രാജ്യത്തെ വെള്ളം കയറാത്ത അറകളായി വിഭജിക്കുന്ന മതത്തെ അടിസ്ഥാനമാക്കിയുള്ള വ്യക്തിനിയമങ്ങളുടെ സാന്നിധ്യമാണ്.’ സ്വാഭാവികമായും ഭരണഘടനാ നിർമാണ സമിതികളിൽ ഇത് ചൂടേറിയ ചർച്ചക്ക് വഴിതെളിയിച്ചു. മതാടിസ്ഥാനത്തിലുള്ള വ്യക്തിനിയമങ്ങളെ ഒഴിവാക്കി രാജ്യത്തിന് ഏകീകൃതമായ വ്യക്തിനിയമം



വേണമെന്ന നിലയ്ക്കുള്ള ചർച്ചകൾ പുരോഗമിച്ചു. ബി.ആർ.അംബേദ്കറിനും ഇതേ അഭിപ്രായമായിരുന്നു. എന്നാൽ അത് മൗലികാവകാശമായി രേഖപ്പെടുത്തണമെന്ന അഭിപ്രായം അംബേദ്കർ പരിഗണിച്ചില്ല. മറിച്ച് അത് രാജ്യത്തിന് പിന്നീട് സാധ്യമെങ്കിൽ നടപ്പാക്കാവുന്ന മാർഗനിർദേശക തത്ത്വങ്ങളിൽ ഉൾപ്പെടുത്തി.

**ഭരണഘടനാ നിർമാണ സഭയിലെ ചർച്ച**

ഒടുവിൽ ചർച്ച ഭരണഘടനാ നിർമാണ പൊതുസഭയിലെത്തി. 1948 നവംബർ 23നായിരുന്നു അത് സഭയിലെത്തിയത്. ഏകീകൃത സിവിൽ കോഡിനെ മാർഗനിർദേശകതത്ത്വങ്ങളുടെ 44ാം അനുച്ഛേദമായി അംബേദ്കർ അവതരിപ്പിച്ചത് ഇങ്ങനെയായിരുന്നു:: "The State shall endeavour to secure for the citizens a uniform civil code throughout the territory of India." (പൗരന്മാർക്ക് ഭാരതത്തിന്റെ ഭൂപ്രദേശം ഒട്ടാകെ ഏകരൂപമായ ഒരു സിവിൽ നിയമസംഹിത സംപ്രാപ്തമാക്കാൻ രാഷ്ട്രം യത്നിക്കേണ്ടതാണ്). വാചകങ്ങൾ വളരെ കൃത്യമാണ്. ഏകീകൃതമായ ഒരു സിവിൽ കോഡ് രാജ്യത്ത് നടപ്പാക്കിയേ പറ്റൂ എന്നല്ല, മറിച്ച് അതിന് വേണ്ടി യത്നിക്കേണ്ടതാണ് (endeavour) എന്നുമാത്രമാണ് പറഞ്ഞത്. ഒരു കാര്യത്തിന് വേണ്ടി യത്നിക്കണമെങ്കിൽ അതിനുള്ള സാഹചര്യം ഒരുങ്ങേണ്ടതുണ്ട്. മതവ്യക്തിനിയമങ്ങൾ ഒഴിവാക്കണമെങ്കിൽ മതങ്ങളുടെ സ്വാധീനം രാഷ്ട്രത്തിൽ ഗണ്യമായി കുറയേണ്ടതുണ്ട്. എന്നാൽ മതങ്ങളുടെ സ്വാധീനം ദിനേന വർധിച്ചുകൊണ്ടിരിക്കുക മാത്രമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ നിലവിൽ അത്തരമൊരു ചർച്ചക്ക് യാതൊരു സാംഗത്യവുമില്ല.

**മുസ്‌ലിം ലീഗ് നേതാക്കളുടെ ഭേദഗതി**

ഭരണഘടനാ നിർമാണ സഭയിൽ നടന്ന ചർച്ചയിൽ

> **ഭരണഘടനാ നിർമാണ സഭയിൽ നടന്ന ചർച്ചയിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് നേതാക്കൾ ഏകീകൃത സിവിൽ കോഡിനെ മാർഗനിർദേശക തത്ത്വങ്ങളിൽ ചേർക്കുന്നതിനെ ശക്തിയുക്തം എതിർത്തിരുന്നു. അവർ അംബേദ്കർ അവതരിപ്പിച്ചതിന് വ്യത്യസ്ത ഭേദഗതികൾ അവതരിപ്പിച്ചു. ഇസ്മായിൽ സാഹിബിന്റെ ഭേദഗതി ഇങ്ങനെയായിരുന്നു: ഏതെങ്കിലും ഗ്രൂപ്പോ വിഭാഗമോ സമുദായമോ അവർക്ക് അങ്ങനെയൊരു വ്യക്തിനിയമം ഉണ്ടെങ്കിൽ പ്രസ്തുത നിയമം ഉപേക്ഷിക്കാൻ അവർ ബാധ്യസ്ഥരല്ല. വ്യക്തിനിയമങ്ങൾ സംരക്ഷിക്കപ്പെട്ടുകൊണ്ടുള്ള ഏകീകൃത സിവിൽ കോഡ് മാത്രമെ രാജ്യത്ത് നടപ്പാക്കാവൂ എന്നായിരുന്നു അവരുടെ ആവശ്യം. ഇതിനായി ഇസ്മായിൽ സാഹിബ് വിവിധ യൂറോപ്യൻ രാജ്യങ്ങളുടെ ഭരണഘടന ഉദ്ധരിച്ചു. അന്ന് സഭയിൽ ബി.പോക്കർ സാഹിബ് നടത്തിയ പ്രസംഗം ഏകീകൃത സിവിൽ കോഡ് വാദത്തിന്റെ സർവ മുനകളും ഒടിക്കുന്ന തരത്തിലായിരുന്നു.**

ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ്, ബി.പോക്കർ സാഹിബ്, മെഹ്ബൂബ് അലി ബേഗ് തുടങ്ങിയ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് നേതാക്കൾ ഏകീകൃത സിവിൽ കോഡിനെ മാർഗനിർദേശക തത്ത്വങ്ങളിൽ ചേർക്കുന്നതിനെ ശക്തിയുക്തം എതിർത്തിരുന്നു. മൂവരും അംബേദ്കർ അവതരിപ്പിച്ചതിന് വ്യത്യസ്ത ഭേദഗതികൾ അവതരിപ്പിച്ചു.

ഇസ്മായിൽ സാഹിബിന്റെ ഭേദഗതി ഇങ്ങനെയായിരുന്നു: "Provided that any group, section or community of people shall not be obliged to give up its own personal law in case it has such a law." (ഏതെങ്കിലും ഗ്രൂപ്പോ വിഭാഗമോ സമുദായമോ അവർക്ക് അങ്ങനെയൊരു വ്യക്തിനിയമം ഉണ്ടെങ്കിൽ പ്രസ്തുത നിയമം ഉപേക്ഷിക്കാൻ അവർ ബാധ്യസ്ഥരല്ല). വ്യക്തിനിയമങ്ങൾ സംരക്ഷിക്കപ്പെട്ടുകൊണ്ടുള്ള ഏകീകൃത സിവിൽ കോഡ് മാത്രമെ രാജ്യത്ത് നടപ്പാക്കാവൂ എന്നായിരുന്നു അവരുടെ ആവശ്യം. ഇതിനായി ഇസ്മായിൽ സാഹിബ് വിവിധ യൂറോപ്യൻ രാജ്യങ്ങളുടെ ഭരണഘടന ഉദ്ധരിച്ചു. യൂഗോസ്ലോവിയൻ ഭരണഘടനയിലെ വാചകം ഇങ്ങനെയാണ്: "The Serb, Croat and Slovene State agrees to grant to the Mussulmans in the matter of family law and personal status provisions suitable for regulating these matters in accordance with the Mussulman usage." (കുടുംബ നിയമങ്ങളിലും വ്യക്തിഗത പദവികളിലും മുസൽമാന്മാരുടെ പതിവനുസരിച്ച് പ്രവർത്തിക്കാൻ അവർക്ക് അനുമതി നൽകിയതായി സെർബ്, ക്രോട്ട്, സ്ലൊവീൻ രാഷ്ട്രം സമ്മതിച്ചിരിക്കുന്നു).

അന്ന് സഭയിൽ ബി.പോക്കർ സാഹിബ് നടത്തിയ പ്രസംഗം ഏകീകൃത സിവിൽ കോഡ് വാദത്തിന്റെ സർവ മുനകളും ഒടിക്കുന്ന തരത്തിലായിരുന്നു.

(തുടരും)




# ഉൽക്ക വീഴ്ചയും കറുത്ത മരണവും

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

**ഖലീഫയും കുതിരയും**

1910 നവംബറിലെ ‘തശ്ഹീദുൽ അസ്ഹാൻ’ മാസികയിൽ, അതിന്റെ എഡിറ്ററും 1914 മുതൽ ഖാദിയാനി വിഭാഗത്തിന്റെ ഖലീഫയുമായ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഒരു പ്രവചന സാക്ഷാത്കാരത്തെക്കുറിച്ച് എഴുതുന്നു:

“അഞ്ചോ അതിലധികമോ വർഷങ്ങൾക്കു മുമ്പ് മസീഹ് ഒരു സ്വപ്നം വിവരിച്ചു: ‘മൗലവി ഹകീം നൂറുദ്ദീൻ സാഹിബ് കുതിരപ്പുറത്തുനിന്ന് വീണത് ഞാൻ കണ്ടു.’ ഇപ്പോൾ 1910 നവംബർ 18ന് അത് ഭംഗിയായി പുലർന്നിരിക്കുന്നു” (പേജ് 671).


തുടർന്ന് എഴുതുന്നു: “പ്രവചനം നടത്തുമ്പോൾ അദ്ദേഹത്തിന്റെ എന്നല്ല, ഖാദിയാനിലെ ഒരു അഹ്മദിയുടെയും കൈവശം കുതിര ഉണ്ടായിരുന്നില്ല. മസീഹ് മരിക്കുവോളം പ്രവചനം പുലരാതിരിക്കുക, പിന്നെ ആരോ ഒരാൾ അബ്ദുൽ ഹയ്യിന് കുതിരയെ സമ്മാനിക്കുക, മൗലവി നവാബിനെ കാണാനായി അവിടെവരെ പോവുക, കാലു വെക്കുന്നതിന്റെ ഉയരം കുറയ്ക്കാതിരിക്കുക, കൂട്ടുകാർക്ക് ഒപ്പം നടക്കാൻ ആഗ്രഹം

**മിർസാ ഖാദിയാനിയുടെ പ്രവാചകത്വത്തിന് പ്രകൃതിപരമായ ഒരു അടയാളമാണത്രെ ഉൽക്ക വീഴ്ച. എട്ടു വർഷങ്ങൾക്ക് ശേഷം എഴുതിയ 'ആയീനയെ കമാലാതെ ഇസ്‌ലാമി'ലൂടെയാണ് ഈ സംഭവം ആദ്യമായി മാലോകരെ അറിയിക്കുന്നത്. അദ്ദേഹംതന്നെ എഴുതിയതുപോലെ മറ്റുള്ളവരൊക്കെ ഇത് അറിയാതെയും നോക്കാതെയും കിടന്നുറങ്ങിയപ്പോൾ തനിക്ക് ലഭിച്ച ഇൽഹാം പ്രകാരമുള്ള ഒരു അടയാളമാണെന്ന് ഊറ്റംകൊണ്ട് സ്വയം ആസ്വദിക്കുകയായിരുന്നു ആ സാധു. ഈ അടയാളം കണ്ടിട്ടൊന്നും ഇന്ത്യയിൽ ഒരു നബി വന്നിട്ടുണ്ടെന്ന കാര്യം ആരും അറിഞ്ഞില്ല. 1885ൽ അദ്ദേഹം പ്രവാചകത്വം വാദിച്ചിരുന്നുവോ എന്ന ചോദ്യവും ഉത്തരം തേടുന്നു.**

പ്രകടിപ്പിച്ചിട്ടും കുതിരപ്പുറത്ത് യാത്ര ചെയ്യുക, കുതിര അതിശീഘ്രം കുതിച്ച് കൂട്ടുകാരിൽനിന്ന് ഏറെ മുന്നോട്ടു പോവുക, കല്ല് നിറഞ്ഞ സ്ഥലത്തുതന്നെ ചെന്ന് വീഴുക! ഈ പ്രവചനം പുലരാൻ വേണ്ടി മാത്രം അല്ലാഹു ആസൂത്രണം ചെയ്ത അത്ഭുതകരമായ സംവിധാനങ്ങളായിരുന്നു ഇതെല്ലാം. അല്ലാതെ മറ്റൊന്നിനും ആയിരുന്നില്ല" (അടിക്കുറിപ്പ്, പേജ് 671).

ഈ വിശദീകരണം കേട്ടാൽ ഖാദിയാനി പ്രവാചകന്റെ ഏറ്റവും പ്രധാനപ്പെട്ട അടയാളമായിരുന്നു ഇതെന്നു തോന്നിപ്പോകും. പക്ഷേ, ഹകീം നൂറുദ്ദീൻ കുതിരപ്പുറത്തുനിന്ന് വീണു എന്ന സ്വപ്നം തന്റെ പുസ്തകത്തിൽ എവിടെയും അദ്ദേഹം രേഖപ്പെടുത്തിയിട്ടില്ല. 1910ൽ അഞ്ചോ അതിലധികമോ വർഷങ്ങൾക്കു മുമ്പ് എന്ന് കൃത്യതയില്ലാതെ പറയുമ്പോൾതന്നെ മനസ്സിലാക്കാം ഇതിന് യാതൊരു തെളിവും സമർപ്പിക്കാൻ സാധ്യമല്ല എന്ന്.

തന്റെ മരണശേഷം ഉടലെടുത്ത ലാഹോരി വിഭാഗത്തിന്റെ നേതാക്കളോട് അടുപ്പം പുലർത്തിയിരുന്ന ഒന്നാം ഖലീഫയെ ഇകഴ്ത്തുക കൂടി ഇതിന്റെ ഉദ്ദേശ്യമാണോ എന്ന് തോന്നിപ്പോകും; താൻ എഡിറ്ററായ പ്രസിദ്ധീകരണത്തിൽ ഖലീഫ നൂറുദ്ദീൻ കുതിരപ്പുറത്തുനിന്ന് വീണ കഥ മിർസാ ബശീറുദ്ദീൻ ആവശ്യമില്ലാതെ വിവരിക്കുന്നത് വായിക്കുമ്പോൾ.



**'ആളറിയാം,' പറയില്ല!**

'നമ്മുടെ ജമാഅത്തിൽ പെട്ട ഒരാൾ കുതിരപ്പുറത്തുനിന്ന് വീണു.' അനുയായികളോട് താൻ കണ്ട ഒരു സ്വപ്നം വിവരിക്കുകയാണ് മിർസാ പ്രവാചകൻ.

"ഞാൻ ആലോചിച്ചു; എങ്ങനെയാണ് ഇതിനെ വ്യാഖ്യാനിക്കുക? ഏറ്റവും അടുത്തതുമായി ബന്ധപ്പെടുത്തി ഇതിനെ വ്യാഖ്യാനിക്കാം.'

'ഞാൻ മയക്കത്തിലേക്കു വീണു. അപ്പോൾ ഇൽഹാം അവതരിച്ചു: 'ബാലൻസ് തെറ്റിയതാണ്.' ഒരാൾ ചോദിച്ചു: 'ഹുസൂർ, ആരാണ് വീണത്?'

അവർക്കറിയാമല്ലോ, അവരുടെ കൂട്ടത്തിൽ പെട്ട ആരും വീണിട്ടില്ലെന്ന്; കുതിരപ്പുറത്ത് കയറിയിട്ട് പോലുമില്ലെന്നും.

'ആളെ അറിയാം. പക്ഷേ, അല്ലാഹുവിന്റെ അനുമതിയില്ലാതെ പറയാൻ പറ്റില്ല. എന്റെ പണി പ്രാർഥിക്കുക മാത്രമാണ്" (പേജ് 385-386).

മിർസയ്ക്ക് 'ഇൽഹാം' അവതരിപ്പിക്കുന്ന 'യലാശു'വിന്റെ ഒരു രീതിയാണിത്. ആവശ്യമില്ലാത്ത കാര്യം വിശദീകരിക്കും, ആളെ പറഞ്ഞുകൊടുക്കും, എല്ലാം ചെയ്യും. പക്ഷേ, നിസ്സാരകാര്യങ്ങൾക്ക് വാശിപിടിക്കും. കുതിരപ്പുറത്തുനിന്ന് ബാലൻസ് തെറ്റി വീണതാരാണെന്ന് പറഞ്ഞാലെന്താ? പേര് വെളിപ്പെടുത്താൻ അനുവദിക്കാതിരിക്കാൻ മാത്രം നാണംകെട്ട കാര്യമാണോ അത്?

നേരത്തെ ഹകീം നൂറുദ്ദീൻ കുതിരപ്പുറത്തുനിന്ന് വീണതിനെപ്പറ്റി പറഞ്ഞപ്പോൾ ഇല്ലാത്ത എന്തു മാനഹാനിയാണ് ഈ കാര്യത്തിൽ ഉള്ളത്?

**ഉറുമാലും പിഴയും**

'മൗലവി കറമുദ്ദീന്റെ കേസിൽ വിധി വരുന്ന ദിവസം, മരച്ചുവട്ടിൽ ഉലാത്തുകയായിരുന്നു മസീഹ്. കൂടെയുണ്ടായിരുന്ന ഹകീം നൂറുദ്ദീൻ എന്തോ പറഞ്ഞു. കോടതിയിൽനിന്ന് വിളികേട്ടു. മസീഹ് പറഞ്ഞു: 'എന്റെ ഉറുമാൽ കുളത്തിൽ വീണുപോയ

തായിരുന്നു. ഞാൻ അത് തപ്പിയെടുത്തു.' പിന്നെ പറഞ്ഞു: 'ചെറിയ പിഴ വിധിക്കും. പിന്നെ വെറുതെ വിടും.' അതുതന്നെ സംഭവിച്ചു" (പേജ് 670).

നേരത്തെ നേർക്കുനേരെ പറഞ്ഞ പലതിന്റെയും അർഥം മനസ്സിലായില്ല എന്നായിരുന്നു പരാതി. ഇപ്പോൾ ടൗവൽ കുളത്തിൽ വീണതും തപ്പിയെടുത്തതും വ്യാഖ്യാനിക്കുകയാണ്, പിഴ വിധിക്കും, പിന്നെ വെറുതെ വിടുമെന്ന്! എന്താ ലേ...?

**ഉൽക്ക വീഴ്ച**

"1885 നവംബർ 28ന് രാത്രി ആകാശത്ത് ഒരുപാട് വാൽനക്ഷത്രങ്ങൾ കാണപ്പെട്ടു. ഞാൻ അങ്ങനെ ഒരു കാഴ്ച ജീവിതത്തിൽ കണ്ടിട്ടില്ല. തീജ്വാലകൾ ആകാശത്തിന്റെ അന്തരീക്ഷമാകെ അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞു. വിവരിക്കാൻ മുൻ മാതൃകകൾ ഇല്ലല്ലോ! അപ്പോൾ എനിക്ക് വളരെ കൂടുതലായി ഇൽഹാമുകൾ അവതരിച്ചു: 'നീ ഏതൊന്ന് എറിഞ്ഞുവോ, അത് നീയല്ല എറിഞ്ഞത്. തീർച്ചയായും അല്ലാഹുവാണ് എറിഞ്ഞത്.' യൂറോപ്പിലും അമേരിക്കയിലും ഏഷ്യയിലുമുള്ള നിരവധി പത്രങ്ങൾ ഈ സംഭവം പ്രാധാന്യപൂർവം റിപ്പോർട്ട് ചെയ്തു. ജനങ്ങൾ അതിനു വലിയ പ്രാധാന്യം കൽപിച്ചില്ല. പക്ഷേ, അല്ലാഹുവിനറിയാം, ഈ കാഴ്ച വളരെ താൽപര്യത്തോടെ നോക്കുകയും ആസ്വദിക്കുകയും ചെയ്ത ആൾ ഞാനായിരുന്നു. വൈകുന്നേരം തുടങ്ങിയ അത്ഭുതം ഞാൻ ഏറെ നേരം കണ്ടുനിന്നു. ഇൽഹാമീ സുവാർത്ത കാരണം ഞാൻ അതിൽ കണ്ണും നട്ടിരുന്നു. 'നിനക്കായി ഇതാ ഒരു അടയാളം' എന്ന് എന്റെ മനസ്സിലേക്ക് ഇട്ടുതന്നു.

പിന്നീട് യൂറോപ്പിലെ ആളുകൾക്കും ഈ അടയാളം ദൃശ്യമായി. നിന്റെ സത്യതയ്ക്കുള്ള മറ്റൊരു അടയാളമാണ് ഈ നക്ഷത്രം എന്ന് എന്റെ മനസ്സിൽ തോന്നിപ്പിച്ചു" (പേജ് 135,136).

മിർസാ ഖാദിയാനിയുടെ



**"ഇന്ന് (4.5.1904) റിവ്യൂ എഡിറ്റർ മൗലവി മുഹമ്മദലി എം എയ്ക്ക് കടുത്ത പനിയും തലവേദനയും ബാധിച്ചതോടെ പ്ലേഗാണെന്ന് വല്ലാത്ത ആശങ്കയിലായി. വിവരമറിഞ്ഞു മസീഹ് വന്നു. 'എന്റെ വീട്ടിലുള്ള താങ്കൾക്ക് പ്ലേഗ് ബാധിച്ചാൽ എനിക്കവതരിച്ച ഇൽഹാമിന് നാണക്കേടാണെ'ന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം നാഡി പിടിച്ചു നോക്കി. 'ഇത് കടുത്ത പനിയല്ല' എന്ന് പറഞ്ഞു. പിന്നീട് തെർമോമീറ്റർ വരുത്തി പരിശോധിച്ചു. എന്റെ വഹ്‌യുകളിൽ അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിലെന്ന പോലെ എനിക്ക് വിശ്വാസമുണ്ട്' എന്ന് പറഞ്ഞു" (പേജ് 348, അടിക്കുറിപ്പ്). അത് പിന്നെ പറയാനുണ്ടോ? മറ്റുള്ളവർക്കല്ലേ ഈ വഹ്‌യുകളെക്കുറിച്ച് ശങ്കയുണ്ടാവൂ!**

പ്രവാചകത്വത്തിന് പ്രകൃതിപരമായ ഒരു അടയാളമാണത്രെ ഇത്. എട്ടു വർഷങ്ങൾക്ക് ശേഷം എഴുതിയ 'ആയീനയെ കമാലാതെ ഇസ്‌ലാമി'ലൂടെയാണ് ഈ സംഭവം ആദ്യമായി മാലോകരെ അറിയിക്കുന്നത്. അദ്ദേഹംതന്നെ എഴുതിയതുപോലെ മറ്റുള്ളവരൊക്കെ ഇത് അറിയാതെയും നോക്കാതെയും കിടന്നുറങ്ങിയപ്പോൾ തനിക്ക് ലഭിച്ച ഇൽഹാം പ്രകാരമുള്ള ഒരു അടയാളമാണെന്ന് ഊറ്റം കൊണ്ട് സ്വയം ആസ്വദിക്കുകയായിരുന്നു ആ സാധു.

ഈ അടയാളം കണ്ടിട്ടൊന്നും ഇന്ത്യയിൽ ഒരു നബി വന്നിട്ടുണ്ടെന്ന കാര്യം ആരും അറിഞ്ഞില്ല. 1885ൽ അദ്ദേഹം പ്രവാചകത്വം വാദിച്ചിരുന്നുവോ എന്ന ചോദ്യവും ഉത്തരം തേടുന്നു.

**മരണത്തിന്റെ കറുത്ത ചെടികൾ**

ചരിത്രം 'കറുത്ത മരണം' എന്ന് പേരിട്ട പ്ലേഗിനെ സംബന്ധിച്ച മിർസാ ഖാദിയാനിയുടെ പ്രവചനം എവ്വിധമാണ് സാക്ഷാത്കരിച്ചതെന്ന് പരിശോധിക്കുന്നത് കൗതുകകരമാണ്.

1896-97ൽ ഇന്ത്യയിൽ മാത്രം അമ്പതിനായിരത്തിലധികം പേർ പ്ലേഗ് ബാധിച്ച് മരിച്ചു എന്ന് 'ഹസ്രത്ത് അഹ്മദ്' എന്ന ജീവചരിത്ര കൃതിയിൽ എൻ. അബ്ദുറഹീം എഴുതുന്നു. (പേജ് 437).

ഇത് സംബന്ധിച്ച് ആദ്യത്തെ 'വഹ്‌യ്' 1998ലാണ് അവതരിച്ചത്. ഫെബ്രുവരി 6ലെ ഒരു സ്വപ്നം വിവരിക്കുന്നു:

"അല്ലാഹുവിന്റെ മലക്കുകൾ പഞ്ചാബിന്റെ വിവിധ ഭാഗങ്ങളിൽ കറുത്ത ചെടികൾ നടുന്നത് ഞാൻ കണ്ടു. അവ വിരൂപവും ഉയരം കുറഞ്ഞതും ഭയാനകവുമായിരുന്നു. അടുത്തുതന്നെ രാജ്യത്ത് പടർന്നു പിടിക്കാൻ പോകുന്ന പ്ലേഗിന്റെ ചെടികളാണെന്ന് അവർ

പറഞ്ഞു. അടുത്ത തണുപ്പുകാലത്തോ അതിനടുത്ത തണുപ്പുകാലത്തോ അത് പടരുക എന്ന് പറഞ്ഞത് എനിക്ക് നല്ല നിശ്ചയമില്ല'' (പേജ് 262).

തുടർന്നു പറയുന്നു: ''ഈ പരസ്യം ചെയ്യുന്ന കാലത്ത് പഞ്ചാബിൽ രണ്ടു ജില്ലകളിൽ മാത്രമാണ് പ്ലേഗ് ഉണ്ടായിരുന്നത്. പിന്നീട് 23 ജില്ലകളിലേക്കും വ്യാപിച്ചു. 360,000 പേരെ ബാധിച്ച മഹാമാരി 218,799 പേരുടെ ജീവനെടുത്തു'' (പേജ് 262).

**പ്ലേഗ് ഓർഡർ**

വീണ്ടും: ''രാത്രി ഞാൻ ഒരു സ്വപ്നം കണ്ടു. ഒരാൾ എനിക്കൊരു കടലാസ് തന്നു. കോടതി നാലിടത്ത് പ്ലേഗിന്റെ ഓർഡർ ഇട്ടിരിക്കുകയാണ്. ഞാനാണ് ഒപ്പിട്ടത് എന്നാണ് കടലാസിൽ എഴുതിയിരിക്കുന്നത്. ഓഫീസ് ബിയറർ എന്ന നിലയ്ക്ക് ഞാനാണല്ലോ അത് സൂക്ഷിക്കേണ്ടതും. ഞാൻ പറഞ്ഞു: 'കുറച്ചു കാലമായി ഈ വിധി വന്നിട്ട്. പക്ഷേ, ഇന്നേവരെ നടപ്പിലായിട്ടില്ല. ഞാൻ എന്താണ് മറുപടി കൊടുക്കുക? എനിക്ക് പേടിയാവുന്നു! രാത്രി മുഴുവൻ ഇങ്ങനെ കലഹിച്ചു കഴിഞ്ഞു. വിധി എന്റെ പേരിലാണ്, ഞാനാണ് വിധിച്ചത് എന്നപോലെ വലിയ അക്ഷരങ്ങളിൽ പ്ലേഗ് എന്ന് എഴുതിയിരിക്കുന്നു'' (പേജ് 354).

പ്ലേഗിന്റെ ഓർഡർ ഇട്ടത് താനാണെന്നും തന്റെ ജമാഅത്തിന് വേണ്ടിയാണെന്നും മിർസാ ഖാദിയാനി പറയുന്നു. ''ഈ മഹാമാരി മറ്റുള്ളവർക്ക് ഭീഷണിയായും എന്റെ ജമാഅത്തിന് അനുഗ്രഹവും അഭിവൃദ്ധിയുമായാണ് വ്യാപിച്ചിട്ടുള്ളത്'' (Ibid).

**കടലിലെ കപ്പൽ**

'ഡോ. അബ്ദുൽ ഹകീം ഖാൻ എന്റെ വീടിന്റെ മുമ്പിൽ നിൽക്കുന്നു.'

താൻ കണ്ട സ്വപ്നം വിവരിക്കുകയാണ് ഖാദിയാനി പ്രവാചകൻ: 'മുഹമ്മദ് ഇസ്ഹാഖിന്റെ ഉമ്മ (മിർസായുടെ ഭാര്യാ മാതാവ്) അയാളെ വീട്ടിലേക്ക് ക്ഷണിച്ചു. എന്നാൽ ഞാൻ അവനെ അകത്തു വരാൻ അനുവദിച്ചില്ല. 'ഞാൻ സമ്മതിക്കില്ല, നമുക്കത് മാനക്കേടാണ്' ഞാൻ പറഞ്ഞു. ശത്രു വീട്ടിലേക്ക് കടക്കുക എന്നാൽ മരണമോ ആപത്തോ വന്നെത്തുക എന്നാണർഥം. അയാൾക്ക് പ്രവേശിക്കാനായില്ല. അല്ലാഹു ആപത്ത് ഒഴിവാക്കി. ഉടനെ വഹ്‌യ് അവതരിച്ചു: 'ഈ വീട്ടിലുള്ളവരെയൊക്കെ ഞാൻ സംരക്ഷിക്കും'' (പേജ് 567).

''അല്ലാഹു വ്യക്തമായി പറഞ്ഞു: നിന്റെ വീടിന്റെ നാല് ചുമരുകൾക്ക് അകത്തുള്ളവരെ ഞാൻ പ്ലേഗിൽനിന്ന് സംരക്ഷിക്കും'' (പേജ് 348).

(രണ്ടു പതിറ്റാണ്ട് കാലത്തോളം മിർസായുടെ അടുത്ത അനുയായിയും സന്തതസഹചാരിയുമായിരുന്ന ഡോ. അബ്ദുൽ ഹകീം ഖാൻ, 'മിർസ കള്ളവാദിയാണെന്ന് എനിക്ക് ഇൽഹാം ലഭിച്ചിരിക്കുന്നു' എന്ന് പറഞ്ഞുകൊണ്ട് മിർസയുടെ മരണം പ്രവചിച്ച വ്യക്തിയാണ്. 'ഇസ്‌ലാമും ഖാദിയാനിസവും' എന്ന എന്റെ കൃതിയിൽ ഇത് വിശദീകരിച്ചിട്ടുണ്ട്).

ഈ സംരക്ഷണ വാഗ്ദാനത്തിൽ പറഞ്ഞത് തന്റെ സ്വന്തം വീടാണെന്ന് വിശദീകരിച്ച്, വീട് വലുതാക്കാനായി ഫണ്ട് നൽകണമെന്ന് പരസ്യം ചെയ്തു ഖാദിയാനി പ്രവാചകൻ!

ഇതിനെ ബലപ്പെടുത്തുന്ന മറ്റൊരു റിപ്പോർട്ട് കാണുക: ''ഇന്ന് (4.5.1904) റിവ്യൂ എഡിറ്റർ മൗലവി മുഹമ്മദലി എം എയ്ക്ക് കടുത്ത പനിയും തലവേദനയും ബാധിച്ചതോടെ പ്ലേഗാണെന്ന് വല്ലാത്ത ആശങ്കയിലായി. വിവരമറിഞ്ഞു മസീഹ് വന്നു. 'എന്റെ വീട്ടിലുള്ള താങ്കൾക്ക് പ്ലേഗ് ബാധിച്ചാൽ എനിക്കവതരിച്ച ഇൽഹാമിന് നാണക്കേടാണെ'ന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം നാഡി പിടിച്ചു നോക്കി. 'ഇത് കടുത്ത പനിയല്ല' എന്ന് പറഞ്ഞു. പിന്നീട് തെർമോമീറ്റർ വരുത്തി പരിശോധിച്ചു. എന്റെ വഹ്‌യുകളിൽ അല്ലാഹുവിന്റെ ഗ്രന്ഥങ്ങളിലെന്ന പോലെ എനിക്ക് വിശ്വാസമുണ്ട്' എന്ന് പറഞ്ഞു'' (പേജ് 348, അടിക്കുറിപ്പ്).

അത് പിന്നെ പറയാനുണ്ടോ? മറ്റുള്ളവർക്കല്ലേ ഈ വഹ്‌യുകളെക്കുറിച്ച് ശങ്കയുണ്ടാവൂ!

അടുത്ത വചനത്തിൽ വാഗ്ദാനം ആവർത്തിക്കുന്നു: ''തനിക്ക് പരിചയമുള്ളവരോ തന്നെ തിരിച്ചറിഞ്ഞവരോ ആയ ഒരാളും ഖാദിയാനിൽ പ്ലേഗ് ബാധിച്ച് മരിച്ചിട്ടില്ല. നമ്മുടെ ചുറ്റുമുള്ള വീടുകളിൽനിന്ന് ആർത്തനാദങ്ങൾ കേട്ടുകൊണ്ടിരുന്നു. അവയ്ക്കിടയിൽ നമ്മുടെ വീട് മാത്രം കടലിലെ കപ്പൽപോലെ സുരക്ഷിതമായി നിലകൊണ്ടു''(മൽഫൂസാത്തെ അഹ്‌മദിയ്യ, വാല്യം 9, പേജ് 17).

**മുട്ടയും മാംസവും**

സ്വപ്നവിവരണം തുടരുന്നു: ''പിന്നെ ഒരു മാംസക്കഷ്ണം കാണിച്ചുതന്നു. അത് ദുഃഖത്തെ സൂചിപ്പി

**ഭയാശങ്കകൾക്കിടയിലും പ്ലേഗിൽനിന്നുള്ള സുരക്ഷാവാഗ്ദാനം വീട്ടിലൊതുക്കാതെ ഖാദിയാൻ മുഴുവൻ സുരക്ഷിതമാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു: ''സർവശക്തനായ അല്ലാഹു ഖാദിയാനെ പ്ലേഗിൽനിന്ന് രക്ഷിക്കും. കാരണം ഖാദിയാനിൽ അല്ലാഹുവിന്റെ റസൂലും നബിയുമാണുള്ളത്. പഞ്ചാബിൽ ആകമാനം പ്ലേഗ് പടർന്നു. ഖാദിയാന്റെ രണ്ട് നാഴിക അടുത്തുവരെ അതെത്തി. പ്ലേഗ് ബാധിതർ ഖാദിയാനിൽ വന്നതോടെ സുഖപ്പെട്ടു!'' (ദാഫിഉൽ ബലാഅ്, പേജ്5). ഈ വാഗ്ദാനത്തിൽ വിശ്വസിച്ചു അനുയായികൾ ഖാദിയാനിലേക്ക് ഒഴുകുകയാണത്രെ! പക്ഷേ, ഈ സുരക്ഷാ വാഗ്ദാനം പൊള്ളയാണെന്ന് തെളിയിച്ചുകൊണ്ട് ഖാദിയാനിൽ പ്ലേഗ് പടർന്നുപിടിച്ചു. അഹ്‌മദികൾ ഉൾപ്പെടെ നൂറുകണക്കിന് പേർ മരിച്ചു.**

ക്കുന്നു. പിന്നെ കാണുന്നത് കയ്യിലിരുന്ന മുട്ട വീണ് ഉടയുന്നതാണ്. ഇത് ആരുടെയോ മരണത്തെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ സ്വപ്നത്തിൽ എല്ലാ കാര്യങ്ങളും പരസ്പരബന്ധിതമാകുന്നു. അത് പ്രാർഥനകൊണ്ട് വഴിമാറിയേക്കാം; ഖണ്ഡിതമായ കൽപനയല്ല" (പേജ് 567).

ചില വസ്തുക്കൾ സ്വപ്നം കണ്ടാൽ ഉണ്ടാകുന്ന ഫലങ്ങളെപ്പറ്റി തദ്കിറയിൽ പലയിടത്തായി വിശദീകരിച്ചിട്ടുണ്ട്. കൊടിയ അന്ധവിശ്വാസമാണെങ്കിലും അനുയായികൾ യൂസുഫ് നബി(അ)യുടെ സാദൃശ്യം ആരോപിക്കുകയാണ് അദ്ദേഹത്തിൽ. അവർ തമ്മിലാകട്ടെ ഒറിജിനലും ഡ്യൂപ്പും തമ്മിലുള്ള അന്തരമുണ്ടെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

മാംസവും മുട്ടയുമൊക്കെ സ്വപ്നത്തിൽ കണ്ടു മരണവും ആപത്തുമായി വ്യാഖ്യാനിച്ച് സ്വയം ഭയപ്പെടുക മാത്രമല്ല: തുടർന്ന് വായിക്കുക: "വാഗ്ദത്ത മസീഹ് ഈ സ്വപ്നദർശനത്തിന് ശേഷം ലാഹോറിലേക്ക് പോകാനൊരുങ്ങിയ ഭാര്യാപിതാവ് നാസർ നവാബിനെ തടഞ്ഞുകൊണ്ട് പറഞ്ഞു: 'താങ്കളുടെ കുടുംബത്തിൽ വലിയ വിപത്ത് സംഭവിക്കുമെന്ന് ഞാൻ സ്വപ്നത്തിലൂടെ അറിയുന്നു. അത് ഈ യാത്രയിൽതന്നെ ആകുമോ എന്നും അതുവഴി ശത്രുക്കൾ സന്തോഷിക്കുമോ എന്നും ഞാൻ ഭയപ്പെടുന്നു.''

ഇത് കേട്ട നാസർ നവാബും കുടുംബവും യാത്ര മാറ്റിവെച്ചു.

''രാവിലെ ഉണർന്നപ്പോൾ മകൻ മുഹമ്മദ് ഇസ്ഹാഖിന് കടുത്ത പനി! തുടയിൽ പോള പൊങ്ങുകയും ചെയ്തു. അതോടെ വീട്ടുകാരും ഹകീം നൂറുദ്ദീനും വല്ലാത്ത ആശങ്കയിലായി. മസീഹ് പ്രാർഥനയിൽ മുഴുകി. രണ്ടുമൂന്നു മണിക്കൂറുകൾക്കകം പനി വിട്ടു, രോഗം പൂർണമായി മാറി" (പേജ് 567,568, അടിക്കുറിപ്പ്).

**സുരക്ഷിത മേഖല**

ഭയാശങ്കകൾക്കിടയിലും പ്ലേഗിൽനിന്നുള്ള സുരക്ഷാവാഗ്ദാനം വീട്ടിലൊതുക്കാതെ ഖാദിയാൻ മുഴുവൻ സുരക്ഷിതമാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു: "സർവശക്തനായ അല്ലാഹു ഖാദിയാനെ പ്ലേഗിൽനിന്ന് രക്ഷിക്കും. കാരണം ഖാദിയാനിൽ അല്ലാഹുവിന്റെ റസൂലും നബിയുമാണുള്ളത്. പഞ്ചാബിൽ ആകമാനം പ്ലേഗ് പടർന്നു. ഖാദിയാന്റെ രണ്ട് നാഴിക അടുത്തുവരെ അതെത്തി. പ്ലേഗ് ബാധിതർ ഖാദിയാനിൽ വന്നതോടെ സുഖപ്പെട്ടു!" (ദാഫിഉൽ ബലാഅ്, പേജ് 5).

ഈ വാഗ്ദാനത്തിൽ വിശ്വസിച്ചു അനുയായികൾ ഖാദിയാനിലേക്ക് ഒഴുകുകയാണത്രെ! ''അദൃശ്യവൃത്താന്തം കണക്കെ എനിക്കൊരു ഇൽഹാം വന്നു: 'ഞാൻ കുടുംബസമേതം നിന്റെയടുത്തേക്ക് ഓടിവരുന്നു.' ഞാനിത് എല്ലാ സുഹൃത്തുക്കളെയും കേൾപിച്ചു. അന്നുതന്നെ ജമ്മുവിൽനിന്ന് ഖലീഫ നൂറുദ്ദീൻ സാഹിബിന്റെ കത്ത് വന്നു: 'ഈ പട്ടണത്തിൽ പ്ലേഗ് ശക്തിപ്രാപിച്ചുവരുന്നു. ഞാൻ ഭാര്യയെയും കൂട്ടി ഖാദിയാനിലേക്ക് വരാൻ താങ്കളുടെ അനുമതി കാത്തിരിക്കുന്നു" (പേജ് 341).

പക്ഷേ, ഈ സുരക്ഷാവാഗ്ദാനം പൊള്ളയാണെന്ന് തെളിയിച്ചുകൊണ്ട് ഖാദിയാനിൽ പ്ലേഗ് പടർന്നുപിടിച്ചു. അഹ്മദികൾ ഉൾപ്പെടെ നൂറുകണക്കിന് പേർ മരിച്ചു. പ്ലേഗ് ബാധിച്ച് മരിച്ച അഹ്മദികളെപ്പറ്റി 'വഹ്യ്' ഇങ്ങനെ അവതരിച്ചുവത്രെ:

"ഈ ഗേഹത്തിലുള്ള എല്ലാവരും സുരക്ഷിതരായിരിക്കും; അഹങ്കാരത്തോടെ തലപൊക്കിയവരൊഴികെ" (പേജ് 349).

എന്നുവച്ചാൽ? വിശദീകരണം വീണ്ടും വഹ്യായി വന്നു: "താങ്കളും താങ്കളുടെ നാല് ചുമരുകൾക്കുള്ളിൽ കഴിയുന്നവരുമായ, തികഞ്ഞ അനുസരണയോടെ പിൻപറ്റുന്നവരും താങ്കളിൽ പൂർണമായി ലയിക്കുന്നവരുമായ എല്ലാവരും പ്ലേഗിൽനിന്ന് സുരക്ഷിതരായിരിക്കും. ഈ അവസാനകാലത്ത് വിവിധ സമൂഹങ്ങൾ തമ്മിൽ തിരിച്ചറിയാനുള്ള ദൈവത്തിന്റെ അടയാളമായിരിക്കും ഇത്" (പേജ് 350).

അപ്പോൾ മുത്തകികളായ അഹ്മദികൾക്ക് പ്ലേഗ് ബാധിക്കില്ല എന്നാണോ?

''കടുത്ത നാശം വിതയ്ക്കുന്ന, ആളുകൾ പട്ടികളെപ്പോലെ ചാകുന്ന, ദുഃഖാതിരേകത്താൽ വേപഥു കൊണ്ട് ഭ്രാന്താകുന്ന, അതീവഗുരുതരമായ പ്ലേഗ് രോഗം പൊതുവെ ഖാദിയാനിൽ ഉണ്ടാകില്ല. ഈ ജമാഅത്തിലുള്ളവർ പൊതുവെ, മറ്റുള്ളവരെ അപേക്ഷിച്ച് പ്ലേഗിൽനിന്ന് സുരക്ഷിതരായിരിക്കും" (പേജ് 351).

ഈദൃശ വിശദീകരണങ്ങൾക്കും ഏറെ ആയുസ്സുണ്ടായി

**''കടുത്ത നാശം വിതയ്ക്കുന്ന, ആളുകൾ പട്ടികളെപ്പോലെ ചാകുന്ന, ദുഃഖാതിരേകത്താൽ വേപഥു കൊണ്ട് ഭ്രാന്താകുന്ന, അതീവഗുരുതരമായ പ്ലേഗ് രോഗം പൊതുവെ ഖാദിയാനിൽ ഉണ്ടാകില്ല. ഈ ജമാഅത്തിലുള്ളവർ പൊതുവെ, മറ്റുള്ളവരെ അപേക്ഷിച്ച് പ്ലേഗിൽനിന്ന് സുരക്ഷിതരായിരിക്കും'' (പേജ് 351). ഈദൃശ വിശദീകരണങ്ങൾക്കും ഏറെ ആയുസ്സുണ്ടായില്ല. 'ബദ്ർ' പത്രാധിപർ മുഹമ്മദ് അഫ്സലും ഖാദി അമീൻ ഹുസൈന്റെ മകനുമടക്കം പല പ്രമുഖരും കറുത്തമരണത്തിന് കീഴടങ്ങി.**




*പ്ലേഗിൽ നിന്നുള്ള സുരക്ഷാ വാഗ്ദാനം വിശദീകരിക്കുന്ന ഖാദിയാനി ഗ്രന്ഥം, 'കശ്തിയേ നൂഹ്' ഒന്നാം പതിപ്പിന്റെ ടൈറ്റിൽ പേജ്.*

ല്ല. 'ബദ്ർ' പത്രാധിപർ മുഹമ്മദ് അഫ്സലും ഖാദി അമീൻ ഹുസൈന്റെ മകനുമടക്കം പല പ്രമുഖരും കറുത്തമരണത്തിന് കീഴടങ്ങി.

**ശിക്കാറെ മിർഗ്**

'തദ്കിറ'യിൽ നിന്ന്: "ഇന്ന് (20.3.1905) ആരെപ്പറ്റിയാണെന്ന് അറിയില്ല, ഒരു ഇൽഹാം അവതരിച്ചു. 'മരണത്തിന്റെ ഇര' (ശികാറെ മിർഗ്). മാറ്റാനാകാത്ത വിധിപ്രകാരം, തന്റെ തെരഞ്ഞെടുക്കപ്പെട്ട ദൂതന് മുൻകൂട്ടി വെളിപ്പെടുത്തിയതുപോലെ, മുൻഷി മുഹമ്മദ് അഫ്സൽ 1905 മാർച്ച് 21ന് മരിച്ചു" (പേജ് 446).

ആരും തിരിഞ്ഞുനോക്കാനില്ലാതെ മുഹമ്മദ് അഫ്സൽ മരിച്ചു. പിന്നീട് ഖാദി മുഹമ്മദ് ഹുസൈന്റെ മകൻ മരണപ്പെട്ടപ്പോൾ ആരും ആ വീട്ടിലേക്ക് ചെന്നില്ല. ശേഷക്രിയകൾ സ്വയം നിർവഹിക്കേണ്ടിവന്നപ്പോൾ അയാൾ മർസയെയും അനുയായികളെയും കണക്കിന് ശകാരിച്ചു:

'കാഫിറുകളെക്കാൾ മോശമായിപ്പോയി നിങ്ങളുടെ പെരുമാറ്റം!' അദ്ദേഹം മുഖത്തുനോക്കി പറഞ്ഞു. അതോടെ മിർസ കണ്ണുതുറന്നു. ബദ്ർ പത്രത്തിൽ എഴുതി: 'നോമ്പും നമസ്കാരവുംപോലെ ഇസ്ലാമിലെ നിർബന്ധകാര്യമാണ് മയ്യിത്ത് പരിപാലനവും. നമ്മുടെ ജമാഅത്തിൽ ചേർന്നിട്ടും സ്വന്തം സഹോദരനോട് പട്ടികളോടെന്നപോലെ പെരുമാറുന്നത് എന്തൊരു കഷ്ടവും ലജ്ജാകരവുമാണ്.'

"പ്ലേഗ് ബാധിച്ച് മരിച്ച ആയിരങ്ങളെ കുളിപ്പിച്ച മുല്ലമാർ രോഗം ബാധിക്കാത്തതായി എനിക്കറിയാം... അല്ലാഹു മാതൃകയാക്കാനുദ്ദേശിച്ച ഈ ജമാഅത്തിൽപോലും പരസ്പരം സ്നേഹവും സഹാനുകമ്പയുമില്ലെങ്കിൽ കഷ്ടമെന്നല്ലാതെ എന്തു പറയാൻ! അല്ലാഹു ഈ ജമാഅത്തിനെ പ്ലേഗിൽനിന്ന് രക്ഷിക്കട്ടെ" (ബദ്ർ, 4.5.1905).

**രക്തസാക്ഷികൾ**

"നമ്മുടെ ജമാഅത്തിൽപെട്ട ആരെങ്കിലും പ്ലേഗ് ബാധിച്ചു മരണപ്പെട്ടാൽ അവർ ശുഹദാക്കളാണെന്ന് മനസ്സിലാക്കുക. അവരുടെ മൃതദേഹം കുളിപ്പിക്കുകയോ കഫൻ ചെയ്യുകയോ വേണ്ട. സാധ്യമെങ്കിൽ വസ്ത്രത്തിനു മേലെ ഒരു തുണി വിരിച്ചേക്കുക. രോഗം പകരാൻ സാധ്യതയുള്ളതുകൊണ്ട് ആരും അടുത്ത് നിൽക്കരുത്. ദൂരെനിന്ന് ജനാസ നമസ്കരിക്കുക. അതൊരു പ്രാർഥന മാത്രമാണ്. അതിനായി തലക്കരികെ നിൽക്കേണ്ട ആവശ്യമില്ല. ശ്മശാനം ദൂരെയാണെങ്കിൽ വണ്ടിയിൽ കൊണ്ടുപോകാവുന്നതാണ്" എന്ന് മിർസാ ഖാദിയാനി ഫത്വ നൽകി.

ഖാദിയാനി മതത്തിൽ ശഹീദാവുക മുനാഫിഖുകളോ മുത്തഖികളോ?

'തതിമ്മയെ ഹഖീഖതുൽ വഹ്യി'ൽ മിർസ എഴുതി: "അഹ്മദികളിൽ ചിലർ പ്ലേഗ് ബാധിച്ചു മരണപ്പെട്ടതിനെ ചിലർ ആക്ഷേപിക്കുന്നു. ഡോ. അബ്ദുൽ ഹകീം ഖാൻ പ്ലേഗ് ബാധിച്ച് മരിച്ച അഹ്മദികളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. നിഷേധികൾക്ക് ശിക്ഷ എന്ന നിലയ്ക്കായിരുന്നുവല്ലോ യുദ്ധം നടന്നത്. എന്നിട്ടും മുഹമ്മദ് നബി(സ്വ)യുടെ അനുയായികൾ യുദ്ധങ്ങളിൽ രക്തസാക്ഷികളായിരുന്നില്ലേ എന്നാണ് അവരോട് ചോദിക്കാനുള്ളത്. ഞാൻ ശക്തിയായിത്തന്നെ പറയട്ടെ, ആരെങ്കിലും പ്ലേഗ് ബാധിച്ച് മരണപ്പെടുന്നുവെങ്കിൽ നമ്മുടെ ജമാഅത്തിലേക്ക് ഒന്നിന് നൂറായി ചേരുന്നുമുണ്ട്. ശത്രുക്കളെ ഈ രോഗം തളർത്തുമ്പോൾ നമ്മുടെ ജമാഅത്തിനെ പതിന്മടങ്ങ് വളർത്തുകയാണ്. മാസത്തിൽ അഞ്ഞൂറു പേരെങ്കിലും ജമാഅത്തിൽ ബൈഅത്ത് ചെയ്ത് അംഗങ്ങളാകുന്നുണ്ട്. ചിലപ്പോൾ അത് ആയിരവും രണ്ടായിരവുമാകുന്നു. പത്ത് പതിനഞ്ച് വർഷമെങ്കിലും ഈ രോഗം തുടർന്നാൽ രാജ്യം മുഴുവൻ അഹ്മദികളെക്കൊണ്ട് നിറയുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഇത് തെറ്റാണെന്ന് തെളിയിക്കുന്നവർക്ക് ആയിരം രൂപ പിഴ നൽകാൻ ഞാൻ തയ്യാറാണെന്ന് സത്യം ചെയ്തു പറയുന്നു" (പേജ് 131, 132).

പ്ലേഗുമായി ബന്ധപ്പെട്ട് അല്ലാഹുവിന്റെ വഹ്യുകളെന്ന പേരിൽ സമർപ്പിച്ച വചനങ്ങളെല്ലാം ഒന്നുകൂടി വായിച്ചുനോക്കാൻ അഹ്മദി വിശ്വാസികളോട് പ്രത്യേകം പറയുകയാണ്. ■




# അധ്യാപകരുടെ ചില വേവലാതികൾ

**സലാം സുറുമ ,എടത്തനാട്ടുകര**

✆: 9447364751

“വയ്യ ടീച്ചറേ, ഈ പണി നിർത്തി വേറെ വല്ല ജോലിക്കും പോയാലോ എന്നാണ് ഇപ്പോൾ ആലോചിക്കുന്നത്'' സ്റ്റാഫ് റൂമിൽവച്ച് സഹപ്രവർത്തകയുടെ സങ്കടം അണപൊട്ടിയൊഴുകി. സ്കൂളിലേക്ക് വരുമ്പോഴും പോകുമ്പോഴും കാൽ കിലോമീറ്റർ വഴിദൂരത്തിനിടയിൽ 'ഞാൻ ദേഹോപദ്രവമേൽപിക്കും' എന്ന മുനവച്ചുള്ള ഒരു വിദ്യാർഥിയുടെ കമന്റാണ് അധ്യാപിക സഹപ്രവർത്തകരോട് പങ്കുവച്ചത്.

ക്ലാസ്സിൽ ഒട്ടും ശ്രദ്ധിക്കാത്ത, സ്ഥിരമായി കൗണ്ടർ കമന്റ് പറയുന്ന ഒരു വിദ്യാർഥിയെ വഴക്കു പറഞ്ഞതിനാണ് മറ്റുള്ളവരുടെ മുമ്പിൽവച്ച് അവൻ അധ്യാപികയോട് മാസ് ഡയലോഗ് അടിച്ചത്. 'നിങ്ങളെ കുടുക്കാൻ വിളിക്കേണ്ട ഫോൺ നമ്പർ കാണാപ്പാഠമാണ് ടീച്ചറേ' എന്നുകൂടി അവൻ കൂട്ടിച്ചേർത്തപ്പോൾ, ഗൾഫിൽ നല്ല ശമ്പളമുള്ള ജോലി ഒഴിവാക്കി ഈ ജോലിക്ക് വരേണ്ടിയിരുന്നില്ല എന്ന് മനസ്സിൽ പറഞ്ഞുപോയി എന്ന് ടീച്ചർ പറഞ്ഞു.


പ്ലസ് ടു സപ്ലിമെമെന്ററി പരീക്ഷാ ദിവസം, ഉച്ചക്ക് ശേഷമുള്ള പരീക്ഷക്ക് രാവിലെത്തന്നെ സ്കൂളിലെത്തിയ ഒരു വിദ്യാർഥിനി, മറ്റൊരു ക്യാമ്പസിലെ ആൺസുഹൃത്തുമായി സ്കൂൾ ഗേറ്റിന് മുമ്പിൽ നിന്നുകൊണ്ട് ദീർഘസമയം കൊഞ്ചിക്കുഴയുന്നത് ഒരു അധ്യാപകൻ ചോദ്യം ചെയ്തപ്പോൾ, 'ഞങ്ങൾ പ്രായപൂർത്തിയായവരാണ്, സാറ് സ്കൂൾ കോമ്പൗണ്ടിലെ കാര്യം മാത്രം നോക്കിയാൽ മതി. ക്യാമ്പസിന് പുറത്ത് അച്ചടക്കവാളുമായി വരേണ്ട' എന്നു പറഞ്ഞ് കമിതാക്കൾ തന്നെ വിരട്ടിയ കാര്യം മറ്റൊരു അധ്യാപകൻ പങ്കുവച്ചു.

വർഷിക പരീക്ഷക്ക് കോപ്പിയടി പിടിച്ചതിന്, അവസാന പരീക്ഷയുടെയന്ന് ആ അധ്യാപകന്റെ ബുള്ളറ്റിന്റെ പെട്രോൾ ടാങ്ക് കുത്തിത്തുറന്ന് മണൽ നിറച്ചുവച്ച അനുഭവം മറ്റൊരു ടീച്ചർ പങ്കുവച്ചു. സ്കൂളിൽവച്ച് കേസുകൾ പിടിക്കുന്ന അധ്യാപകരുടെ വാഹനങ്ങൾ കേടുവരുത്തുന്ന വിദ്യാർഥികളുടെ എണ്ണം വല്ലാതെ കൂടുന്നുവെന്ന് മറ്റൊരു അധ്യാപകന്റെ ആത്മഗതം. പള്ളിയിൽ നിസ്കരിക്കാൻ കയറിയ സമയത്ത്, കേസ് പിടിച്ച അധ്യാപകന്റെ വിലകൂടിയ ചെരുപ്പ് നശിപ്പിച്ചതും വുഡ്ലാന്റ് ഷൂവിൽ വെള്ളം ഒഴിച്ചുവച്ചതും സ്റ്റാഫ് റൂമിലെ മറ്റൊരു ചർച്ചാ വിഷയം.

ലഹരിക്കേസ് പിടിക്കലാണ് മറ്റൊരു പൊല്ലാപ്പ്. ഒരു രക്ഷിതാവും തന്റെ മക്കൾ ലഹരി ഉപയോഗിക്കുന്ന കാര്യം സമ്മതിച്ചുതരില്ല. അവരെ വിദഗ്ധ ചികിൽസക്കോ കൗൺസിലിംഗിനോ കൊണ്ടുപോകുന്നതിനു പകരം അത്തരം കാര്യം ഇല്ല എന്ന് സ്ഥാപിക്കാനും ഈ പ്രശ്നം അറിയിച്ച അധ്യാപകനെ കേസിൽ കുടുക്കാനുമാണ് മിക്ക രക്ഷിതാക്കൾക്കും താൽപര്യം. അതുകൊണ്ട് തന്നെ പോലീസ്, എക്സൈസ് വകുപ്പുകളെ ഈ വിവരം അറിയിച്ച് പൊല്ലാപ്പിലാകാൻ പല അധ്യാപകരും ഇപ്പോൾ മെനക്കെടാറില്ല. വർഷങ്ങൾക്ക് ശേഷം, ഇത്തരം കുട്ടികളിലെ ചിലരെങ്കിലും പ്രദേശത്തെ ഏറ്റവും വലിയ സാമൂഹ്യദ്രോഹിയായി മാറുന്നത് രക്ഷിതാക്കൾക്ക് സങ്കടത്തോടെ നോക്കി നിൽക്കേണ്ടിവരുന്നു.

കടമകൾ പാടേ മറന്നുപോയ, എന്നാൽ സ്വന്തം അവകാശങ്ങളെക്കുറിച്ച് തികഞ്ഞ ബോധമുള്ള ഒരു വിദ്യാർഥി തലമുറയെയാണ് അധ്യാപകർ ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. പല കാരണങ്ങളാൽ, വിദ്യാർഥികൾക്കിടയിൽ അച്ചടക്കം പാടെ കുറഞ്ഞുവരുന്നു എന്ന സർവേ റിപ്പോർട്ടുകൾ നാം ഇതോടൊപ്പം ചേർത്തുവായിക്കണം.

തെറ്റുകൾ ചെയ്യുന്ന വിദ്യാർഥികളെ തിരുത്താനും ആവശ്യമെങ്കിൽ ചെറിയ രൂപത്തിലെങ്കിലും ശിക്ഷിക്കാനുമുള്ള അവകാശം രക്ഷിതാക്കളും പൊതുസമൂഹവും മാധ്യമങ്ങളും അധ്യാപകർക്ക് വകവച്ചു കൊടുക്കണം. ഇല്ലെങ്കിൽ, പൂർണമായും അച്ചടക്കരഹിതമായ ഒരു വിദ്യാർഥി തലമുറയെയാണ് സമൂഹം സഹിക്കേണ്ടി വരിക എന്നത് മറന്നുപോകരുത്. ■




# കുറ്റസമ്മതമൊഴി

**അബൂ ആദം അയ്മൻ**

പ്രതിയുടെ കുറ്റസമ്മതമൊഴി (confession)ക്ക് പ്രത്യേക പ്രാധാന്യമുണ്ട്. മജിസ്ട്രേറ്റ് മുമ്പാകെയോ, കേസ് നടപടികൾക്കിടയിലോ ക്രിമിനൽ കേസ് പ്രതി നടത്തുന്ന കുറ്റസമ്മതം കോടതിയിൽ സ്വീകാര്യമായ തെളിവാണ്. പ്രതി മജിസ്ട്രേറ്റ് മുമ്പാകെയോ, കേസ് നടപടികൾക്കിടയിൽ കോടതിയിലോ അല്ലാതെ, കോടതിക്കു വെളിയിൽ പൊലീസ് ഒഴികെ മറ്റാരോടെങ്കിലും ഭീഷണിക്കുവിധേയമായോ, പണം നൽകപ്പെട്ടു സ്വാധീനിച്ചിട്ടോ അല്ലാതെ സ്വമേധയാ നടത്തുന്ന കുറ്റസമ്മതം (extra judicial confession) തെളിവിലേക്ക് സ്വീകാര്യയോഗ്യമായിരിക്കും. എന്നാൽ പ്രതി പൊലിസിനോട് നടത്തുന്ന കുറ്റസമ്മതം (confession to police) കോടതി തെളിവായി സ്വീകരിക്കുന്നതല്ല.

ക്രിമിനൽ കേസ് അന്വേഷിക്കുന്ന പൊലീസ് ഉദ്യോഗസ്ഥൻ പ്രതിയെ കസ്റ്റഡിയിലെടുത്താൽ, 24 മണിക്കൂറിനകം ബന്ധപ്പെട്ട മജിസ്ട്രേറ്റിന്റെ മുമ്പാകെ ഹാജരാക്കിയിരിക്കണം. കേസ് നടപടികൾ എഴുതി സൂക്ഷിച്ചിരിക്കുന്ന ഡയറിയുടെ പകർപ്പും ഒപ്പം സമർപ്പിച്ചിരിക്കേണ്ടതാണ്. തെളിവെടുപ്പ് പൂർത്തിയാക്കാൻ പ്രതിയെ വിട്ടുകിട്ടണമെന്ന് പൊലീസ് അപേക്ഷിച്ചാൽ, കോടതിക്ക് യുക്തമെന്നു തോന്നുന്നപക്ഷം പൊലീസ് കസ്റ്റഡിയിൽ പ്രതിയെ വിട്ടുകൊണ്ട് ഉത്തരവാകാവുന്നതാണ്. ഈ നടപടിക്ക് പ്രതിയെ പൊലീസ് കസ്റ്റഡിയിൽ റിമാന്റ് ചെയ്യുകയെന്നാണ് പറയുക. ഇതിലേക്കായി അപേക്ഷിച്ചുകൊണ്ട് പൊലീസ് കോടതിയിൽ സമർപ്പിക്കുന്ന പ്രസക്ത വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ടാണ് റിമാൻഡ് റിപ്പോർട്ട് (remand report). ക്രിമിനൽ കേസ് പ്രതികളെ റിമാൻഡ് ചെയ്യുന്നതു സംബന്ധിച്ച വ്യവസ്ഥകൾ ക്രിമിനൽ നടപടി നിയമം 167ാം വകുപ്പിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതനുസരിച്ച് ഏതൊരു കേസിലായാലും പ്രതിയെ 15 ദിവസത്തിലധികം പൊലീസ് കസ്റ്റഡിയിൽ റിമാൻഡ് ചെയ്യുകൂടാത്തതാകുന്നു. ഈ കാലാവധിക്കുശേഷം കോടതിയിൽ ഹാജരാക്കപ്പെടുന്ന പ്രതിയെ കോടതി ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ് ചെയ്ത് കോടതിയുടെ നിയന്ത്രണത്തിലുള്ള ജയിലിലേക്കായിരിക്കും അയക്കുക. അന്വേഷണഘട്ടം അനാവശ്യമായി നീട്ടിക്കൊണ്ടുപോകുന്നത് തടയുന്നതിനായി വധശിക്ഷയോ, ജീവപര്യന്തം തടവുശിക്ഷയോ, പത്തുവർഷത്തിൽ കുറയാത്ത തടവുശിക്ഷയോ നൽകാവുന്ന കേസുകളിൽ പരമാവധി തൊണ്ണൂറു ദിവസങ്ങളായും മറ്റു കേസുകളിൽ പരമാവധി അറുപതു ദിവസങ്ങളായും റിമാൻഡ് കാലാവധി ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. ഈ കാലാവധി പൂർത്തിയാകുമ്പോൾ ജാമ്യമെടുക്കാൻ തയ്യാറെങ്കിൽ പ്രതിയെ കോടതി ജാമ്യത്തിൽ വിട്ടയയ്ക്കേണ്ടതാണ്.

**മാപ്പു നൽകൽ**

വധശിക്ഷ വിധിക്കപ്പെടുന്ന കേസുകളിലും, പാർലമെന്റ് നിർമിക്കുന്നതായ നിയമങ്ങൾ പ്രകാരമുള്ള മറ്റു കുറ്റകൃത്യങ്ങൾക്ക് ശിക്ഷ വിധിക്കപ്പെടുന്ന കേസുകളിലും, കോർട്ട് മാർഷൽ ശിക്ഷ വിധിക്കുന്ന കേസുകളിലും പ്രതിക്ക് മാപ്പു നൽകുന്നതിനോ, പ്രതിയുടെ ശിക്ഷ ഇളവുചെയ്യുന്നതിനോ ഭരണഘടന 12ാം വകുപ്പുപ്രകാരം രാഷ്ട്രപതിക്ക് അധികാരമുണ്ടായിരിക്കും. സംസ്ഥാനങ്ങളുടെ ഭരണ നിർവഹണാധികാര പരിധിയിൽ പെടുന്ന കുറ്റകൃത്യങ്ങൾക്ക് ശിക്ഷ വിധിക്കപ്പെടുന്ന കേസുകളിൽ പ്രതിക്ക് മാപ്പു നൽകുന്നതിനോ, പ്രതിയുടെ ശിക്ഷ ഇളവുചെയ്യുന്നതിനോ ഭരണഘടന 16ാം വകുപ്പു പ്രകാരം ഗവർണർക്കും അധികാരമുണ്ടായിരിക്കുന്നതാണ്.

(അവലംബം)



ലേഖനം

വിധി തേടുന്ന ഹിജാബും
കോടതിയിലെ വാദങ്ങളും - 29

# ക്ലാസ് മുറികളിലെ മതസ്വാതന്ത്ര്യവും ജസ്റ്റിസ് ധൂലിയയുടെ നിരീക്ഷണവും

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

> **മതവിശ്വാസത്തിന്റെ ഭാഗമായി ആരെങ്കിലും വസ്ത്രം ധരിക്കുന്നുണ്ടെങ്കിൽ അത് ഭരണഘടനാപരമായി സംരക്ഷിക്കപ്പെട്ടതാണെന്ന് യഹോവസാക്ഷികളുടെ കേസുമായി ബന്ധപ്പെട്ട വിധിപ്രസ്താവങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഏത് നിസ്സാര ന്യൂനപക്ഷമാണെങ്കിൽ പോലും അവരുടെ സ്വത്വം അനുസരിച്ച് ജീവിക്കാനുള്ള അവകാശം അനുച്ഛേദം 25 നൽകുന്നുണ്ട്.**
> **-ജസ്റ്റിസ് ധൂലിയ**

മതവിശ്വാസത്തിന്റെ ഭാഗമായി ആരെങ്കിലും വസ്ത്രം ധരിക്കുന്നുണ്ടെങ്കിൽ അത് ഭരണഘടനാപരമായി സംരക്ഷിക്കപ്പെട്ടതാണെന്ന് യഹോവസാക്ഷികളുടെ കേസുമായി ബന്ധപ്പെട്ട വിധിപ്രസ്താവങ്ങൾ ചൂണ്ടിക്കാട്ടി ജസ്റ്റിസ് ധൂലിയ സമർഥിച്ചു. ഏത് നിസ്സാര ന്യൂനപക്ഷമാണെങ്കിൽ പോലും അവരുടെ സ്വത്വം അനുസരിച്ച് ജീവിക്കാനുള്ള അവകാശം അനുച്ഛേദം 25 നൽകുന്നുണ്ട് എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട നിരീക്ഷണം.

**ജസ്റ്റിസ് ധൂലിയ തുടരുന്നു**

കർണാടക ഹൈക്കോടതിയുടെ ഉത്തരവിലേക്ക് മടങ്ങിവരുമ്പോൾ അംഗീകരിക്കാൻ പ്രയാസമുള്ള മറ്റൊരു കണ്ടെത്തലുണ്ട്. മുസ്‌ലിം പെൺകുട്ടികൾക്ക് ക്ലാസ് മുറിക്കു

**സ്കൂൾ ഒരു പൊതു ഇടമാണെങ്കിലും സ്കൂളിനെയും ജയിലിനെയും സൈനിക ക്യാമ്പിനെയും സമാന്തരമായി വരക്കുന്നത് ശരിയല്ല. വിദ്യാലയങ്ങളിൽ അച്ചടക്കം അനിവാര്യമാണ്. എന്നാൽ അച്ചടക്കം മൗലിക സ്വാതന്ത്ര്യങ്ങളെയോ അവർ കരുതിവരുന്ന അന്തസ്സിനെയോ വിലക്കിക്കൊണ്ടാവാൻ പാടില്ല. ഒരു പ്രീ-യൂണിവേഴ്സിറ്റി വിദ്യാർഥിനിയോട് സ്കൂൾ കവാടത്തിൽവച്ച് ശിരോവസ്ത്രം അഴിക്കാൻ ആവശ്യപ്പെടുന്നത് അവളുടെ സ്വകാര്യതയ്ക്കും അന്തസ്സിനും മേലുള്ള കടന്നുകയറ്റമാണ്.**

ളളിൽ അവരുടെ മൗലികാവകാശങ്ങൾ ഉറപ്പാക്കാൻ കഴിയില്ല എന്നാണ് ഹൈക്കോടതി പറയുന്നത്. സ്കൂളുകൾ 'യോഗ്യതയുള്ള പൊതുസ്ഥലങ്ങൾ' (qualified public places) ആണെന്നും സ്കൂളിനുള്ളിൽ ലഭിക്കുന്ന അവകാശങ്ങൾ കേവലം 'വ്യുത്പന്ന അവകാശം' (Derivative Righs) ആണെന്നുമാണ് ഹൈക്കോടതിയുടെ ഭാഷ്യം.

കർണാടക ഹൈക്കോടതിയുടെ വിധിയിൽ ഇങ്ങനെ കാണാം: 'വിദ്യാർഥികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് വേണ്ടി സ്ഥാപിതമായ പൊതു ഇടങ്ങളാണ് സ്കൂളുകൾ എന്ന് പ്രത്യേകം പറയേണ്ടതില്ല. അത്തരം 'യോഗ്യതയുള്ള പൊതു ഇടങ്ങളിൽ സൂക്ഷിക്കപ്പെടേണ്ട പൊതു അച്ചടക്കവും പൊതു ഭംഗിയുമുണ്ട്. അതിന് ഹാനികരമായ തരത്തിലുള്ള വ്യക്തിഗത അവകാശങ്ങളെ അത്തരം ഇടങ്ങൾ റദ്ദ് ചെയ്യുന്നു. പ്രധാനപ്പെട്ട (substantive) അവകാശങ്ങൾ പോലും അത്തരം പൊതു ഇടങ്ങളിൽ വ്യുത്പന്ന അവകാശങ്ങളായി രൂപാന്തരപ്പെടുന്നു" (പേജ് 100).

സ്കൂളുകൾ യോഗ്യതയുള്ള പൊതു ഇടങ്ങളാണ് എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ 'സ്കൂളുകൾ ബഹുസ്വരതയുടെ പ്രദർശന കേന്ദ്രമാണ്' എന്ന വിദ്യാർഥിനികളുടെ അവകാശവാദത്തെ അംഗീകരിക്കാൻ നിവൃത്തിയില്ല എന്നാണ് ഹൈക്കോടതി പറയുന്നത്. 'സാഹചര്യങ്ങൾക്ക് അനുസൃതമായാണ് ഓരോ വ്യക്തിയുടെയും അവകാശവും സ്വാതന്ത്ര്യവും നിശ്ചയിക്കപ്പെടുന്നത്. സ്ഥാനം, പദവി എന്നിവയ്ക്കനുസരിച്ചെല്ലാം അതിന് മാറ്റമുണ്ടാകും. സ്വയംഭരണത്തിന്റെ വിസ്തൃതി സ്വന്തം വീടുകളിൽ ബൃഹത്തായതായിരിക്കാം. എന്നാൽ സ്കൂളുകൾ, കോടതികൾ, സൈനിക കേന്ദ്രങ്ങൾ, പ്രതിരോധ ക്യാമ്പുകൾ തുടങ്ങിയ 'യോഗ്യതയുള്ള പൊതുസ്ഥലങ്ങളിൽ' അതാത് പ്രദേശങ്ങളുടെ അച്ചടക്കം, ഭംഗി എന്നിവയ്ക്ക് അനുസൃതമായി വ്യക്തികളുടെ സ്വാതന്ത്ര്യത്തിന് നിയന്ത്രണങ്ങളുണ്ടാകുന്നു" (പേജ് 104).

### സ്കൂളുകൾ സൈനിക കേന്ദ്രങ്ങളല്ല

ഒരു സ്കൂളിനെ സൈനിക കേന്ദ്രങ്ങളോടോ പ്രതിരോധ കേന്ദ്രങ്ങളോടോ താരതമ്യം ചെയ്യുന്നത് വിചിത്രമാണ്. സ്കൂളുകൾക്ക് സൈനിക ക്യാമ്പിന്റെ അച്ചടക്കവും ചിട്ടയും ആവശ്യമില്ല. സ്വന്തം വീടിനകത്തോ മറ്റോ ലഭിക്കുന്ന സ്വാതന്ത്ര്യം പൊതുസ്ഥലങ്ങളിൽ ഉണ്ടാവില്ല എന്നത് ശരിയാണ്. ഒരു നിശ്ചിത അളവിലുള്ള അച്ചടക്കവും പരിമിതികളും പൊതുസ്ഥലങ്ങളിൽ സ്വാഭാവികമാണ്.



ഇതിലൊന്നും ആർക്കും തർക്കമുണ്ടാവേണ്ടതില്ല. നമുക്ക് ഈ കേസിന്റെ വസ്തുതകൾ പരിശോധിക്കാം. നാം നിയമത്തിന്റെ ന്യായാധിപരാണ് എന്നതുപോലെ യാഥാർഥ്യത്തിന്റെ വിധികർത്താവ് കൂടിയായിരിക്കണം. ക്ലാസ് മുറികൾ പൊതുസ്ഥലമാണെങ്കിലും അവിടെ ഇപ്പോൾ ഉണ്ടായതുപോലെയുള്ള നിയന്ത്രണങ്ങൾ ആവശ്യമില്ല എന്നാണ് എന്റെ അഭിപ്രായം. നിയന്ത്രണങ്ങൾ വേണമെന്ന ആവശ്യം നീതീകരിക്കപ്പെടാവതല്ല.

**ശിരോവസ്ത്രനീക്കം ഭരണഘടനാ ലംഘനം**

സ്കൂൾ ഒരു പൊതു ഇടമാണെങ്കിലും സ്കൂളിനെയും ജയിലിനെയും സൈനിക ക്യാമ്പിനെയും സമാന്തരമായി വരക്കുന്നത് ശരിയല്ല. വിദ്യാലയങ്ങളിൽ അച്ചടക്കം അനിവാര്യമാണ്. എന്നാൽ അച്ചടക്കം മൗലിക സ്വാതന്ത്ര്യങ്ങളെയോ അവർ കരുതിവരുന്ന അന്തസ്സിനെയോ വിലക്കിക്കൊണ്ടാവാൻ പാടില്ല. ഒരു പ്രീ-യൂണിവേഴ്സിറ്റി വിദ്യാർഥിനിയോട് സ്കൂൾ കവാടത്തിൽവച്ച് ശിരോവസ്ത്രം അഴിക്കാൻ ആവശ്യപ്പെടുന്നത് അവളുടെ സ്വകാര്യതയ്ക്കും അന്തസ്സിനും മേലുള്ള കടന്നുകയറ്റമാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 19(1)(എ), 21 എന്നിവ പ്രകാരം അവർക്ക് നൽകിയിട്ടുള്ള മൗലികാവകാശത്തിന്റെ ലംഘനമാണ് ഇത്. അവളുടെ അന്തസ്സിനും അവളുടെ സ്വകാര്യതയ്ക്കുമുള്ള ഈ അവകാശം അവൾ സ്കൂൾ ഗേറ്റിനുള്ളിലോ ക്ലാസ് മുറിയിലോ ആയിരിക്കുമ്പോൾ പോലും അവൾക്ക് അവകാശപ്പെട്ടതാണ്. അത് അവളുടെ മൗലികാവകാശമാണ്, ഹൈക്കോടതി വിവരിച്ചതുപോലെ അതൊരു 'ഡെറിവേറ്റീവ് റൈറ്റ്' അല്ല.

**വ്യക്തികളുടെ അന്തസ്സും മൗലികാവകാശം**

നമ്മുടെ സ്കൂൾ പരിസരങ്ങളിലെ മതപരവും സാംസ്കാരികവുമായ അവകാശങ്ങളെ



**വിവേചനത്തിന്റെ ന്യായാന്യായങ്ങൾ നിർണയിക്കുന്നതിൽ ഏതെങ്കിലും ഒരു മതത്തിന്റെയോ സംസ്കാരത്തിന്റെയോ വിശ്വാസം പരിഗണിക്കണമെന്ന വാദം ആകർഷണീയമാണെങ്കിലും അത്തരം കാര്യങ്ങളിൽ കോടതികൾ സ്വയം ഇടപെടുമ്പോൾ പരിഹാരം കണ്ടെത്താൻ സാധിക്കാത്ത നിരവധി പ്രശ്നങ്ങൾ ഉയർന്നുവരും. ഇത് ഒരാളുടെ വ്യക്തിപരമായ സാമ്പ്രദായിക രീതികളിൽ ഇടപെടുന്നതിനും ഒരുവേള അവർക്കിടയിൽ നിലനിൽക്കുന്ന കയ്പേറിയ തർക്കത്തിൽ പക്ഷം പിടിക്കുന്നതിനും കാരണമാകും.**

ഭരണഘടനാ ജനാധിപത്യം അംഗീകരിക്കുന്ന ചില വിദേശ കോടതികളുടെ വിധിയുമായി താരതമ്യം ചെയ്തു പരിശോധിക്കാൻ ആഗ്രഹിക്കുന്നു. മറ്റ് രാജ്യങ്ങളിലെ കോടതികൾക്ക് മുമ്പിൽ വന്ന സമാനമായ ചില വിവാദങ്ങൾ പരാമർശിക്കുന്നത് ഈ അവസരത്തിൽ മൂല്യവത്താണ്. ഞാൻ ഇവിടെ പരാമർശിക്കാൻ ആഗ്രഹിക്കുന്ന രണ്ട് കേസുകൾ ഉണ്ട്. ആദ്യ കേസ് ദക്ഷിണാഫ്രിക്കയിലെ ഭരണഘടനാ കോടതിയുടെ 'മൂക്കുത്തി' കേസും രണ്ടാമത്തേത് ഇംഗ്ലണ്ടിലെ ഹൗസ് ഓഫ് ലോർഡ്സിന്റെ വിധിയുമാണ്. ദക്ഷിണാഫ്രിക്കയിലെ കേസ് അവിടുത്തെ ഭരണഘടനാ നിയമത്തിന്റെ പശ്ചാത്തലത്തിലാണ് കാണേണ്ടത്. അവിടെ വ്യക്തിയുടെ അന്തസ്സ് ഭരണഘടന പ്രകാരം സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. അത് അവകാശമാണ്. വിവേചനവുമായി ബന്ധപ്പെട്ട തർക്കങ്ങൾ കേൾക്കാൻ അവിടെ പ്രത്യേക 'സമത്വ കോടതികൾ' സ്ഥാപിച്ചിട്ടുണ്ട്.

**മൂക്കുത്തി കേസും ശിരോവസ്ത്രവും**

ദക്ഷിണാഫ്രിക്കയിലെ ഡർബൻ ഗേൾസ് ഹൈസ്കൂളിൽ (ഡിജിഎച്ച്എസ്) പത്താം ക്ലാസ് വിദ്യാർഥിനിയായിരുന്നു സുനാലി. സ്കൂളിലെ പെരുമാറ്റച്ചട്ടം സ്കൂളിൽ ആഭരണങ്ങൾ ധരിക്കു

ന്നത് നിരോധിച്ചിരുന്നു. സുനാലി പത്താം ക്ലാസിൽ പഠിക്കുമ്പോൾ, അവളുടെ അമ്മ അവൾക്ക് ധരിക്കാൻ ഒരു മൂക്കുത്തി (Nose stud)) നൽകി. ഒരു ഫാഷൻ ആയിട്ടല്ല, മറിച്ച് ഹിന്ദു-തമിഴ് സംസ്കാരത്തിന്റെ ഭാഗമായിട്ടാണ് സുനാലി അത് അണിഞ്ഞിരുന്നത്. മൂക്കുത്തി നീക്കം ചെയ്യാൻ സ്കൂൾ അധികൃതർ സുനാലിയോട് ആവശ്യപ്പെട്ടു. സുനാലി അത് വിസമ്മതിച്ചപ്പോൾ അവർ അവളുടെ അമ്മയെ വിളിച്ചു. ഇത് തങ്ങളുടെ ഹിന്ദു-തമിഴ് സംസ്കാരത്തിന്റെ ഭാഗമാണെന്നും ഇത് നീക്കം ചെയ്യാൻ കഴിയില്ലെന്നും അമ്മ അധികാരികളെ ധരിപ്പിച്ചു. സ്കൂൾ അധികൃതർ വഴങ്ങിയില്ല. സുനാലിക്ക് വേണ്ടി അമ്മ 'സമത്വ കോടതി'യിൽ ഒരു ഹർജി സമർപ്പിച്ചു. കോടതി സുനാലിയുടെ ഹരജി തള്ളി. തുടർന്ന് ഹൈക്കോടതിയിൽ അപ്പീൽ നൽകിയപ്പോൾ, അവളുടെ അപ്പീൽ അനുവദിക്കുകയും മൂക്കുത്തി നീക്കം ചെയ്യാൻ ആവശ്യപ്പെടുന്നത് വിവേചനത്തിന് തുല്യമാണെന്നതുകൊണ്ട് കോടതി സുനാലിക്ക് അനുകൂലമായി വിധിക്കുകയും ചെയ്തു.

**സ്കൂൾ വാദങ്ങളും കോടതി നിരീക്ഷണങ്ങളും**

മൂക്കുത്തി സുനാലിയുടെ മതത്തിലോ സംസ്കാരത്തിലോ അടിസ്ഥാനവിഷയമല്ല എന്നും, മറിച്ച് അത് ഐച്ഛികമായ ഒരു ആചാരം മാത്രമാണെന്നും സ്കൂൾ വാദിച്ചു. എന്നാൽ അടിസ്ഥാനവിഷയമാണോ അല്ലയോ എന്നത് എങ്ങനെ തീരുമാനിക്കും? സമൂഹവുമായും വ്യക്തിയുമായും ബന്ധപ്പെട്ട ആചാരത്തിന്റെയോ വിശ്വാസത്തിന്റെയോ കേന്ദ്രീകൃതത്വം നാം അന്വേഷിക്കേണ്ടതുണ്ടോ? കോടതിയുടെ ചോദ്യത്തിന് മുമ്പിൽ സ്കൂൾ അധികൃതർക്ക് മറുപടി ഉണ്ടായില്ല.

വിവേചനത്തിന്റെ ന്യായാന്യായങ്ങൾ നിർണയിക്കുന്നതിൽ ഏതെങ്കിലും ഒരു മതത്തിന്റെയോ സംസ്കാരത്തിന്റെയോ വിശ്വാസം പരിഗണിക്കണമെന്ന വാദം ആകർഷണീയമാണെങ്കിലും അത്തരം കാര്യങ്ങളിൽ കോടതികൾ സ്വയം ഇടപെടുമ്പോൾ പരിഹാരം കണ്ടെത്താൻ സാധിക്കാത്ത നിരവധി പ്രശ്നങ്ങൾ ഉയർന്നുവരും. ഇത് ഒരാളുടെ വ്യക്തിപരമായ സാമ്പ്രദായിക രീതികളിൽ ഇടപെടുന്നതിനും ഒരുവേള അവർക്കിടയിൽ നിലനിൽക്കുന്ന കയ്പേറിയ തർക്കത്തിൽ പക്ഷം പിടിക്കുന്നതിനും കാരണമാകും. ഒരു ദക്ഷിണേന്ത്യൻ തമിഴ്-ഹിന്ദു എന്ന നിലയിൽ മൂക്കുത്തി തന്റെ അടിസ്ഥാന വിശ്വാസാചാരമാണെന്ന് സുനാലി പറഞ്ഞാൽ, അവളുടെ മതവുമായോ സംസ്കാരവുമായോ ബന്ധമില്ലാത്ത കോടതി അവളുടെ ആചാരരീതികൾ തെറ്റാണെന്ന് പറയേണ്ടതില്ല-കോടതി നിരീക്ഷിച്ചു.

> **മതപരമായ ആചാരങ്ങളെ പോലെത്തന്നെ സാംസ്കാരികമായ ആചാരങ്ങളും ഒരു വ്യക്തിയുടെ വ്യക്തിത്വത്തിന് ഒരുപോലെ പ്രധാനമാണ്. ഒരു ആചാരം മതപരമോ സാംസ്കാരികമോ ആയി വിശേഷിപ്പിക്കപ്പെടുന്നുണ്ടോ എന്നതിനെക്കാൾ പ്രധാനം പ്രസ്തുത വ്യക്തി അതിനെ എങ്ങനെ കാണുന്നു എന്നതാണ് പരിഗണിക്കപ്പെടേണ്ടത്. ഭരണഘടന വൈവിധ്യത്തെ തിന്മയായിട്ടല്ല അംഗീകരിച്ചിട്ടുള്ളത്, മറിച്ച് രാജ്യത്തിന്റെ മൗലിക നിധികളിലൊന്നായിട്ടാണ് അതിനെ സ്ഥിരീകരിക്കുന്നത്**

മൂക്കുത്തി ഒരു മതപരമായ അലങ്കാരമല്ല, പകരം ഒരു സാംസ്കാരിക അടയാളം മാത്രമാണ് എന്നും അതുകൊണ്ട് സമത്വം ലംഘിക്കപ്പെട്ടിട്ടില്ല എന്നുമായിരുന്നു സ്കൂളിന്റെ അടുത്ത ന്യായം. എന്നാൽ ഈ വാദം തെറ്റാണെന്ന് കോടതി വ്യക്തമാക്കി. മതപരമായ ആചാരങ്ങളെ പോലെത്തന്നെ സാംസ്കാരികമായ ആചാരങ്ങളും ഒരു വ്യക്തിയുടെ വ്യക്തിത്വത്തിന് ഒരുപോലെ പ്രധാനമാണ്. ഒരു ആചാരം മതപരമോ സാംസ്കാരികമോ ആയി വിശേഷിപ്പിക്കപ്പെടുന്നുണ്ടോ എന്നതിനെക്കാൾ പ്രധാനം പ്രസ്തുത വ്യക്തി അതിനെ എങ്ങനെ കാണുന്നു എന്നതാണ് പരിഗണിക്കപ്പെടേണ്ടതെന്നും ദക്ഷിണാഫ്രിക്കൻ കോടതി പറഞ്ഞു.

സുനാലിക്ക് സ്കൂൾ പെരുമാറ്റച്ചട്ടങ്ങൾ ഇഷ്ടമല്ലെങ്കിൽ മൂക്കുത്തി ധരിക്കാൻ അനുവദിക്കുന്ന മറ്റൊരു സ്കൂളിൽ പോകാമെന്ന സ്കൂൾ വാദത്തോടും യോജിക്കാൻ കഴിയില്ല. മതങ്ങളെയും സംസ്കാരങ്ങളെയും പാർശ്വവൽക്കരിക്കുക എന്നതാണ് ഇതുകൊണ്ടുള്ള ഫലം. നമ്മുടെ ഭരണഘടനയുടെ മൂല്യങ്ങൾക്ക് തികച്ചും വിരുദ്ധമായ സമീപനമാണത്. ഭരണഘടന വൈവിധ്യത്തെ തിന്മയായിട്ടല്ല അംഗീകരിച്ചിട്ടുള്ളത്, മറിച്ച് രാജ്യത്തിന്റെ മൗലിക നിധികളിലൊന്നായിട്ടാണ് അതിനെ സ്ഥിരീകരിക്കുന്നത്- കോടതി അസന്ദിഗ്ധമായി പറഞ്ഞു.

*(അടുത്ത ലക്കത്തിൽ: മുൻകാല വിധികളും ശിരോവസ്ത്ര വിഷയവും)*



# വിലമതിക്കാനാവാത്ത മാതൃത്വം

ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

തന്റെ വയറ്റിനകത്ത് വളർന്നുകൊണ്ടിരിക്കുന്ന കുഞ്ഞിന്റെ വളർച്ചയും ചലനങ്ങളും മാതാവിന് അറിയാൻ കഴിയും. കുഞ്ഞിന്റെ ചലനമൊന്നു കുറഞ്ഞതായി തോന്നിയാൽ അവൾക്ക് ആശങ്കയേറും. ഗർഭധാരണത്തിന്റെ എല്ലാ പ്രയാസങ്ങളും അവൾക്ക് മധുരിതമായി തോന്നുന്നത് പിറക്കാനിരിക്കുന്ന കുഞ്ഞിനെ കാണാനുള്ള ആഗ്രഹംകൊണ്ടാണ്. കുഞ്ഞ് പിറന്നുവീണ് വാവിട്ട് കരയുകയും തന്റെ മാറിലേക്ക് വയ്ക്കപ്പെടുകയും ചെയ്യുന്നതോടു കൂടി ആ മാതാവ് പ്രസവ സമയത്ത് താൻ അനുഭവിച്ച പ്രാണ വേദന യത്രയും വിസ്മരിക്കുന്നു...!

ഗർഭാശയത്തിന്റെ ഇരുട്ടിൽ ഒമ്പതു മാസത്തിലേറെ സുരക്ഷിതമായി കഴിച്ചുകൂട്ടിയ കുഞ്ഞ് പുതിയ, പരിചിതമല്ലാത്ത ഒരു ലോകത്തേക്കാണ് കൺമിഴിക്കുന്നത്. അതിന്റെ അമ്പരപ്പ് മാതാവിന്റെ മാറിലെ ചൂട് അനുഭവിക്കുന്നതിലൂടെ വിട്ടകലുകയും നിർഭയത്വം അനുഭവപ്പെടുകയും ചെയ്യുന്നു. താൻ മാസങ്ങളോളം അനുഭവിച്ചറിഞ്ഞറിഞ്ഞ മാതാവിന്റെ ഹൃദയതാളം മാറോടു ചേർന്ന് കിടക്കുമ്പോൾ ആ കുഞ്ഞിന് കേൾക്കാം. തന്റെ ചൂടും ചൂരും പകർന്നു നൽകി കുഞ്ഞിനെ ചേർത്ത് പിടിക്കുമ്പോൾ ആ മാതാവ് അനുഭവിക്കുന്ന ആത്മനിർവൃതി പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്.

വെറുതെ കണ്ണടച്ച് കിടക്കുന്ന ആദ്യ ദിനങ്ങൾ മുതൽ തന്നെ കുഞ്ഞിന് തന്റെ മാതാവിന്റെ ശബ്ദം തിരിച്ചറിയാൻ കഴിയും. പിന്നീട്, കുഞ്ഞിക്കണ്ണ് തുറന്നു മങ്ങിയ കാഴ്ചയിൽ അവൻ/അവൾ ചുറ്റുപാടിനെ പതിയെ കണ്ട് മനസ്സിലാക്കും. ക്രമേണ വിളിപ്പുറത്ത് നോക്കിത്തുടങ്ങും, മോണ കാട്ടി ചിരിക്കും. എത്രമേൽ മനോഹരമാണ് ആ കാഴ്ച!

പിന്നീട് കുഞ്ഞ് തന്റെ മാതാവിന്റെ സാമീപ്യം ആഗ്രഹിക്കുന്ന എത്രയെത്ര സന്ദർഭങ്ങൾ... അതുപോലെ തന്നെ അവന്റെ/അവളുടെ ചിരി കളികളും കുഞ്ഞിക്കാലിന്റെ ആദ്യ ചുവടുവയ്പ്പുകളും കുസൃതികളുമെല്ലാം മാതാവിന്റെ മനസ്സിൽ നിറക്കുന്ന അനുഭൂതി വർണനാതീതമാണ്.

ഒരു മാതാവ് പ്രയാസത്തിനു മേൽ പ്രയാസം സഹിച്ചുകൊണ്ടാണ് ഒരു കുഞ്ഞിനെ ഗർഭം ചുമക്കുന്നതും പ്രസവിക്കുന്നതും:

''മനുഷ്യന് തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസനം നൽകിയിരിക്കുന്നു- ക്ഷീണത്തിനുമേൽ ക്ഷീണവുമായിട്ടാണ് മാതാവ് അവനെ ഗർഭം ചുമന്ന് നടന്നത്. അവന്റെ മുലകുടി നിർത്തുന്നതാകട്ടെ രണ്ടു വർഷം കൊണ്ടുമാണ്-എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദികാണിക്കൂ. എന്റെ അടുത്തേക്കാണ് (നിന്റെ) മടക്കം'' (ഖുർആൻ 31:14)

കുഞ്ഞിനെ ശൈശവത്തിൽ പരിപാലിക്കുന്നതും ഒരുപാട് പ്രയാസം സഹിച്ചുകൊണ്ട് തന്നെയാണ്. ഇതുകൊണ്ടല്ലാമാണ് ഒരു മനുഷ്യൻ അവന്റെ മാതാവിനോടാണ് ഏറ്റവും കൂടുതൽ കടപ്പെട്ടിരിക്കുന്നത് എന്ന് പ്രവാചകൻ(സ്വ) നമ്മെ പഠിപ്പിച്ചിട്ടുള്ളത്.

കുട്ടികൾ അവരുടെ വ്യക്തിത്വ രൂപീകരണത്തിന്റെ ആദ്യപാഠങ്ങൾ പഠിക്കുന്നത് അവരുമായി അടുത്ത് ഇടപഴകുന്നവരിൽനിന്നാണ്. അതിൽ ഒന്നാം സ്ഥാനത്തുള്ളത് മാതാവു തന്നെയാണ്. മക്കൾക്ക് സ്വന്തം വീട്ടിൽനിന്നും ലഭിക്കുന്ന സന്ദർഭോചിതമായ പ്രോത്സാഹനങ്ങളും ശാസനകളും തിരുത്തലുകളുമെല്ലാം അവരുടെ ശരിയായ മാനസിക വളർച്ചയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. അതുകൊണ്ട് തന്റെ ഉത്തരവാദിത്തം നിസ്സാരമല്ല എന്ന് മനസ്സിലാക്കി തന്റെ കുഞ്ഞിന് വേണ്ട സമയം മാറ്റിവച്ചുകൊണ്ടാവണം ഓരോ മാതാവും മുന്നോട്ടു പോകേണ്ടത്. മക്കൾക്ക് കൊടുക്കാനുള്ള ഏറ്റവും വലിയ സമ്പത്ത് തങ്ങളുടെ സ്നേഹ സമീപ്യമാണ് എന്ന് മാതാക്കൾ തിരിച്ചറിയണം.

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറ: ഗാഫിർ

## (പാപം പൊറുക്കുന്നവൻ)

അധ്യായം 40

(മക്കയിൽ അവതരിച്ചത്)

وَأَنذِرْهُمْ يَوْمَ ٱلْـَٔازِفَةِ إِذِ ٱلْقُلُوبُ لَدَى ٱلْحَنَاجِرِ كَٰظِمِينَ ۚ مَا لِلظَّٰلِمِينَ مِنْ حَمِيمٍ وَلَا شَفِيعٍ يُطَاعُ ﴿١٨﴾

يَعْلَمُ خَآئِنَةَ ٱلْأَعْيُنِ وَمَا تُخْفِى ٱلصُّدُورُ ﴿١٩﴾

وَٱللَّهُ يَقْضِى بِٱلْحَقِّ ۖ وَٱلَّذِينَ يَدْعُونَ مِن دُونِهِۦ لَا يَقْضُونَ بِشَىْءٍ ۗ إِنَّ ٱللَّهَ هُوَ ٱلسَّمِيعُ ٱلْبَصِيرُ ﴿٢٠﴾

أَوَلَمْ يَسِيرُوا۟ فِى ٱلْأَرْضِ فَيَنظُرُوا۟ كَيْفَ كَانَ عَٰقِبَةُ ٱلَّذِينَ كَانُوا۟ مِن قَبْلِهِمْ ۚ كَانُوا۟ هُمْ أَشَدَّ مِنْهُمْ قُوَّةً وَءَاثَارًا فِى ٱلْأَرْضِ فَأَخَذَهُمُ ٱللَّهُ بِذُنُوبِهِمْ وَمَا كَانَ لَهُم مِّنَ ٱللَّهِ مِن وَاقٍ ﴿٢١﴾

ذَٰلِكَ بِأَنَّهُمْ كَانَت تَّأْتِيهِمْ رُسُلُهُم بِٱلْبَيِّنَٰتِ فَكَفَرُوا۟ فَأَخَذَهُمُ ٱللَّهُ ۚ إِنَّهُۥ قَوِىٌّ شَدِيدُ ٱلْعِقَابِ ﴿٢٢﴾

18. ആസന്നമായ ആ സംഭവത്തിന്റെ ദിവസത്തെപ്പറ്റി നീ അവർക്ക് മുന്നറിയിപ്പു നൽകുക. അതായത് ഹൃദയങ്ങൾ തൊണ്ടക്കുഴികളുടെ അടുത്തെത്തുന്ന, അവർ ശ്വാസമടക്കിപ്പിടിച്ചവരായിരിക്കുന്ന സന്ദർഭം. അക്രമകാരികൾക്ക് ഉറ്റ ബന്ധുവായോ സ്വീകാര്യനായ ശുപാർശകനായോ ആരുംതന്നെയില്ല.

19. കണ്ണുകളുടെ കള്ളനോട്ടവും ഹൃദയങ്ങ ൾ മറച്ചു വയ്ക്കുന്നതും അവൻ (അല്ലാഹു) അറിയുന്നു.

20. അല്ലാഹു സത്യപ്രകാരം തീർപ്പുകൽപിക്കുന്നു. അവന്ന് പുറമെ അവർ വിളിച്ച് പ്രാർഥിക്കുന്നവരാകട്ടെ യാതൊന്നിലും തീർപ്പുകൽപിക്കുകയില്ല. തീർച്ചയായും അല്ലാഹുതന്നെയാകുന്നു എല്ലാം കേൾക്കുന്നവനും കണ്ടറിയുന്നവനും.

21. ഇവർ ഭൂമിയിലൂടെ സഞ്ചരിച്ചിട്ടില്ലേ? അപ്പോൾ ഇവർക്ക് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് ഇവർക്ക് നോക്കാമല്ലോ. അവർ ശക്തികൊണ്ടും ഭൂമിയിൽ (അവശേഷിപ്പിച്ച) സ്മാരകങ്ങൾകൊണ്ടും ഇവരെക്കാൾ കരുത്തരായിരുന്നു. എന്നിട്ട് അവരുടെ പാപങ്ങൾ നിമിത്തം അല്ലാഹു അവരെ പിടികൂടി. അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് അവർക്ക് കാവൽ നൽകാൻ ആരുമുണ്ടായില്ല.

22. അതെന്തുകൊണ്ടെന്നാൽ അവരിലേക്കുള്ള ദൈവദൂതന്മാർ വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുക്കൽ ചെല്ലാറുണ്ടായിരുന്നു. എന്നിട്ട് അവർ അവിശ്വസിച്ചുകളഞ്ഞു. അപ്പോൾ അല്ലാഹു അവരെ പിടികൂടി. തീർച്ചയായും അവൻ ശക്തനും കഠിനമായി ശിക്ഷിക്കുന്നവനുമത്രെ.

وَلَقَدْ أَرْسَلْنَا مُوسَىٰ بِـَٔايَـٰتِنَا وَسُلْطَـٰنٍ مُّبِينٍ ﴿٢٣﴾

إِلَىٰ فِرْعَوْنَ وَهَـٰمَـٰنَ وَقَـٰرُونَ فَقَالُوا۟ سَـٰحِرٌ كَذَّابٌ ﴿٢٤﴾

فَلَمَّا جَآءَهُم بِٱلْحَقِّ مِنْ عِندِنَا قَالُوا۟ ٱقْتُلُوٓا۟ أَبْنَآءَ ٱلَّذِينَ ءَامَنُوا۟ مَعَهُۥ وَٱسْتَحْيُوا۟ نِسَآءَهُمْ ۚ وَمَا كَيْدُ ٱلْكَـٰفِرِينَ إِلَّا فِى ضَلَـٰلٍ ﴿٢٥﴾

23. തീർച്ചയായും നാം നമ്മുടെ ദൃഷ്ടാന്തങ്ങളും വ്യക്തമായ പ്രമാണവുംകൊണ്ട്മൂസായെ അയക്കുകയുണ്ടായി
24. ഫിർഔന്റെയും ഹാമാന്റെയും ക്വാറൂന്റെയും അടുക്കലേക്ക്. അപ്പോൾ അവർ പറഞ്ഞു; വ്യാജവാദിയായ ഒരു ജാലവിദ്യക്കാരൻ എന്ന്.
25. അങ്ങനെ നമ്മുടെ പക്കൽനിന്നുള്ള സത്യവുംകൊണ്ട് അദ്ദേഹം അവരുടെ അടുക്കൽ ചെന്നപ്പോൾ അവർ പറഞ്ഞു: ഇവനോടൊപ്പം വിശ്വസിച്ചവരുടെ ആൺമക്കളെ നിങ്ങൾ കൊന്നുകളയുകയും അവരുടെ സ്ത്രീകളെ ജീവിക്കാൻ അനുവദിക്കുകയും ചെയ്യുക. (പക്ഷേ,) സത്യനിഷേധികളുടെ കുതന്ത്രം വഴികേടിൽ മാത്രമെ കലാശിക്കൂ.

18). അല്ലാഹു തന്റെ പ്രവാചകനായ മുഹമ്മദ് നബി(സ്വ)യോട് പറയുന്നു: (ആസന്നമായ ആ സംഭവത്തിന്റെ ദിവസത്തെപ്പറ്റി നീ അവർക്ക് മുന്നറിയിപ്പ് നൽകുക) അടുത്തതും ആസന്നമായതുമായ ഉയിർത്തെഴുന്നേൽപുനാൾ. അതിന്റെ ഭയാനകതകളിലേക്കും അസ്വസ്ഥതകളിലേക്കും പ്രകമ്പനങ്ങളിലേക്കും എത്താറായി. (അതായത് ഹൃദയങ്ങൾ തൊണ്ടക്കുഴികളുടെ അടുത്തെത്തുന്ന) ഹൃദയങ്ങളുയർന്നുവരും. ഭയവും വിഷമവുംകൊണ്ട് അവ തൊണ്ടക്കുഴിയിലേക്ക് എത്തും. കണ്ണുകൾ തുറിച്ചതായിരിക്കും. (ശ്വാസമടക്കിപ്പിടിച്ചുവരായിരിക്കുന്ന സന്ദർഭം)

لَّا يَتَكَلَّمُونَ إِلَّا مَنْ أَذِنَ لَهُ ٱلرَّحْمَـٰنُ وَقَالَ صَوَابًا ﴿٣٨﴾

"പരമകാരുണികനായ അല്ലാഹു അനുവാദം നൽകിയിട്ടുള്ളവനും സത്യം പറഞ്ഞിട്ടുള്ളവനുമല്ലാതെ അന്ന് സംസാരിക്കുകയില്ല" (78:38).

(അക്രമകാരികൾക്ക് ഉറ്റബന്ധുവില്ല) ബന്ധുവോ കൂട്ടുകാരനോ. (സ്വീകാര്യനായ ശുപാർശകനോ ഇല്ല) ശിർക്കിലൂടെ സ്വന്തത്തോട് അക്രമം ചെയ്തവന്റെ കാര്യത്തിൽ ഒരു ശുപാർശക്കാരും ശുപാർശ ചെയ്യുകയില്ല. ഇനി അവർക്ക് ശുപാർശ ചെയ്യാൻ സാധിച്ചാലും അല്ലാഹു അവരുടെ ശുപാർശ തൃപ്തിപ്പെടുകയില്ല. അത് സ്വീകരിക്കുകയും ഇല്ല.

19). (കണ്ണുകളുടെ കള്ളനോട്ടം അവനറിയുന്നു) തന്റെ അടുത്തുള്ളവനിൽനിന്നോ കൂട്ടുകാരനിൽ നിന്നോ ഒരാൾ മറച്ചുവെക്കുന്ന നോട്ടം. അതാണ് കട്ടുനോട്ടം. (ഹൃദയങ്ങൾ മറച്ചുവയ്ക്കുന്നതും) ഒരാൾ മറ്റൊരാൾക്ക് വ്യക്തമാക്കിക്കൊടുക്കാത്തത്. ആ രഹസ്യവും അല്ലാഹു അറിയുന്നു. പ്രകടമായ മറ്റു കാര്യങ്ങൾ അറിയും എന്നത് വ്യക്തമാണല്ലോ.

20). (അല്ലാഹു സത്യപ്രകാരം തീർപ്പ് കൽപിക്കുന്നു) കാരണം, അവന്റെ വാക്കുകൾ സത്യമാണ്. അവന്റെ മതവിധികളും സത്യമാണ്. പ്രതിഫല സംബന്ധമായ അവന്റെ നിയമങ്ങളും സത്യമാണ്. എല്ലാ കാര്യങ്ങളെയും അവൻ സൂക്ഷ്മമായി അറിയുകയും രേഖപ്പെടുത്തുകയും സൂക്ഷിക്കുകയും ചെയ്യും. അനീതി, ന്യൂനത അതുപോലുള്ള മുഴുവൻ കാര്യങ്ങളിൽനിന്നും അവൻ പരിശുദ്ധനാണ്. നിയമപരമായ അവന്റെ തീരുമാനങ്ങളെ അവൻ വിധിക്കുന്നു. അവൻ ഒന്നുദ്ദേശിച്ചാൽ അതുണ്ടായിരിക്കും. അവൻ ഉദ്ദേശിക്കാത്തതൊന്നും ഉണ്ടാവുകയും ഇല്ല. വിശ്വാസികളും അവിശ്വാസികളുമായ തന്റെ ദാസന്മാർക്കിടയിൽ അവൻ വിധിക്കുന്നു. തന്റെ മിത്രങ്ങൾക്കും ഇഷ്ടപ്പെട്ടവർക്കും സഹായമായി നൽകുന്ന വിജയത്തിലൂടെ അവർക്കിടയിൽ തീർപ്പ് കൽപിക്കുകയും ചെയ്യുന്നു.

(അവന് പുറമെ അവർ വിളിച്ചുപ്രാർഥിക്കുന്നവരാകട്ടെ) അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവർക്കെല്ലാം ഇത് ബാധകമാണ്. (അവർ യാതൊന്നിലും തീർപ്പ് കൽപിക്കുകയില്ല) അവരുടെ കഴിവില്ലായ്മകൊണ്ട്; നല്ലത് ഉദ്ദേശിക്കാനോ പ്രവർത്തിക്കാനോ കഴിയാത്തതിനാലും. (അല്ലാഹുതന്നെയാകുന്നു എല്ലാം കേൾക്കുന്നവനും കണ്ടറിയുന്നവനും) എല്ലാ ശബ്ദങ്ങളും; ഭാഷാവ്യത്യാസമോ ആവശ്യ വൈവിധ്യങ്ങളോ പ്രശ്നമാവാതെ. (കണ്ടറിയുന്നവൻ) ഉള്ളതും ഉണ്ടാകാൻ പോകുന്നതും. കാണുന്നതും കാണാത്തതും, മനുഷ്യർ അറിയുന്നതും അറിയാത്തതും.

ഈ രണ്ട് വചനങ്ങളിലെയും ആദ്യത്തിൽ അല്ലാഹു പറഞ്ഞു: (ആസന്നമായ ആ സംഭവത്തി

ന്റെ ദിവസത്തെപ്പറ്റി) ആ മഹത്തായ ദിവസത്തിനു വേണ്ടി സജ്ജമാകാൻ ആവശ്യപ്പെടുന്ന ഒരു വിശേഷണമാണ് അതിന് നൽകിയത്. കാരണം, അതിൽ ഭയപ്പെടുത്തലും പ്രതീക്ഷ നൽകലുമുണ്ട്.

21). അല്ലാഹു പറയുന്നു: (അവർ ഭൂമിയിലൂടെ സഞ്ചരിച്ചിട്ടില്ലേ?) അവരുടെ ഹൃദയംകൊ ണ്ടും ശരീരംകൊണ്ടും, നിരീക്ഷണത്തിനും ഗുണപാഠങ്ങൾക്കും വേണ്ടിയുള്ള സഞ്ചാരം. അവശിഷ്ടങ്ങളെക്കുറിച്ച് ചിന്തിക്കാനും. (അപ്പോൾ ഇവർക്ക് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് ഇവർക്ക് നോക്കാമല്ലോ) കളവാക്കിയവരുടെ. വളരെ മോശമായിരുന്നു അവരുടെ പര്യവസാനമെന്ന് അപ്പോൾ അവർക്ക് കാണാൻ കഴിയും. നാശവും തകർച്ചയും നിന്ദ്യതയും അപമാനവും നിറഞ്ഞ പര്യവസാനം. ശരീര വലുപ്പത്തിലും എണ്ണത്തിലും ഒരുക്കത്തിലുമെല്ലാം ഇവരെക്കാൾ ശക്തരായിരുന്നു അവർ. (ഭൂമിയിൽ സ്മാരകങ്ങൾകൊണ്ടും) കെട്ടിടങ്ങൾ, കൃഷികൾ പോലുള്ള അവശേഷിപ്പുകളും സ്മാരകങ്ങളും അവരുടെ സ്വാധീനശക്തിയെയും പ്രതിരോധത്തെയുമാണ് സൂചിപ്പിക്കുന്നത്.

(എന്നിട്ട് അല്ലാഹു അവരെ പിടികൂടി) അവർ ചെയ്ത പാപങ്ങൾക്കുള്ള ശിക്ഷയെന്നോണം. അവരതിൽ ശഠിച്ചു നിൽക്കുകയും തുടർന്നുപോവുകയും ചെയ്തപ്പോൾ.

22). (തീർച്ചയായും അവൻ ശക്തനും കഠിനമായി ശിക്ഷിക്കുന്നവനുമത്രെ) അല്ലാഹുവിന്റെ ശക്തിയിൽ അവരുടെ ശക്തി അവർക്ക് ഉപകാരപ്പെട്ടില്ല. ഏറ്റവും ശക്തിയുള്ള സമുദായമായിരുന്നിട്ടുപോലും ആദ് സമുദായം ഇത്രവരെ ചോദിച്ചിരുന്നു:

'ഞങ്ങളെക്കാൾ ശക്തർ ആരാണ്?' അവരുടെ ശക്തിയെ ദുർബലമാക്കുന്ന ഒരു കാറ്റിനെ അല്ലാഹു അവരിലേക്ക് അയച്ചു. അവരെ പൂർണമായും തകർത്ത് തരിപ്പണമാക്കുകയും ചെയ്തു.

തുടർന്ന് അല്ലാഹു പ്രവാചകന്മാരെ നിഷേധിച്ചവരുടെ അവസ്ഥ മനസ്സിലാക്കിത്തരുന്ന ഒരു ഉദാഹരണമാണ് പറയുന്നത്. അത് ഫിർഔനും അവന്റെ സൈന്യവുമാണ്. അല്ലാഹു പറയുന്നു: (തീർച്ചയായും നാം മൂസയെ അയക്കുകയുണ്ടായി) ഇതുമുതലാണ് ആ സംഭവം വിശദീകരിക്കുന്നത്.

23) (തീർച്ചയായും നാം അയച്ചു) നിഷേധികളായ ഈ വിഭാഗത്തിലേക്ക്. (മൂസായെ) ഇംറാനിന്റെ മകനായ. (നമ്മുടെ ദൃഷ്ടാന്തങ്ങളുമാ യി) മഹത്തായ, നാം നിയോഗിച്ചവന്റെ സത്യതയും ആരിരനിയോഗിക്കപ്പെട്ടവന്റെ ആദർശമായ ശിർക്കിന്റെ നിരർഥകതയും അവനെ പിൻപറ്റുന്നതിലെ അർഥശൂന്യതയും തെളിയിക്കുന്ന വ്യക്തമായ തെളിവായിരുന്നു ആ ദൃഷ്ടാന്തം. (വ്യക്തമായ പ്രമാണവും) അതായത് വ്യക്തമായ രേഖ. ഹൃദയങ്ങളെ സ്വാധീനിക്കാനും കീഴ്പ്പെടുത്താനും കഴിയുന്ന, സർപ്പമാകുന്ന വടി പോലുള്ള വ്യക്തമായ ദൃഷ്ടാന്തങ്ങൾ. അവയെക്കൊണ്ടാണ് അല്ലാഹു മൂസാ നബി(അ)ക്ക് ശക്തി നൽകിയതും അദ്ദേഹം ക്ഷണിക്കുന്ന സത്യത്തിന് സ്വാധീനമുണ്ടായതും.


24). അദ്ദേഹം നിയോഗിതരായവരിലേക്ക് (ഫിർഔനും ഹാമാനും). അവന്റെ മന്ത്രി(ഖാറൂനും). അവനും മൂസാ(അ)മിന്റെ ജനതയിൽ പെട്ടവരായിരുന്നു. അവൻ അവന്റെ ധനംകൊണ്ട് മൂസാനബിക്കു നേരെ അതിക്രമം നടത്തി. അവരെല്ലാവരും അദ്ദേഹത്തെ ശക്തമായി എതിർത്തു. (അവർ പറഞ്ഞു; വ്യാജവാദിയായ ഒരു ജാലവിദ്യക്കാരൻ എന്ന്).

25). (അങ്ങനെ നമ്മുടെ പക്കൽനിന്നുള്ള സത്യവുംകൊണ്ട് അദ്ദേഹം അവരുടെ അടുക്കൽ ചെന്നപ്പോൾ) പൂർണമായും മൂസാ നബി(അ) ക്ക് കീഴ്പ്പെടാവുന്ന പ്രകടമായ അമാനുഷിക ദൃഷ്ടാന്തങ്ങൾകൊണ്ട് അല്ലാഹു അദ്ദേഹത്തെ ശക്തിപ്പെടുത്തി. അവരതിനെ സ്വീകരിച്ചില്ല. അതിനെ തള്ളിക്കളയുകയോ അവഗണിക്കുകയോ മാത്രമല്ല അവരുടെ അസത്യമായ വാദഗതികൾകൊണ്ട് അതിനെ എതിർക്കുകയും നിഷേധിക്കുകയും ചെയ്തു.

മാത്രവുമല്ല, വളരെ മോശമായ നിലപാടുകളിലേക്ക് അവരെത്തി. (അവർ പറഞ്ഞു: ഇവനോടൊപ്പം വിശ്വസിക്കുന്നവരുടെ ആൺമക്കളെ നിങ്ങൾ കൊന്നുകളയുകയും അവരുടെ സ്ത്രീകളെ ജീവിക്കാൻ അനുവദിക്കുകയും ചെയ്യുക. സത്യനിഷേധികളുടെ കുതന്ത്രം വഴികേടിൽ മാത്രമെ കലാശിക്കൂ). അവർ ഉപയോഗിക്കുന്ന ഈ കുതന്ത്രങ്ങൾ മൂലം അവർ വാദിക്കുന്നത് അവർ ആൺമക്കളെ കൊന്നാൽ അവർ ശക്തിപ്രാപിക്കില്ലെന്നും അടിമത്തത്തി ലും അവരുടെ അധികാരത്തിന് കീഴിലും നിലനിൽക്കുമെന്നുമാണ്. (സത്യനിഷേധികളുടെ കുതന്ത്രം വഴികേടിൽ മാത്രമെ കലാശിക്കൂ) അവരുദ്ദേശിച്ചത് നേടാൻ അവർക്കാവില്ല. മറിച്ച് അവരുടെ ഉദ്ദേശ്യങ്ങൾക്ക് നേർവിപരീതം സംഭവിക്കുകയും ചെയ്യും. അല്ലാഹു അവരെ നശിപ്പിച്ചു. അവരിൽ അവസാനത്തവനെയും ഉന്മൂലനം ചെയ്തു.

**അടിസ്ഥാന തത്ത്വം**

ഖുർആനിൽ ആവർത്തിച്ചുവന്ന ഈ കാര്യം ചിന്തിക്കേണ്ടതുണ്ട്. ഇത് ഒരു നിർണിതമായ കഥ പറയുന്ന, അല്ലെങ്കിൽ ഒരു കാര്യത്തെപ്പറ്റി പറയുന്ന സന്ദർഭമാണെങ്കിലും അല്ലാഹു ഒരു പ്രത്യേക കാര്യത്തിൽ ഒരു വിധി ഇവിടെ ഉദ്ദേശിക്കുന്നു. അത് ഒരു പൊതുവായ കാര്യമാണ്. മുമ്പ് പറഞ്ഞതെല്ലാം അതിലേക്കെത്തിക്കുന്നു. അതുമൂലം തെറ്റായി മനസ്സിലാക്കാവുന്ന കാര്യത്തെ പ്രതിരോധിക്കുകയും ചെയ്യുന്നു. അതായത് (അവരുടെ കുതന്ത്രം വഴികേടിൽ മാത്രമെ കലാശിക്കൂ) എന്നല്ല പറഞ്ഞത്. മറിച്ച് (സത്യനിഷേധികളുടെ കുതന്ത്രം) എന്ന് പ്രത്യേകം എടുത്തുപറഞ്ഞു.



# അനുഗ്രഹങ്ങൾ

**നിയാല സുബൈർ**
(അറബിക് അക്കാദമി, പെരിന്തൽമണ്ണ)

അനുഗ്രഹമൊട്ടേറെയാസ്വദിച്ച്
ജീവിതം തള്ളിനീക്കുന്ന നേരം,
കവിതയൊന്നെഴുതുവാൻ തീർച്ചയാക്കി
വിഷയം 'അനുഗ്രഹം' തന്നെയാവാം.
എവിടെ തുടങ്ങണം എന്നു ശങ്ക,
ഒടുവിൽ കുറിച്ചു ഞാൻ 'പേന'യെന്ന്.
മഷിയില്ലയെങ്കിൽ പേനയെന്ത്?
അതുകൊണ്ട് 'മഷി'യെന്നെഴുതി പിന്നെ.
നിറമില്ലയെങ്കിൽ മഷിയതുണ്ടോ,
'നിറ'മെന്നെഴുതി അതിനു താഴെ.
പേന പിടിക്കുവാൻ വേണമല്ലോ
കൈയും അതിലെ വിരലുകളും.
എഴുതണമെങ്കിലോ ഭാഷ വേണം
ഭാഷയ്ക്ക് അക്ഷരമാല വേണം
അക്ഷരവിദ്യ പഠിച്ചിടേണം
പഠിക്കണമെങ്കിലോ ബുദ്ധിവേണം
പരിശ്രമമതിനായി ഏറെ വേണം.
ഇവ്വിധം ചിന്തയിലാണ്ടിരിക്കെ
ജാലകവാതിലിലൂടെ മെല്ലെ
തെന്നലൊന്നെത്തി തഴുകിപ്പോയി
ജാലകക്കാഴ്ചയിൽ കണ്ണുടക്കി
പ്രകൃതിതൻ സൗന്ദര്യം കാൺകയായി.
ഇങ്ങനെ ഭൂമിയിൽ മർത്യർക്കായി
എണ്ണിയാൽ തീരാത്തനുഗ്രഹങ്ങൾ
ഏകിയതേകനാം നാഥനല്ലോ
ഒന്നുമേ താനെ ഭവിച്ചതല്ല.
ഒക്കെയും റബ്ബിന്റെ സൃഷ്ടിയല്ലോ
സർവ സ്തുതിയും അവന്നു മാത്രം.






GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
15 JULY 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-



To the right goal...
Through the right path...

27th
PROFCON
PROFESSIONAL STUDENTS GLOBAL CONFERENCE

2023 SEPTEMBER
8 9 10
@ KOZHIKODE

WISDOM students | www.profcon.in | wisdomstudents